

:: നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു ::

— ചലച്ചിത്രചരിത്രത്തിൽ ഇന്നോളമില്ലാത്ത പുതുമയേറിയ അദ്ധ്യായം —

ഉണ്ണുന്നവനും ഉഴയ്ക്കുന്നവനും വിയർക്കുന്നു—പക്ഷെ
ആ വിയപ്പിന്റെ വില, അതിലാണന്തരം—
കവിയുടെ ഭാവനയിൽക്കൂടി പതുങ്ങിനിൽക്കാതെ കാലത്തിന്റെ
ചെയ്തികളിൽക്കൂടി അതു മുഴച്ചു കയറുന്നു—

★ കൈലാസ് പിക്ചേഴ്സിന്റെ ★

# — "ലോകനീതി" —

(മലയാളം)

താരങ്ങൾ—

സത്യൻ
കൊട്ടാരക്കര ശ്രീധരൻനായർ
മുതുകുളം
റ്റി. എസ്. മുത്തയ്യാ
എസ്സ്. പി. പിള്ള
കാലാക്കൽ കുമാരൻ
നാണുക്കുട്ടൻ

ബി. എസ്സ്. സരോജ
കുമാരി തങ്കം
പങ്കജവല്ലി
ആറന്മുള പൊന്നമ്മ
രാജം
മുതലായവർ.

കഥ-സംഭാഷണം:
**മുതുകുളം**

സംഗീതസംവിധാനം:
**ദക്ഷിണാമൂർത്തി**

ഗാനരചന:
**അഭയദേവ്**

പിന്നണിസംഗീതം:
രേവമ്മ—ലീല—രാജൻ (സംസാരം ഫെയിം)—ഗണ്ടശാല—ഗോകുലപാലൻ.

സ്റ്റുഡിയോ
**മെരിലാൻഡ്** (തിരുവനന്തപുരം)

ഡയറക്ടർ
**ആർ. വേലപ്പൻ.**

**For Particulars:-**

# KAILAS PICTURES,

**Pappanamcode, Karamana P. O.**

**TRIVANDRUM.**

3467
I. 221
P. Divakaran Nair

പത്രാധിപർ:- ഉള്ളൂർ ആർ. കൃഷ്ണൻനായർ

# വികടകേസരി

:: ഓണം സ്പെഷ്യൽ ::

വാല്യം 3 } തിരുവനന്തപുരം. 1128 ചിങ്ങം { ലക്കം 9

കേസരിവീക്ഷണം

## അലങ്കോലമാഹാത്മ്യം

രാജ്യഭരണ കാര്യങ്ങളൊക്കെ 'അരിവപ്പുകാരനെ' ഏൽപ്പിച്ചുകൊണ്ടു് ദുഷ്യന്തൻ നായാട്ടിനു പോയതും കാട്ടിൽ വച്ചു കണ്വമഹർഷിക്കു കളഞ്ഞു കിട്ടിയ അനാഥ ബാലികയെ കണ്ടതും ദുഷ്യന്തച്ചാർ കൈകാലുകൾ തളന്നു്. ആ പെൺകൊച്ചിന്റെ മുമ്പിൽ വീണു പ്രണയം പാടി കാര്യം നേടിയതും അതൊടുവിൽ ഒരു സമരിക്കേസിൽ ചെന്നു വീണതും എതുകക്ഷി ടി അപേക്ഷ കക്ഷിയെ കണ്ടിട്ടും കേട്ടിട്ടുമില്ലെന്നു പത്രിക കൊടുത്തതും അവസാനം കാശ്യപന്റെ മദ്ധ്യസ്ഥതയിൽ കുഞ്ഞിനും തള്ളയ്ക്കും ചെലവു കൊടുക്കുകയോ വിളിച്ചോണ്ടുപോയി സംരക്ഷിക്കുകയോ വേണമെന്നു തീരുമാനമായതും അങ്ങിനെ ഭാരതം ഭരതനു തീറാധാരമെഴുതി പേരിൽ കൂട്ടി പോക്കുവരവു ചെയ്യാനുമൊക്കെ ഇടയായ കഥ നിങ്ങളൊക്കെ അറിഞ്ഞിരിക്കുന്നതാണല്ലോ. ശകുന്തളയുടെ ഉല്പത്തിയിലും ഭരതന്റെ ജനനത്തിലും സമുദായം അംഗീകരിക്കാത്ത വലിയ അലങ്കോലങ്ങളാണുള്ളതു്. കാട്ടിൽ തപസ്സിനുപോയ വിശ്വാമിത്രൻ എന്ന മൂപ്പിന്നിനു, വടക്കെവിടെയോ കഥാപ്രസംഗത്തിനു പോയിട്ടു തിരിയെവന്ന മേനകച്ചേച്ചിയെ കണ്ടപ്പോൾ താറഴിഞ്ഞു പോയതുനിമിത്തം മറ്റേ തരുണീരത്നത്തിനു മാസക്കുളിതെറ്റി.

തന്തയാരു പറയത്തക്ക ഭൂസ്വത്തോ കരം തീരുവയോ ഇല്ലാത്തതിനാലും നേരേ ഒരു മേൽവിലാസം ഇല്ലാത്തതിനാലും മേനകച്ചേച്ചി അതിനെ ഉപേക്ഷിച്ചിട്ടു കടന്നു കളഞ്ഞു. ആ സാധുഗേളിനെയാണു പിന്നിട്ടു നമ്മുടെ നായാട്ടുകാരൻ രാജാവു് തട്ടി എടുത്തതു്. ശ്രീരാമലക്ഷ്മണന്മാർ, പഞ്ചപാണ്ഡവന്മാർ, ശ്രീകൃഷ്ണൻ, ചേട്ടൻ, മണികണ്ഠൻ അമ്മാച്ചൻഇങ്ങനെ നമ്മുടെ വീരശൂര പരാക്രമികളായ പുരാണനേതാക്കന്മാരെല്ലാം നേരേ ഒരു തന്തയെ കാണിച്ചു പറയാൻ ഇല്ലാത്തവരാണു്. ക്രിസ്തുവിനെ കുറിച്ചു ചിന്തിക്കുമ്പോഴും കന്യകയായ മാതാവിന്റെ കെട്ടിയവന്റെ ഇനിഷ്യലാണോ അദ്ദേഹം സ്വീകരിച്ചു എഴുത്തുകുത്തിൽ ഉപയോഗിച്ചിരുന്നതെന്നു ഞങ്ങൾക്കു ബലമായ സംശയമുണ്ടു്. മനുഷ്യന്റെ സമുദായഘടന അത്രതന്നെ ബലവും ബന്ധവും ഇല്ലാതെ കിടന്ന പണ്ടത്തെക്കാലത്തു പലരുടേയും ഇരട്ടപ്പേരു തെറ്റിയാണു എഴുതി വന്നിരുന്നതെന്നു പറയാതെ നിവൃത്തിയില്ല. ഇതുതുറന്നു പറയുന്നതിൽ വല്ലവർക്കും ക്ഷോഭം തോന്നുന്ന പക്ഷം അതങ്ങു ചവച്ചിറക്കി നല്ലതിൽ നാഴി പച്ചവെള്ളവും കുടിച്ചു കൊണ്ടു ഞങ്ങൾക്കു എന്താണു പറയാനുള്ളതെന്നു ഒന്നു മനസ്സിരുത്തി ശ്രദ്ധിക്കണം. യഥാർത്ഥമായ പുരോഗതി നാട്ടിനു വന്നിട്ടുള്ളതു എപ്പോഴും അലങ്കോലങ്ങളിൽ കൂടിയാണു്. എല്ലാം ശുഭമായും സത്യമായും നീതിയായും സുഭിക്ഷമായും സുന്ദരമായും നടന്നുപോയ ഒരു കാലവും ഈ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടാകാനും പാടില്ല. ഉണ്ടായാൽ ലോകജീവിതം നശിച്ചു. പുരോഗതി ഇല്ലാത്ത ആ അവസ്ഥ നമ്മെ ആത്മഹത്യക്കു തന്നെ പ്രേരിപ്പിക്കും. ഏതു കാര്യത്തിനും ഒരു അലങ്കോലം ആവശ്യമാണു്. രാമരാവണയുദ്ധത്തിനു പ്രേരണനൽകിയതു് സീതാപഹരണമാണു്. സീതയെ അപഹരിച്ചതു് സീത ശ്രീരാമനെയും ലക്ഷ്മണനെയും വിട്ടു കാട്ടിൽതനിച്ചിരുന്നതുകൊണ്ടാണു്. അവർകാട്ടിൽ പോകാൻ ഇടയായതു കൈകേകിയുടെ നിർബ്ബന്ധംനിമിത്തമാണു്. കൈകേയിയെ പ്രേരിപ്പിച്ചതു കൂനി മന്ഥരയിൽനിന്നാണു്-രാവണയുദ്ധത്തിന്റെമുഴുവൻകാരണങ്ങളുംപോകുന്നതു്. ഭാരതയുദ്ധത്തിന്റെഅടിയിൽ കാണുന്നതും ഇങ്ങനെ കുറെ അലങ്കോലങ്ങളാണു്. പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും, അരക്കില്ലവും, ചൂതുകളിയും, പാഞ്ചാലി ദുര്യോധനനെ പരിഹസിച്ചു ചിരിച്ചതും മറ്റുമാണു് ഭയങ്കരമായ കുരുക്ഷേത്രസമരത്തിന്റെ മൂല കാരണങ്ങൾ. ചരിത്രകാലങ്ങളിലെ യുദ്ധ

മുഖചിത്രം

“ലോകനീതി”യിൽ കുമാരിതങ്കം

ങ്ങൾക്കുമെല്ലാം ഇങ്ങനെ കുറെ നിസ്സാരങ്ങളായ അലങ്കോലവൃത്താന്തരഹസ്യങ്ങളുണ്ട്. നമ്മുടെ രാജ്യത്തിൽ ഇന്നു പല പാർട്ടികളായി നിന്നു താളം ചവിട്ടുന്ന കുറെ രാഷ്ട്രീയ നേതാക്കളില്ലേ? അവരെപ്പറ്റി നിങ്ങളൊന്നു നല്ലതുപോലെ ചിന്തിക്കുക. ഒരു കാലത്ത് അവർ ആരായിരുന്നു. അതിനുശേഷം അവർ ആരായിത്തീരുന്നു. തനി രാജഭക്തൻ കൊടിയ കമ്മ്യൂണിസ്റ്റാകുന്നു. തനിക്ഷേത്രാരാധനക്കാരൻ തികഞ്ഞ നിരീശ്വരവാദിയായി മാറുന്നു. ഒന്നാം തരം ജന്മികൾ ഒന്നുമില്ലാത്ത തൊഴിലാളികളുടെ നേതാവായി അഭിനയിക്കുന്നു. കാഷായത്തിന്റെയും ജടക്കെട്ടിന്റെയും ഇടയിൽ നിന്നും കാമലേഖനകുറിപ്പുകൾ ചൊരിയുന്നതുപോലും കാണാൻ നമ്മുടെ നാട്ടിൽ പ്രയാസമില്ല. സർവ്വത്ര അലങ്കോലം. ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? കുറെക്കാലത്തിനിപ്പുറം പുതുതായി ഇറങ്ങുന്ന എല്ലാപത്രങ്ങളും ഇടതുപക്ഷപത്രങ്ങളാണെന്നാണു അടിച്ചു വിടുന്നത്. അദ്ധ്വാനിക്കുന്ന തൊഴിലാളി--കർഷകൻ---പാവപ്പെട്ടവൻ ഇങ്ങനെയുള്ള ബഹുഭൂരിപക്ഷത്തിനു വേണ്ടിയാണെന്നു പറയുന്നപത്രങ്ങളേ കാണാനുള്ളൂ. തികഞ്ഞ പിന്തിരിപ്പന്മാരായ മുതലാളിമാർ നടത്തുന്ന പത്രത്തിന്റെയും മുദ്രാവാക്യം മേൽ പറഞ്ഞതാണ്. കാൺഗ്രസ്സിന്റെ ചില എക്സ്: മന്ത്രിമാർ ഇവിടെ പത്രംനടത്തുന്നതു കണ്ടിട്ടുണ്ട്. അവരും പത്രത്തിന്റെ തലയ്ക്കു ഇടതുപക്ഷപത്രിക എന്നേ എഴുതൂ; ദ്രോഹികൾ!!

എന്തിനു പറയുന്നു. സകല സ്ഥലത്തും നമുക്ക് ഇന്നു അലങ്കോലമല്ലാതെ മറ്റൊന്നും കാണാൻ സാദ്ധ്യമല്ല. തൊഴിലാളിയും വിദ്യാർത്ഥിയും, കർഷകനും നേതാവും പത്രാധിപരുമൊക്കെ ഇരവു പകൽ കൊടിപറത്തി ശ്രമിച്ചിട്ടും ഈ രാജ്യത്തിൽ ജനങ്ങൾക്കു ക്ഷേമം ഉണ്ടാകുന്നില്ല. നേതാവിന്റെയും പത്രാധിപരുടെയും വീട്ടിൽ ക്ഷേമമാണ്. അവർ രാജ്യത്തിൽ ഇറക്കിവിടുന്ന അലങ്കോലങ്ങളിൽനിന്നും അവർക്കു ലാഭമുണ്ട്. അവർക്കു ലാഭമുണ്ടെന്നു അവരെ അറിയുന്ന അടുത്ത കുട്ടിത്തരം നേതാവിനറിയാം. അതിനാൽ ആ ലാഭക്കച്ചവടത്തിൽ അവൻ മുന്നേറുവാൻ ശ്രമിക്കുന്നു. പാർട്ടി പുതുതായി സൃഷ്ടിച്ചുകൊണ്ടു അവൻ രാജ്യത്തിൽ അലങ്കോലം അഴിച്ചുവിടുന്നു. രാജ്യത്തിൽ സർവ്വത്രഒരു ബഹളം വേണം. സമാധാനജീവിതം തകരാറിലാക്കി ഭരണം അസാദ്ധ്യമാക്കി എപ്പോഴും വിപ്ലവത്തിന്റെ വിത്തും കൊയ്ത്തുമായി കഴിഞ്ഞുകൂടുന്നതാണ് ഇന്നത്തെ രാഷ്ട്രീയം. സർക്കാരിൽ നിന്നു എന്തു നടത്തുന്നോ അതിനെ ഇടതുപക്ഷ നേതാവും പത്രവും എതിർക്കണം.



യമൻ:—എന്തു്-കൊലപ്പുള്ളിയോ?
ശരി- അവൻ മലയാളനടനായി ജനിക്കട്ടെ!


ഇ. പെരുമാൾപിള്ള & സൺസ്

ഹാർഡ് വെയർ മർച്ചന്റ്

ചാല, തിരുവനന്തപുരം.

പെയിന്റ്, അലൂമിനിയം, വാർണിഷ്, മററു ഗൃഹോപകരണങ്ങൾക്കുള്ള സാധനങ്ങളും മിതമായവിലയ്ക്കു നിങ്ങൾക്ക ഇവിടെനിന്നും കിട്ടുന്നതാണ്.

തിരുവനന്തപുരം ശ്രീകുമാർ തിയേററിനു സമീപം സ്ഥാപിച്ചിരിക്കുന്ന
ശ്രീകൃഷ്ണവിലാസം നായർഹോട്ടൽ & ററിഷാപ്പ് സന്ദർശിക്കുവിൻ!

സർക്കാരിൽ നിന്നു ക്ഷേത്രങ്ങൾക്കു പണം ചെലവഴിച്ചാൽ അതു തികഞ്ഞ ഭ്രാന്താണെന്നും, ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ കല്ലിൽ ദൈവത്തെ ഉണ്ടാക്കി ഊട്ടുന്നതു ദോഷത്തരമാണെന്നും ഇടതു പക്ഷക്കാരൻ പറയും. എന്നാൽ ആ കല്ലൻ ദൈവത്തെ പ്രതിഷ്ഠിച്ച ക്ഷേത്രം ആരെങ്കിലും തീ കൊളുത്തിയാൽ ആ കുററം ചെയ്തവനെ ഉടനെ പിടിച്ചു ശിക്ഷിക്കാത്തതിനും ഇടതുപക്ഷക്കാരൻ തന്നെ തുള്ളൽ തുടങ്ങും. കൺട്രോൾ ഏർപ്പെടുത്തിയതിനു ഗവണ്മെൻറിനെ കുററം പറഞ്ഞ കൂട്ടർ തന്നെ കൺട്രോൾ നീക്കിയതിനും കുററം പറയുന്നു. പാഠപുസ്തകങ്ങൾ ഗവണ്മെൻറ് ഏറെറടുത്തു അടിപ്പിച്ചു വിൽക്കണമെന്നു വാദിച്ചവരുടെ വാദം അനുസരിച്ചു അതു ചെയ്തപ്പോൾ അതിനും നമ്മുടെ മുണ്ടശ്ശേരിക്കു വഴക്കാണ്.

എന്തിനു പറയുന്നു. ഇവിടെ ഒന്നും നേരെ പോകാൻ നമ്മുടെ നേതാക്കന്മാരാണു സമ്മതിക്കാത്തതു്. എല്ലാം നേരെ നടക്കുന്നതു എപ്പോഴും നേതാവിനു നഷ്ടമാണ്. നേരെ നടന്നാൽ വഴക്കില്ലല്ലോ. വഴക്കില്ലാതായാൽ പിന്നെ ലാക്കപ്പിലും ജയിലിലും പോകാൻ സാധ്യമാണോ? ജയിലിൽ പോകാത്ത നേതാവിനു യാതന ഏതാണ്. യാതന ഇല്ലാത്തപക്ഷം തിരഞ്ഞെടുപ്പിൽ ജയിക്കാനാകുമോ? നഷ്ടമല്ല. ഇതൊക്കെ ബുദ്ധിമാനായ നേതാവു മനസ്സിലാക്കിയിട്ടു സദാ സർക്കാരിനെ പഴിക്കാനും മൈതാനങ്ങളിൽ പ്രസംഗിച്ചു ജനങ്ങളെ തലതിരിച്ചുവിടാനും നോക്കുന്നു. പോലീസും പട്ടാളവും നിലവിലുള്ള സർക്കാരിനെ നിലനിറുത്താനും രാജ്യത്തിൽ സമാധാനം പാലിക്കാനുമാണ്. ഈ രണ്ടു കാര്യത്തിനും എതിരായി നിൽക്കുന്ന നേതാക്കന്മാരെ ചിലപ്പോൾ തല്ലേണ്ടിവരും. ഭരണം ഇന്നത്തെ ഇടതുപക്ഷക്കാർ ഏറെറടുത്താലും കുറെ പേരുടെ മുതുകിൽ മുളവടി കൊണ്ടു ചന്ദ്രഗ്രഹണം ആഘോഷിക്കാതെ തരമില്ല.

എന്നാൽ പോലീസുകാരൻ തല്ലിയാൽ അതിനുടൻ പ്രതിഷേധമാണ്. അധ്യാപകൻ വിദ്യാർത്ഥിയുടെ ശിക്ഷണരാഹിത്യത്തിനു ശിക്ഷിക്കുന്നു. പരീക്ഷയ്ക്കു ശരിയായി ഉത്തരമെഴുതാത്തതിനു പ്രമോഷൻ തടയുന്നു. പെൺകുട്ടികളെ ആക്ഷേപിച്ചതിനു ക്ലാസ്സിനു പുറത്താക്കുന്നു. ഈ കാര്യങ്ങളിൽ ഓരോന്നിനും വിദ്യാർത്ഥികൾ സംഘം ചേർന്നു പ്രതിഷേധിക്കും. അധ്യാപകനെ ആക്ഷേപിക്കും തല്ലിക്കൊല്ലും. റോഡിൽ പ്രകടനം നടത്തും; യാത്രക്കാരുമായി വരുന്ന



"ലോകനീതി"യിൽ പങ്കജവല്ലി, നാണുക്കുട്ടൻ, കാലാക്കൽ കുമാരൻ

STERLING JEWELLERY EMPORIUM

PUTHENCHANTHAI — TRIVANDRUM.

നവീനമാതൃകയിലുള്ള സ്വർണ്ണം, വെള്ളി ഇവകൊണ്ടുള്ള ആഭരണങ്ങൾ

ഉത്തരവാദിത്വത്തോടും ആർഡറുകൾ അനുസരിച്ച് കൃത്യസമയത്തു്

ചെയ്തുകൊടുക്കുന്നതാണ്.

വികടകേസരി ഒററപ്രതി കുന്നംകുളം H. & C. സ്റ്റോറിൽ കിട്ടുന്നതാണ്.

ബസ്സിൽ കല്ലേറിയും. ഇതൊക്കെ കഴിഞ്ഞു ചെല്ലുന്ന അക്രമികളായ വിദ്യാർത്ഥികളെ അസംബ്ളി കഴിഞ്ഞുവരുന്ന പ്രതിപക്ഷനേതാവു് ചെറുത്തു മൈതാനത്തിൽ കൊണ്ടു ചെന്നു അദ്ധ്യാപകനെ അങ്ങേഅററം ആക്ഷേപിച്ചു പ്രസംഗിക്കും. മുമ്പേ പറഞ്ഞ ഇടതുപക്ഷപത്രങ്ങൾ ഇവിടെ വിദ്യാർത്ഥികളുടെ ഭാഗം പിടിച്ചു വാദിക്കുന്നു. ഒടുവിലാണു പത്രാധിപർ അറിയുന്നതു് വിദ്യാർത്ഥി ഉടുതുണി വലിച്ചിഴച്ചു മൂത്രപ്പുരയിലേക്കു കൊണ്ടുപോയ വിദ്യാർത്ഥിനി പത്രാധിപരുടെമകളായിരുന്നെന്നു്. എന്നാലെന്തു്? പത്രം കൂടുതൽ ചെലവായാൽ മകൾക്കു നല്ല ഉടുതുണി നാലെണ്ണം വാങ്ങരുതോ. ഈ അലങ്കോലങ്ങളെല്ലാം ഒടുവിൽ അതു ഏററു നടത്തുന്നവക്കു ഭൗതികമായ സമ്പത്തും മേന്മയും പ്രൗഢിയും നേടികൊടുക്കുന്നു. അവരോടു നമ്മുടെ മഹാശയനായ മള്ളർ പറയുന്നതു "മാനം വിററും പണം നേടികൊണ്ടാൽ മാനക്കേടപ്പണം തീർത്തുകൊള്ളും" എന്നാണു്. പണം നേടാൻ വേണ്ടി നമ്മുടെ ആളുകൾ ഇന്നു മാനം മാത്രമല്ല സകല സന്മാർഗ്ഗമര്യാദകളും ആദർശങ്ങളും ബലികഴിക്കുന്നു. നാൾതോറും നാട്ടിൽ അലങ്കോലവും അഴിമതിയും വദ്ധിച്ചു വരുന്നു. അതങ്ങനെ വദ്ധിച്ചു വരുന്നതിൽ ആത്മാർത്ഥമായ ഖേദമുള്ളവർ ആരുമില്ല. വളന്നു വരേണ്ട പിഞ്ചുപൈതങ്ങൾ വഴിപിഴക്കുന്നതിൽ ആരും ഖേദിക്കുന്നില്ല. ആകപ്പാടെ അലങ്കോലങ്ങൾ കൊണ്ടുമലിനമായ ജീവിതം തന്നെ മഹത്തും മാഹാത്മ്യമുള്ളതുമായി ആളുകൾ മനസ്സിലാക്കിയിരിക്കുന്നതായി തോന്നുന്നു. പുരോഗമനത്തിന്റെ പോക്കിനു ഈ കുഴപ്പങ്ങളും അലങ്കോലങ്ങളും ഒരളവിൽ ആവശ്യമാണെങ്കിലും അതുമാത്രമുള്ള ഒരു സമുദായത്തിന്റെ അവസ്ഥയെക്കുറിച്ചു ചിന്തിക്കാൻ തന്നെ ഭയം തോന്നുന്നു. ധമ്മാധമ്മവിവേചനത്തിനുള്ള കഴിവും താല്പര്യവും തന്നെയും നമ്മുടെ ഇടയിൽ അസ്തമിച്ചുപോയിരിക്കുന്നു. ജനങ്ങളുടെ ഇടയിൽ വ്യക്തമായ ഒരു സന്മാർഗ്ഗബോധമില്ല. ആദർശങ്ങളുടെ നിലവാരം തകന്നു തരിപ്പണമായിരിക്കുന്നു. ഈ പോക്കു മനുഷ്യരാശിയെ മൗലികമായി നശിപ്പിക്കുകയാണു്.

ശകുന്തളയും ഭരതനും രാമലക്ഷ്മണന്മാരും, പാണ്ഡവന്മാരും ശ്രീകൃഷ്ണനും ക്രിസ്തുവും ഏതു കഴിഞ്ഞ പരിതസ്ഥിതിയിൽ ജനിച്ചു ജീവിച്ചാലും ശരി അവർ പ്രതിനിധീകരിക്കുന്ന കുറെ മഹത്തായ ആദർശങ്ങളുണ്ടു്. അവർ പ്രഖ്യാപിച്ച ജീവിതസിദ്ധാന്തങ്ങളും ഭാവിതലമുറകളുടെ ജീവിതപുരോഗതിയിൽ മാർഗ്ഗദർശനം ചെയ്ത മഹാസ്തംഭങ്ങളാണു്. നമ്മുടെ ഇന്നത്തെ നേതാക്കന്മാരുടെ മഹാപ്രസ്ഥാനങ്ങളിൽ മനുഷ്യരാശിയെ ആന്തരമായ അഭ്യുന്നതിയിലേയ്ക്കുനയിക്കുന്ന എന്താദർശമഹത്വമാണുള്ളതു്? കേവലം സ്വാത്ഥമാത്രങ്ങളായ രഹസ്യലക്ഷ്യങ്ങളല്ലെ ഓരോ നേതാവും വച്ചു പുലത്തുന്നതു്. ജനങ്ങൾ തമ്മിലും, ഭരണകൂടവും ജനങ്ങളുമായുംസംഘട്ടനത്തിനുള്ള സാഹചര്യങ്ങൾ, പ്രസ്ഥാനപ്പെരുപ്പവും നേതാക്കളുടെ ബാഹുല്യവും പത്രങ്ങളുടെ ധാരാളതയും കൊണ്ടാണു് വദ്ധിച്ചുവരുന്നതു്. അധികാരം തെണ്ടികളും ആഡംബരകുതുകികളും സ്വാത്ഥമതികളുമായ നേതാക്കന്മാരുടെ കൂട്ടകുഴപ്പത്തിൽ മുങ്ങികിടക്കുന്ന ജനതയെ ഉദ്ധരിക്കുവാൻ ഒരു രക്ഷകൻ ഇനിയും അവതരിക്കേണ്ടി ഇരിക്കുന്നു. ആ കല്ക്കി ആരോ?

—*—

ആലപ്പുഴ ശ്രീ. ജോസ് ജെ. ചാലങ്ങാടിയുടെ "നാടിന്റെ കഥകൾ" അഭിപ്രായത്തിനു അയച്ചുതന്നതു നന്ദിപൂവ്വം കൈപ്പററി. അഭിപ്രായം അടുത്തലക്കത്തിൽ.

—*—



# മുത്തുകുളം പറയുന്നു:

"പൊയ്യല്ലേ തീയിൽ നിൽക്കാം, കരിവരഗമനേ കാളക്കൂടം ഭുജിയ്ക്കാം
അയ്യാണ്ടൂണംത്യജിയ്ക്കാം, അമൃതകിരണനേ കയ്യിലാക്കിപ്പൊടിയ്ക്കാം
ചെയ്യാം ഞാൻ രാജസൂയം, അമൃതമരപുരേ ചെന്നു കൊണ്ടിങ്ങുപോരാം"
വയ്യായേ! മാസികക്കാരുടെയിടയിൽ നടന്നാക്ക ജീവിച്ചുപോകാൻ



"ലോകനീതി"യിൽ സത്യൻ, മുത്തുകുളം, നാണക്കുട്ടൻ.

രാജാ മീൽക്ക് ഷോപ്പക്ക് ഷോപ്
ആശ്രാമം—തിരുവനന്തപുരം.
ഒന്നാംതരം പത്രവിൽ വെണ്ണയും, നെയ്യും
ഇവിടെ കിട്ടുന്നതാണ്.

Estd: 1951

## A. ഗോപിനാഥൻ

സ്വർണ്ണവ്യാപാരം, S. പറവൂർ

പരിപൂർണ്ണ ഉത്തരവാദിത്വമുള്ളതും
ഏററവും നവീനരീതിയിലുള്ളതുമായ
സ്വർണ്ണാഭരണങ്ങളും വെള്ളിപ്പാത്രങ്ങളും
മിതമായ വിലയ്ക്ക് എപ്പോഴും
കിട്ടുന്നതാണ്.

N. B. ആർഡർ അനുസരിച്ച് മോതിരം, പെൻഡൻറ് മുതലായവ അവരവരുടെ ഫോട്ടോ വച്ച് ചെയ്തു കൊടുക്കപ്പെടും.



## ശ്രീകൃഷ്ണവിലാസം ആയുർവേദിക്ക് ഫാർമസി

H. O. കൊല്ലം, ബ്രാഞ്ചു്: പുത്തൻചന്ത, തിരുവനന്തപുരം.

ഇവിടെ രോഗികളെ സൗജന്യമായി പരിശോധിച്ചു് ഔഷധം കൊടുക്കുന്നതാണു്.

മാനേജിംഗ് പ്രൊപ്രൈറ്റർ, എം. പി. കൃഷ്ണൻവൈദ്യൻ.

ഒന്നാംതരം ഫോട്ടോകൾക്ക്

## ശാന്താ സ്റ്റുഡിയോ സന്ദർശിക്കുക

ബസ്സ്സ്റ്റാൻഡ്—ആറ്റിങ്ങൽ.

## The Ramakrishna Electric Works

CHINNAKKADA :: QUILON

Specialists in Winding & Repairs of A. C and D. C. Generators Motor converters, Transformers and Dynamos Etc, Etc.

## S. P. ഹോട്ടൽ ആൻറ് ടീഷാപ്പ്

കച്ചേരിജംഗ്ഷൻ — നെടുമങ്ങാട്.

നെടുമങ്ങാട്ടു വരുന്നവർ കച്ചേരിയുടെ മെയിൻഗേറ്റിനു തെക്കുവശമുള്ള ബോർഡ് സൂക്ഷിക്കുക—സുഖകരമായ ഭക്ഷണം. രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ എപ്പോഴും തയ്യാർ. ഒരിക്കൽ പരീക്ഷിക്കുക. മാനേജർ.




ചിത്രശാല

# ആത്മസഖി

"ബാലൻ" മുതൽ "പ്രേമലേഖ" വരെ മലയാളചിത്രങ്ങൾ കണ്ടു സഹിക്കുവാനുള്ള സഹനശക്തിയുണ്ടായവരാണ് നമ്മൾ എന്നു പറയുമ്പോൾ നിങ്ങൾ ചോദിക്കുമായിരിക്കും 'ആത്മസഖി' ആ ജാതിയിൽപ്പെട്ടതല്ലേ എന്ന്. എന്നാൽ അതിൽനിന്നുമൊക്കെ അല്പം മിനുസപ്പെടുത്തി എടുത്തതാണ് 'ആത്മസഖി' എന്നു എനിക്കു പറയുവാൻ കഴിയും. കഥയെപ്പറ്റി അധികമൊന്നും പറഞ്ഞു പത്രസ്ഥലം മിനക്കെടുത്തുന്നില്ല. ഈ കഥയിൽ രണ്ടു വെടിവയ്പുണ്ടെങ്കിലും പോലീസിനു പുള്ളികളെ പിടിക്കുവാൻകഴിഞ്ഞില്ലെന്നുള്ളതു നല്ലതുതന്നെ. നമ്മുടെ പോലീസ് അത്രയ്ക്കു മണ്ടന്മാരാണെന്നുള്ളതിന്റെ സാക്ഷിപത്രമാണ് ഇതിലെ വെടിവയ്പ്-ജയിലിൽനിന്നും ഇറക്കിവിടുന്ന മറുതാപാച്ചൻ ജയിലിൽനിന്നും പോകാൻ വിസമ്മതിച്ചെങ്കിലും പാച്ചന്റെ ചട്ടി മാറ്റേണ്ടെന്നും ഉടനെതന്നെ പാച്ചൻ ജയിലിൽ ഹാജരാകുമെന്നും പറഞ്ഞു ജയിലിൽനിന്നും പോകുന്ന പാച്ചനെ മറ്റൊരുകേസ്സിൽ പോലീസിനു പിടികിട്ടിയിട്ടും ജയിലിൽകൊണ്ടുപോകാത്തതിന്റെ കാരണം അജ്ഞാതമാണ്. ഏതായാലും കഥയെപ്പറ്റി അധികമൊന്നും പറഞ്ഞു വഷളാക്കുന്നില്ല. എനിക്കു നിങ്ങളോടു ഒരുകാര്യം തുറന്നു പറയുവാനുണ്ട്. ഈ ചിത്രത്തിലേക്കു നടീനടന്മാരെ തിരഞ്ഞെടുത്തപ്രൊഡ്യൂസറും ഡയറക്ടറും അഭിനന്ദനാർഹരാണ്. ആത്മസഖിയിൽ അഭിനയിച്ചിട്ടുള്ള നടീനടന്മാരിൽ എം. എൻ. നമ്പ്യാർ ഒഴികെ മറ്റുള്ളവർ എല്ലാം സ്തുത്യർഹമാംവണ്ണം അവരവരുടെഭാഗങ്ങൾ അഭിനയിച്ചു ഫലിപ്പിച്ചിട്ടുണ്ടെന്നു പറയുന്നതു ഒരു സത്യമാണ്.



"ലോകനീതി'യിൽ കൊട്ടാരക്കര ശ്രീധരൻനായരും കുമാരിതങ്കവും

ഛായാഗ്രഹണവും, ശബ്ദലേഖനവുംമെച്ചമായിട്ടുണ്ട്. പാട്ടുകൾ കേൾക്കുവാൻ കൊള്ളാവുന്നതാണ്. സംവിധായകൻ വിജയിച്ചില്ലെങ്കിലും പരാജയപ്പെട്ടിട്ടില്ല. ഒരു സംഗതി പരമാർത്ഥം—ഈ ചിത്രം അമ്മപെങ്ങന്മാരുൾപ്പെടെ ഇരുന്നു കാണുവാൻ യോഗ്യതയുണ്ട്. ഹാസ്യത്തിന്റെപേരിൽ ആഭാസത്തരങ്ങൾ കുത്തിതിരുകിയിട്ടില്ല.

ഉദാരമതിയായ ശ്രീ. പി. സുബ്രഹ്മണ്യത്തിന്റെ കരങ്ങളിൽക്കൂടി മെരിലാൻഡ്വഴി ഇനിയും നല്ല നല്ല ചിത്രങ്ങൾ കൈരളിക്കു സമർപ്പിക്കുമെന്നു നമുക്കു വിശ്വസിക്കാം. "ഉദയാ" യുടെ സഹോദരിയായ "മെരിലാൻഡ്" ഒരു "ജമനി" യായി മാറുമെന്നും അതിനുവേണ്ടി "ആത്മസഖി" യുടെ നിർമ്മാതാവായ ശ്രീ. പി. സുബ്രഹ്മണ്യം ശ്രമിക്കുമെന്നുമുള്ള എന്റെ പ്രതീക്ഷ അസ്ഥാനത്തിലാകാൻ ന്യായമില്ല.

R. K. N.

—o—

:: ഇതു വായിക്കരുതേ ::

സ്വർണ്ണം, വെള്ളി, ഇവകൊണ്ടു നിർമ്മിക്കുന്ന സകല ഇനം ആഭരണങ്ങൾ ആർഡറുകൾ അനുസരിച്ചും കൃത്യനിഷ്ഠയോടു കൂടി ഇവിടെ നിന്നും നിങ്ങൾക്കുകിട്ടുന്നതാണ്.

S. പരവൂർ. പ്രൊ:- എൽ. രാമസ്വാമിആശാരി.

## മലയാള ചലച്ചിത്രലോകത്തിലെ ഒരു മഹാസംഭവം—

കേരളീയരാകമാനം അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്ന ആ "ആത്മസഖി"
**17–8–52** മുതൽ കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ പതിനായിരക്കണക്കിനു
കാണികളെ ആകർഷിച്ചുകൊണ്ടു വിജയകരമായി മുന്നേറുന്നു.

— നീലാ പ്രൊഡക്ഷൻസ് —

# ആത്മസഖി

(മലയാളം)



താരങ്ങൾ:—സത്യൻ, വീരൻ, എം. എൻ. നമ്പ്യാർ, മുതുകുളം, മുത്തയ്യാ, കെ. പി. കൊട്ടാരക്കര, നാണുക്കുട്ടൻ, ബി. എസ്. സരോജ, കുമാരി, കുമാരിതങ്കം, പങ്കജവല്ലി, അമ്പലപ്പുഴ മീനാക്ഷി, മുതലായ പ്രശസ്തതാരങ്ങൾ നടിച്ചിട്ടുള്ളതു.

കഥയും സംഭാഷണവും പാട്ടും:—തിരുനയിനാർകുറിച്ചി മാധവൻനായർ.

സ്റ്റുഡിയോ:—മെരിലാൻഡ് (തിരുവനന്തപുരം)

പിന്നണിസംഗീതം:—പി. ലീല, ജിക്കി, ഘണ്ടശാല, മോത്തി

ഡയറക്ഷൻ:—ജി. ആർ. റാവു

ഡാൻസ്:—ഗോപിനാഥൻ ആൻഡ് പാർട്ടി

**Distributores For Kerala,**

Trivandrum Cine Film Distributors
Trivandrum, Ernakulam, and Kozhikode.

ഏകാങ്കനാടകം.

# ദൌർബല്യം

[മടവൂർ ഭാസ്കരൻനായർ ബി എ.]

രംഗം 1:—

[തുളസീഭവനം. സാമാന്യം പരിഷ്കൃതമായ രീതിയിൽ സജ്ജീകരണങ്ങൾ ചെയ്തിട്ടുള്ള ഒരു മുറി. കൃഷ്ണപിള്ള ഒരു നിലക്കണ്ണാടിയുടെമുമ്പിൽ ഇരിക്കുന്നു. മേശപ്പുറത്തു ചില ഡപ്പികൾ. കൃഷ്ണപിള്ള തലയുടെ ഒരു വശത്തു എഴുന്നു നിൽക്കുന്ന നരകൾ പിഴുതെടുക്കുന്നു. കഷണ്ടി കാണാതിരിക്കത്തക്കവിധത്തിൽ ചീപ്പു കൊണ്ടു തലമുടി ഒതുക്കുന്നു. നൈരാശ്യം നിഴലിക്കുന്ന മുഖഭാവം. പപ്പുനായർ പ്രവേശിക്കുന്നു. കൃഷ്ണപിള്ള പരിഭ്രമിക്കുന്നു. മേശപ്പുറത്തുള്ള സാധനങ്ങൾ ഒളിക്കാൻ ശ്രമിക്കുന്നു.]



പപ്പുനായർ:—എന്താ കൃഷ്ണപിള്ളേ ഇങ്ങനെ വീട്ടിൽ തന്നെ ഇരിക്കുന്നതു്. വെളിയിലോട്ടൊക്കെയൊന്നിറങ്ങണ്ടേ......

കൃഷ്ണ:—(പപ്പുനായരുടെ മുഖത്തു നോക്കിയിട്ടു്) എന്തിനു്? അല്ലെങ്കിൽതന്നെ അതു നിങ്ങളാണോ ചോദിക്കുന്നതു്?

പപ്പു:—ഹേയ്......ഞാൻ വേറൊന്നും ഉദ്ദേശിച്ചു പറഞ്ഞതല്ല.

കൃഷ്ണ:—എന്തോന്നാഹേ ഉദ്ദേശിക്കാൻ...

പപ്പു:—ഞാൻ കൃഷ്ണപിള്ളയെ ആക്ഷേപിക്കണമെന്നു വിചാരിച്ചു ചോദിച്ചതല്ല. വല്ലപ്പോഴുമൊക്കെ വെളിയിലോട്ടിറങ്ങി നല്ല ആളുകളുമായിട്ടൊക്കെ സംസർഗ്ഗം ചെയ്യുന്നതു നല്ലതാണു്.

കൃഷ്ണ:—എനിക്കാളുകളുമായി ഇടപെടാൻ നാണമാണെന്നാണോ നിങ്ങൾ പറയുന്നതു്.

പപ്പു:—എന്നു പറഞ്ഞില്ല. നാണിക്കുന്നതെന്തിനു്. നാമെല്ലാം മനുഷ്യരല്ലേ. ഈശ്വരൻെറ സൃഷ്ടിയിൽ ചില വ്യത്യാസങ്ങൾ സംഭവിച്ചു പോയി എന്നല്ലേയുള്ളു.

കൃഷ്ണ:—നിങ്ങൾ മനസ്സിൽ എന്തോവച്ചു സംസാരിക്കുന്നു.

പപ്പു:—ഞാനെങ്ങനെ നിങ്ങളെ വിശ്വസിപ്പിക്കണം. നിങ്ങളുടെ ഒരു ഗുണകാംക്ഷിയാണുഞാൻ. നിങ്ങൾ നന്നായി വരുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്.

കൃഷ്ണ:—എനിക്കിപ്പോഴെന്താണൊരു കുറവു്?

പപ്പു:—ഒ് ഹേയ് ഒന്നുമില്ല. അല്പം നരയും കഷണ്ടിയും വന്നുപോയെന്നു വിചാരിച്ചു് അതൊരു കുറവാണോ? അല്ല. അതു നിങ്ങളുടെ കുററമാണോ? എങ്കിലും ഒരു മനസ്താപം കാണും. ഇത്ര ചെറുപ്പത്തിലെ ഇങ്ങനെ സംഭവിച്ചു പോയെല്ലോ എന്നു്.

കൃഷ്ണ:—ഞാനധികം നരച്ചിട്ടില്ല. ഇതാ ഇവിടെ രണ്ടുമൂന്നല്ലേയുള്ളു, (തൊട്ടുകാണിക്കുന്നു.)

പപ്പു:—(സൂക്ഷിച്ചു നോക്കുന്നു.) ഓ ഇന്നു വളരെ കുറഞ്ഞിട്ടുണ്ടല്ലോ. (തൊട്ടുനോക്കുന്നു. കയ്യിൽ കരി പററുന്നു.) ഓഹോ കരി പുരട്ടിയിരിക്കുകയാണോ. (ചിരിക്കുന്നു.)

കൃഷ്ണ:—(പരുങ്ങുന്നു. സന്താപവും കോപവും കലന്ന സ്വരത്തിൽ) നിങ്ങൾ ആളുസുന്ദരൻ തന്നെ, പോകണം ഹേ!

പപ്പു:—ഹേയ് ഞാൻ സുമുഖനേ അല്ല. പക്ഷെ ഞാൻ ഒരു വിരൂപനല്ല.

കൃഷ്ണ:—ഞാൻ വിരൂപനാണോ.

പപ്പു:—വിരൂപനല്ല. എങ്കിലും ഏതാണ്ടൊരമ്പതുവയസ്സു് തോന്നിക്കും............

കൃഷ്ണ:—ഹേയ് നിങ്ങളെന്നെ ആക്ഷേപിക്കുന്നു. ഇതെൻെറ വീടാണു്. സൂക്ഷിച്ചു സംസാരിക്കണം. നിങ്ങൾ പറയുന്നതുപോലെ ഞാനത്ര വിരൂപനും മററുമല്ല. (കണ്ണാടിയിൽ നോക്കുന്നു.)

പപ്പുനായർ:—പിന്നെ, ഞാൻ പറയുന്നതുപോലെ ചെയ്യാമെങ്കിൽ നരയും കഷണ്ടിയും ഞാൻ തീർത്തു തരാം.

കൃഷ്ണ:—(ആശയോടെ നോക്കുന്നു.)

പപ്പു:—ആറുമാസം കൊണ്ടു തീരും. പക്ഷേ ക്ഷമ വേണം.

കൃഷ്ണ:—ആറുമാസമോ? വേണമെങ്കിൽ ഒരു കൊല്ലം ക്ഷമിക്കാം.

പപ്പു:—എന്നാൽ ഞാനേററു. അക്കാര്യത്തിൽ വിഷമിക്കേണ്ട.

കൃഷ്ണ:—പറയണം, ഞാനെന്തു വേണമെന്നു്.

പപ്പു:—നിങ്ങൾ എന്നോടെന്തു ക്ഷോഭിച്ചു! വാസ്തവത്തിൽ ഞാൻ നിങ്ങളുടെ ഒരു ഗുണകാംക്ഷിയാണ്. എന്നെ വിശ്വസിക്കൂ......

കൃഷ്ണ:—നിങ്ങളെല്ലാം എന്നോട് അവജ്ഞയോടുകൂടിയാണു പെരുമാറുന്നതു്. ഞാൻ പുറത്തോട്ട് ഇറങ്ങിയാൽ എല്ലാരും എന്നെത്തന്നെ സൂക്ഷിച്ചുനോക്കുന്നു. എന്താണത്രക്കു നോക്കാൻ—പരിഹസിക്കാൻ? ചിരിക്കാൻ?——?

പപ്പു:—(ചിരിച്ചുകൊണ്ടു്) ചിരിക്കുന്നതിന് അവരെ കുററപ്പെടുത്തരുതു്. എനിക്കറിയാം,—വാസ്തവത്തിൽകൃഷ്ണപിള്ളക്കതിൽ വിഷമമുണ്ടെന്നു്. അതുകൊണ്ടല്ലേ നരക്കും കഷണ്ടിക്കും ഇത്ര കഷ്ടപ്പെട്ടു മരുന്നുകൾ കണ്ടുപിടിച്ചതു്. ഞാൻ ആരോടെല്ലാം ചോദിച്ചെന്നോ?

കൃഷ്ണ:—അപ്പോൾ നിങ്ങൾ എല്ലാവരോടും പറഞ്ഞോ, എനിക്കാണു മരുന്നെന്നു്. പറഞ്ഞുകാണും——നിങ്ങളത്ര ഏഭ്യനാണു്.

പപ്പു:—നോക്കണം ഇതാണു ഞാൻ പറഞ്ഞതു്; നിങ്ങളെന്നെ വിശ്വസിക്കണമെന്നു്. ഞാൻ പറയുമോ, കൃഷ്ണപിള്ളക്കാണെന്നു്. വാസ്തവം പറയാമല്ലോ, എനിക്കീക്കാര്യത്തിൽ വലിയ നിർബന്ധമുണ്ടു്.

കൃഷ്ണ:—നിർബന്ധത്തിന്റെ ആവശ്യം—

പപ്പു:—ആവശ്യമോ? ഞാൻ എന്തു പറയാനാണു്.

കൃഷ്ണ:—പറയണം ഹേ! നിങ്ങളെന്നെ മനഃപൂർവ്വം ആക്ഷേപിക്കുകയാണെന്നു തോന്നുന്നു.

പപ്പു:—നോക്കണം, ഇതാണു ഞാൻ പറഞ്ഞതു് നിങ്ങളെന്നെ വിശ്വസിക്കണമെന്നു്. നിങ്ങളുടെ ഭാര്യയുടെ നിലയൊന്നാലോചിച്ചു നോക്കണം. (കൃഷ്ണപിള്ള ഞെട്ടുന്നു.) ഞാൻ നിങ്ങളുടെ ഏററവും അടുത്ത ഒരാളായതുകൊണ്ടു് പറയുന്നതാണു്. സൌന്ദര്യവും, സൗശീല്യവും ഒത്തിണങ്ങിയിട്ടുള്ള ഒരു സ്ത്രീയാണവർ.

കൃഷ്ണ:—എന്തു് ശാന്തക്കു് അത്ര കൂടുതൽ സൌന്ദര്യമുണ്ടോ?

പപ്പു:—നിങ്ങളുടെ ഭാര്യയെ ഞാൻ പ്രശംസിക്കുന്നതു ശരിയല്ല.

കൃഷ്ണ:—അവളെക്കാൾ സൌന്ദര്യമുള്ളവരില്ലേ.

പപ്പു:—ഉണ്ടായിരിക്കാം. എന്നാൽ ഞാൻ കണ്ടിട്ടില്ലാ. അതിവിടെയാക്കും അറിയാവുന്നതല്ലേ.

കൃഷ്ണ:—അവളെന്റെ ഭാര്യയാണു്.

പപ്പു:—സുകുമാരിയായ ശാന്ത നിങ്ങളുടെ ഭാര്യതന്നെ. നാട്ടുകാരതിൽ സഹതപിക്കുന്നു.

കൃഷ്ണ:—എടോ—സൂക്ഷിച്ചു സംസാരിക്കണം. ഞാൻ അത്ര വിരൂപനല്ല. അവൾക്കത്ര സൌന്ദര്യമില്ലെന്നെനിക്കറിയാം. അവളെപ്പററി അഭിപ്രായം പറയുന്നതു നാട്ടുകാരല്ല.

പപ്പു:—നിങ്ങളുടെ ഭാര്യയോടു നിങ്ങൾക്കസൂയയാണു്.

കൃഷ്ണ:—എന്റെ ഭാര്യയോടോ.

പപ്പു:—അതെ. തീച്ചയായും,

കൃഷ്ണ:—എടോ ഭ്രാന്താ———

പപ്പു:—(ചിരിച്ചുകൊണ്ടു്) എനിക്കു ഭ്രാന്തില്ലാ. പക്ഷെ നിങ്ങൾക്കു ഭ്രാന്തെടുക്കാതെ സൂക്ഷിച്ചുകൊള്ളണം.

കൃഷ്ണ:—നിങ്ങൾ കടന്നു സംസാരിക്കുന്നു.

പപ്പു:—നിങ്ങൾക്കെന്താണിത്ര ദേഷ്യം വരുന്നതു്. ഞാൻ ആ സാധുസ്ത്രീയുടെ ശോചനീയനില ഓർത്തു പറഞ്ഞുപോയതാണു്.

കൃഷ്ണ—നിങ്ങളെന്നെ അധഃപതിപ്പിക്കുന്നു.

പപ്പു:—നിങ്ങളോടുകൂടി ഭർത്താവാണെന്നു പറഞ്ഞു അവളെങ്ങനെ പുറകേ വരും —

കൃഷ്ണ:-എടോ--എടോ--ഇതു്--ഇതെന്റെവീടാണു്.

പപ്പു—(ചിരിച്ചുകൊണ്ടു്) കഷ്ടം തന്നെ. യോജിപ്പില്ലാത്ത ദാമ്പത്യം—

കൃഷ്ണ—(ചാടിയെഴുന്നേററു്.) ഇറങ്ങുവെളിയിൽ—

പപ്പു—ശരി, ഞാൻ പോവുകയാണു്. നിങ്ങൾക്കു് നല്ല സുഖമില്ലാത്ത ദിവസമാണു്. (പപ്പുനായർ പോകുന്നു.)

കൃഷ്ണ—(കോപകാലുഷ്യങ്ങളാൽ മൂർഛിതനായി

ഫോൺ നമ്പർ 2583.

# — പി. മാധവൻതമ്പി —

## വെങ്കലപാത്രവ്യാപാരം, ചാല-തിരുവനന്തപുരം.

ഉറപ്പ്, ഭംഗി, ഒരേവില.

ഞങ്ങളുടെ മുദ്രയുള്ള പാത്രങ്ങൾക്കു് പരിപൂർണ്ണ ഉത്തരവാദിത്വം.

N. B. ഞായറാഴ്ച കട തുറക്കുന്നതല്ല.

റൊട്ടി, ബന്നു്, ബിസ്ക്കററ്, കേക്കു് തുടങ്ങിയവയ്ക്കു് കണ്ടോ ഗുഡ്ലക്കു് ബേക്കറിയിൽ ചോദിക്കുക.

അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു; കൂടക്കൂടെ കണ്ണാടിയിൽ നോക്കുന്നു. നൈരാശ്യം ലജ്ജ എന്നീ വികാരങ്ങൾ. ശാന്ത കാപ്പിയുമായി പ്രവേശിക്കുന്നു. കൃഷ്ണപിള്ള ശാന്തയുടെ മുഖത്തുനോക്കാതെ തിരിഞ്ഞുനിന്നു കളയുന്നു. കണ്ണാടിയിൽ ഒളികണ്ണിട്ടു നോക്കുന്നു. കഷണ്ടി കാണാതിരിക്കത്തക്കവിധത്തിൽ തലമുടി ഒതുക്കുന്നു. ശാന്ത വാതുക്കൽ തന്നെ അറച്ചുനിൽക്കുന്നു. മുഖത്തു വേദന നിഴലിച്ചിട്ടുണ്ട്. നിഷ്കളങ്കമായ സൗന്ദര്യം.)

ശാന്ത- കാപ്പി.........

കൃഷ്ണ—ഞാനാവശ്യപ്പെട്ടോ?

ശാന്ത—ഇല്ല. എന്നും കാപ്പികുടിക്കുന്ന സമയമായതുകൊണ്ട്......(നിൽക്കുന്നു)

കൃഷ്ണ—ഇന്നെനിക്കാവശ്യമില്ല.

ശാന്ത—(കുനിഞ്ഞു നില്ക്കുന്നു.) കണ്ണുകളിൽനിന്നും കണ്ണുനീർ കപോലങ്ങളിൽ കൂടി ഒഴുകുന്നു. കൃഷ്ണപിള്ള കണ്ണാടി നോക്കുന്നു.)

കൃഷ്ണ—പോകൂ. ആവശ്യപ്പെട്ടപ്പോൾ വിളിക്കാം. (ശാന്ത തിരിഞ്ഞു നടക്കുന്നു.)

കൃഷ്ണ—(ശാന്തയെ ആകാംക്ഷയോടെ നോക്കിക്കൊണ്ട്) ശാന്തേ—എന്നും കാപ്പികുടിക്കുന്ന സമയമായോ? (ശാന്ത ഒന്നും മിണ്ടുന്നില്ല.) എന്താ നീ മിണ്ടാത്തതു്. നീയെന്നെ വെറുക്കുന്നു അല്ലെ?

ശാന്ത—ദയവുചെയ്തു് ഇങ്ങനെ സംസാരിക്കരുതേ!

കൃഷ്ണ—പിന്നെ എങ്ങനെ സംസാരിക്കണം. നീ പറയുന്നതുപോലെ സംസാരിക്കാം.

ശാന്ത—ഇതാ കാപ്പികുടിക്കണം. (കൃഷ്ണപിള്ള വാങ്ങുന്നു.)

കൃഷ്ണ—നീ എനിക്കുവേണ്ടി വളരെ കഷ്ടപ്പെടുന്നു അല്ലെ?

ശാന്ത-എന്തു കഷ്ടപ്പാടാണ്.

കൃഷ്ണ-എനിക്ക് കൃത്യസമയത്തു് ആഹാരസാധനങ്ങൾ ഉണ്ടാക്കിത്തരുന്നതുതന്നെ ഒരുകഷ്ടപ്പാടല്ലേ.

ശാന്ത—അതു് ഒരു ഭാര്യയുടെ കടമയാണ്.

കൃഷ്ണ – ഓഹോ നീ കടമ നിർവഹിക്കയാണ്.

ശാന്ത അങ്ങ് എപ്പോഴും ഇങ്ങനെയുള്ള മുള്ളവാക്കുകളെ പറയാവുള്ളു.

കൃഷ്ണ—മുള്ളവാക്കുകളോ? നിനക്കതു വിഷമമായി തോന്നുന്നു അല്ലേ.

ശാന്ത—എനിക്കു ഹൃദയവേദന ഉണ്ടാക്കുന്ന രീതിയിലെ അങ്ങു സംസാരിക്കൂ. ഞാൻ എന്തു തെററു ചെയ്തു?

കൃഷ്ണ – എന്തു് ഞാൻ നിന്നെ വേദനിപ്പിക്കുന്നെന്നോ? നീ വെറുതെ എന്നെ കുററപ്പെടുത്തുകയാണ്. നീയെന്നെ വെറുക്കുന്നു. എന്നോടുകൂടിയുള്ള ജീവിതം നിനക്ക് അസഹ്യമായി തോന്നുന്നു. അതാണ് വാസ്തവം.

ശാന്ത—(മുഖം പൊത്തിക്കരയുന്നു.)

കൃഷ്ണ—എന്തു്? നീ കരയുന്നോ? (ശാന്തയുടെ മുഖം പിടിച്ചുതിരിക്കുന്നു. രണ്ടുപേരെയും ഒരുമിച്ചു് നിലക്കണ്ണാടിയിൽ കാണുന്നു. കൃഷ്ണപിള്ള ഞെട്ടിമാറുന്നു.) ഇല്ല. നീയെന്നെ വെറുക്കുന്നു. ഞാൻ ശപിക്കപ്പെട്ടവൻ.

ശാന്ത—ഈശ്വരനെ വിചാരിച്ചു് അങ്ങെന്നെ തെററിദ്ധരിക്കരുതേ. ഞാൻ അങ്ങയുടെ ഭാര്യയാണ്. ഞാനെന്റെ കടമ മറന്നു് ഒന്നും പ്രവർത്തിച്ചിട്ടില്ല.

കൃഷ്ണ നിന്നെ ഞാൻ കുററപ്പെടുത്തുന്നില്ല. നീ സുന്ദരിയാണ്.


## സ്ഖലന നിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനു മുമ്പോ പിമ്പോ, നൂലുപോലെയോ, തുള്ളിതുള്ളിയായോ ഇന്ദ്രിയം പോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാർന്നുപോകുക, സ്വപ്നംകണ്ടോ, കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ പടന്ന് ഇന്ദ്രിയം പോകുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്ന് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ 2 ആഴ്ചകൊണ്ടു് പരിപൂർണ്ണമായി ശമിപ്പിക്കുന്നതിന് ഞങ്ങളുടെ സ്ഖലന നിവാരണി തികച്ചും ഫലപ്രദമെന്ന് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചത്തേക്ക് ഉള്ള ഡപ്പി 1 ക്ക് 5 ക. 8 ണ. പാക്കിംഗ് & പോസ്റ്റേജ് 0-14-0
വി. പി. യായി ആവശ്യപ്പെടുക. മാനേജർ S. D. "ഫാർമസി" നാഗമഹാൾ, H. O. ആലപ്പി
ബ്രാഞ്ചു്-9-94 L U Z മൈലാപ്പൂർ, മദ്രാസ്സ്


സിഗററ് സ്റ്റേഷനറി തുടങ്ങിയ സാധനങ്ങൾക്കു മുരുക്കുംപുഴ ധർ & Co യെ സമീപിക്കുവിൻ.

ശാന്ത എന്തു കഥയില്ലാത്ത സംസാരമാണിതു്.

കൃഷ്ണ- നീയൊരപ്സരസ്സാണു്.

ശാന്ത—അങ്ങു് എന്റെ ദേവനാണു്.

കൃഷ്ണ— ങേ!! ഞാനോ? ഞാൻ നിന്റെ ദേവനോ? (കണ്ണാടിയിൽ നോക്കുന്നു) ഹൂ: നീ എന്നെ കബളിപ്പിക്കാൻ നോക്കുന്നു.

ശാന്ത— (പൊട്ടിക്കരഞ്ഞു കൊണ്ടു്) അങ്ങേക്കെന്നെ കാണുന്നതുതന്നെ ഇത്ര വെറുപ്പാണെങ്കിൽ കൊന്നു കൊള്ളണം. എന്റെ ഭർത്താവിന്റെ കൈകൊണ്ടു് മരിക്കുന്നതിനും മടിയില്ല.

കൃഷ്ണ—പോരാ! നീ ജീവിക്കണം. നിന്നെ ലോകത്തിനാവശ്യമുണ്ടു്. ഞാൻ മരിച്ചുകൊള്ളാം. ഞാൻ ലോകരാൽ വെറുക്കപ്പെട്ടവൻ.

ശാന്ത—അങ്ങയുടെ സംശയം മാത്രമാണിതു്.

കൃഷ്ണ—അല്ലെടി നിന്റെ സൗന്ദര്യത്തെ ലോകർ സ്തുതിക്കുന്നു. നീ സൗന്ദര്യത്തിന്റെ മൂർത്തീകരണമാണുപോലും. നിനക്കു് കർണ്ണാനന്ദകരമായി പാടാനറിയാമെന്നു്. ഹോ! എന്റെ ഭാര്യയായ നിന്നെ സ്തുതിക്കുന്നതു് നാട്ടുകാരാണു്.

ശാന്ത-അങ്ങതിൽ അഭിമാനിക്കയല്ലെ വേണ്ടതു്.

കൃഷ്ണ- അതെ ഞാൻ അഭിമാനിക്കണം. അവരെന്നെ ആക്ഷേപിക്കുന്നു. നീ ലോകൈകസുന്ദരിയാണെന്നു്. (വികാരാധീനനായി) ഛേ എന്റെ മുമ്പിൽ നിന്നു്. ഞാൻ തനിച്ചുമതി. ഞാനെല്ലാരാലും വെറുക്കപ്പെട്ടവൻ. വിരൂപൻ. നമ്മുടെ ദാമ്പത്യം പൊരുത്തമില്ലാത്തതാണു്.

ശാന്ത- അങ്ങേക്കേതോ കടുത്ത സുഖക്കേടാണു്.

കൃഷ്ണ- (ചാടിയെഴുന്നേററുകൊണ്ടു്) അതെ! എനിക്കു് ഭ്രാന്താണെടീ. ഛേ എന്റെ കൺമുമ്പിൽനിന്നു്. (ശാന്ത ഭയാശങ്കകളോടെ ഒരു വശത്തേക്കു പോകുന്നു. ശാന്ത പോയവഴിയെ നോക്കി കൃഷ്ണപിള്ള നിൽക്കുന്നു.)

കർട്ടൻ

രംഗം 2:-

(മുൻരംഗത്തിലെ പശ്ചാത്തലം. ശാന്തയും പപ്പുനായരും സംസാരിച്ചുകൊണ്ടിരിക്കുന്നു.)

പപ്പു- അതു ശരിയാണു കുഞ്ഞേ. എനിക്കു് ആദ്യം മുതലേ സംശയമുണ്ടായിരുന്നു. ഭ്രാന്തു് പലതരത്തിലാണു്. അതിൽ കൂടിയ വർഗ്ഗമാണിതു്. ആ മംഗലത്തെ പരമുപിള്ളയുണ്ടല്ലോ; കുഞ്ഞറിയുകയില്ലേ. അയാളുടെ അച്ഛനൊരാളുണ്ടായിരുന്നു. ഇതുപോലെയായിരുന്നു അയാൾക്കു്. ഭാര്യയെ കണ്ടുകൂടാ. എന്തു നല്ല മനുഷ്യനായിരുന്നെന്നോ. സുഖക്കേടായതിനു ശേഷം ഭാര്യയെ വെറുക്കാൻ തുടങ്ങി. ഒടുവിൽ ആ സുഖക്കേടു് കൂടുതലായി ഭാര്യയെ തല്ലാനും ഇടിക്കാനും തുടങ്ങി.

ശാന്ത- അയ്യോ! അങ്ങനെയൊക്കെ തുടങ്ങിയാൽ ഞാനെന്തു ചെയ്യും. ആ മനുഷ്യനു് ഒടുവിൽ സുഖക്കേടു് ഭേദമായോ.

പപ്പു- എവിടുന്നു ഭേദമാകാനാണു്. ഒടുവിൽ അയാൾ ആ സുഖക്കേടോടുകൂടി തന്നെ മരിച്ചു.

ശാന്ത- എന്റെ ഈശ്വരാ! അങ്ങനെയൊക്കെ സംഭവിച്ചാൽ—കേട്ടോ ചേട്ടാ, ഞാനിവിടെ വന്നപ്പോഴേ അദ്ദേഹത്തിനു് വെറുപ്പാണു്.

പപ്പു- അതെനിക്കുമറിയാം. കുഞ്ഞു നന്നേ സഹിക്കുന്നു.

ശാന്ത- ഞാനെന്തും സഹിക്കാം. എന്റെ ഭർത്താവിനുവേണ്ടി എന്തു കഷ്ടപ്പാടു സഹിക്കുന്നതും എനിക്കു ദുസ്സഹമല്ല.

പപ്പു- ഏതായാലും ഈ രീതിയിൽ ജീവിക്കാൻ സാദ്ധ്യമല്ല. എന്റെ കുഞ്ഞേ വാസ്തവം പറയാമല്ലൊ, ഒരു പൊരുത്തവും ഇല്ലാത്ത ബന്ധമാണു് നിങ്ങളുടേതു്.

ശാന്ത- അങ്ങനെ പറയരുതു്. അദ്ദേഹം എന്റെ ഭർത്താവാണു്. ഞാനദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

പപ്പു- വാസ്തവത്തിൽ കുഞ്ഞിനെപ്പോലെ ഒരു പെൺകുട്ടിയെ കാണാൻ വിഷമമാണു്. ഇന്നലെത്തന്നെ ഭർത്താവിന്റെ ചിത്രത്തിൽ മാലയും ചാർത്തിഇരുന്നു്കരയുന്നതു് ഞാൻ കണ്ടു.

ശാന്ത:- എന്റെ ചേട്ടാ അദ്ദേഹത്തിനു് നല്ല മനസ്സുണ്ടാകാൻ ഇനി എന്താണു മാർഗ്ഗം. അതിനു് വേണ്ടി എന്റെ ജീവനെപ്പോലും ബലികഴിക്കാൻ ഞാൻ തയ്യാറാണു്.

പപ്പു- എനിക്കൊരു സംശയമുണ്ടു്. വല്ലോരും വല്ല കൂടപത്രവും ചെയ്തു കാണും. അസൂയയുള്ള ആളുക

സന്ദർശിയ്ക്കുവിൻ:—

വേണുഗോപാലനിലയം ഹോട്ടൽ ആൻറ് ററീഷാപ്പ്

രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ—ഓവൽ, കൊക്കൊ, കാഫി, ററീ ഇവയും, സുഖകരമായ ഭക്ഷണവും എപ്പോഴും തയാർ.

ഇഞ്ചിനീയർ ആഫീസ് ജംഗ്ഷൻ

തിരുവനന്തപുരം

ളാണ് കുഞ്ഞേ നമ്മുടെ ആളുകൾ.

ശാന്ത– അതൊന്നുമല്ല ചേട്ടാ.

പപ്പു:– അങ്ങനെയല്ല കുഞ്ഞേ, എനിക്കനുഭവമാണ്. ചില പ്രയോഗങ്ങൾ ചെയ്താൽ പച്ചിലയും, കത്രികയും പോലെ ഫലിക്കും.

ശാന്ത– ഏതായാലും അദ്ദേഹത്തിനു സുഖക്കേടാണ്. നല്ല ഒരു വൈദ്യനെകൊണ്ടു ചികിത്സിപ്പിക്കണം.

പപ്പു– നമുക്ക് ശരിപ്പെടുത്താം കുഞ്ഞേ. എൻെറ കയ്യിലുണ്ടു വൈദ്യൻ.

ശാന്ത– ആരാണ് ചേട്ടാ വൈദ്യൻ. സമർത്ഥനാണോ?

പപ്പു– സമർത്ഥനാണെന്നോ? കൊള്ളാം. ലോകപ്രശസ്തനല്ലേ. ഇത്തരം സുഖക്കേടിന് സ്പെഷ്യലിസ്റ്റാണ്. മനുഷ്യൻെറ മനഃശാസ്ത്രം പഠിച്ചവനാ.

ശാന്ത– എന്നാൽ ഇന്നുതന്നെ അയാളെ വിളിച്ചുകൊണ്ടുവരണം. (വിക്രമൻപിള്ള പൊട്ടിച്ചിരിച്ചുകൊണ്ട് പ്രവേശിക്കുന്നു. സുമുഖനായ ഒരു യുവാവ്)

പപ്പു– എന്താവിക്രമൻപിള്ളേ പൊട്ടിച്ചിരിക്കുന്നതു്; സ്വപ്നം കാണുകയാണോ?

വിക്ര– സ്വപ്നമോ, യാഥാർത്ഥ്യമോയെന്ന് തിരിച്ചറിയാൻ പാടില്ലാത്ത ഒരു അൽഭുതലോകത്താണ് ഞാൻ ജീവിക്കുന്നതു്.

പപ്പു– ജേഷ്ഠൻെറ സുഖക്കേടിനെപ്പററി ഒന്നും അന്വേഷിക്കാതെ നടന്നാലോ.

വിക്രമ– ജേഷ്ഠത്തിയുണ്ടല്ലോ അന്വേഷിക്കാൻ. ജേഷ്ഠത്തിമാത്രം പോരെങ്കിൽ ഒരു വിവാഹം കൂടി കഴിക്കട്ടെ. പക്ഷേ ജേഷ്ഠത്തിയെപ്പോലെയാണ് അവരുമെങ്കിൽ ഈ വീട്ടുമുഴുവൻ കണ്ണീർ സമുദ്രത്തിൽ മുങ്ങിപ്പോകും.

ശാന്ത:– നിങ്ങൾ ഇത്ര ദയവില്ലാതെ സംസാരിക്കുന്നല്ലോ. അദ്ദേഹം അനുഭവിക്കുന്ന അസ്വാസ്ഥ്യങ്ങൾ കാണാൻ നിങ്ങൾക്ക് കഴിയുകില്ലേ.

വിക്രമ– വളരെ പ്രയാസമാണ്.

പപ്പു:– ഞാൻ വൈദ്യനേയും കൊണ്ട് വരട്ടെ. കണ്ടു സമാധാനമായിരിക്കണം (പോകുന്നു.)

ശാന്ത– ദൈവമേ ഞാനെന്തു പാപിയാണ്.

വിക്രമ– ജേഷ്ഠത്തി ഒരു മായിയാണ്. നിങ്ങൾ സ്വയം വരുത്തി വയ്ക്കുന്നതാണീ ദുരിതങ്ങൾ.

ശാന്ത– ഞാനെന്തു വേണമെന്നാണ് പറയുന്നതു്. അദ്ദേഹത്തിൻെറ സുഖക്കേട് തീരുന്നതിന് ഞാനെന്തു ചെയ്യാനും തയ്യാറാണ്.

വിക്രമ– സുഖക്കേട്, അതു ഭേദമാകാൻ ഒരു മരുന്നേയുള്ളു,

ശാന്ത– എന്താണതു്.

വിക്രമ– നല്ല ഒരു വടികൊണ്ട് ചൂടുള്ള പത്തു പ്രഹരം.

ശാന്ത– ഹേ മനുഷ്യാ! നിങ്ങളെന്തൊരു കഠിന ഹൃദയനാണ്. നിങ്ങളിൽ സഹോദര സ്നേഹത്തിൻെറ കണികപോലും ഇല്ല.

വിക്രമ– ശരിയാണ്. എനിക്ക് സഹോദരസ്നേഹം കുറവാണ്. അല്ലെങ്കിൽ ഞാൻ തന്നെ ഇതിനു മുമ്പ് ആ മരുന്നു കൊടുക്കുമായിരുന്നു.

ശാന്ത– (ചെവി പൊത്തിക്കൊണ്ട്) നിങ്ങൾ അദ്ദേഹത്തെപ്പററി ഇനി എന്നോടൊരക്ഷരം പോലും പറയരുതു്. ഹോ! നിങ്ങളൊരു മനുഷ്യനാണോ?

വിക്രമ– (പൊട്ടിച്ചിരിച്ചുകൊണ്ട്) അല്ല മൃഗം. പാവപ്പെട്ട സ്ത്രീ, വാസ്തവത്തിൽ ഞാൻ വളരെ സഹതപിക്കുന്നു. സ്ത്രീകളെല്ലാം ഇങ്ങനെ ബുദ്ധിയില്ലാത്തവരായിരിക്കുമോ? എങ്കിൽ ഈ ജന്മം എനിക്കു ഭാര്യയേ വേണ്ട.

ശാന്ത– നിങ്ങളുടെ ജോലിനോക്കി പോകണം. എൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം.

വിക്രമ– വാസ്തവത്തിൽ നിങ്ങളോടു സഹതാപമുള്ളതുകൊണ്ട് പറയുന്നതാണ്. നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ കേൾക്കൂ.

ശാന്ത– ഞാനെന്തു വേണമെന്നാണ് നിങ്ങൾ പറയുന്നതു്.


## ചന്ദ്രികാ സ്റ്റോർ

കച്ചേരിക്കു സമീപം :: ആററിങ്ങൽ.

ചില്ലറ വ്യാപാരികളുടെ സുവർണ്ണാവസരം. സ്റ്റേഷനറി, പുകയില, ബീഡി, സിഗററുകൾ, ഒന്നാംതരം മദ്രാസ്പൊടി, വാസന ദ്രവ്യങ്ങൾ, പലയിനം സോപ്പുകൾ ഇവ മിതമായ വിലക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

N. B. കൂടാതെ ഞങ്ങളുടെ ചന്ദ്രികാ കൺഫക്ഷനറി ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ. പ്രൊ. കെ. രാഘവൻ.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

വിക്രമ:- നിങ്ങളുടെ ഭർത്താവു് വെറും ദുർബലനാണു്. ആ ദൗർബല്യം അദ്ദേഹത്തെ ഏതു സാഹസ കൃത്യത്തിനും പ്രേരിപ്പിച്ചേക്കും. നിങ്ങളുടെ ബന്ധം പൊരുത്തപ്പെടാൻ പ്രയാസമാണു്. അദ്ദേഹത്തിനു് നിങ്ങളുടെ സൗന്ദര്യത്തിൽ പോലും അസൂയയാണു്. സുന്ദരിയായ ഭാര്യയുടെ വിരൂപനായ ഭർത്താവാണു് താൻ എന്ന അപകർഷബോധം അദ്ദേഹത്തെ ഒരു ഭ്രാന്തനാക്കിത്തീർത്തിരിക്കുന്നു. എന്തുപറഞ്ഞാലും അതെല്ലാം സംശയമായിരിക്കും. അതുകൊണ്ടു് ബുദ്ധിയുള്ള ഒരു സ്ത്രീയെപ്പോലെ നിങ്ങൾ ഈ ബന്ധം അവസാനിപ്പിക്കൂ.

ശാന്ത:- എന്തു്?

വിക്രമ:- നിങ്ങൾ ഈ നശിച്ച ദാമ്പത്യത്തിൽ നിന്നും വിമുക്തനായെങ്കിൽ മാത്രമേ ജീവിതസുഖം എന്തെന്നു് അറിയാൻസാധിക്കൂ. (കൃഷ്ണപിള്ള ഒരു വശത്തുനിന്നും ഒരു ഭ്രാന്തനെപ്പോലെ പ്രവേശിക്കുന്നു.)

കൃഷ്ണ:- മതിയെടീ. എനിക്കു മനസ്സിലായി നിൻെറ തനിനിറം. ഹയ്യോ! കൊടിയ ചതി. എടാ നീയെൻെറ സഹോദരനോ. ശരി, നീ സുമുഖനാണു്; നിന്നെ അവൾക്കിഷ്ടപ്പെട്ടു. എടീ ഭയങ്കരീ നീ നശിച്ചാൽ എനിക്കാശ്വാസമാണു്. നീ......നീ ശാന്തയുടെ കഴുത്തിനെ പിടിക്കുന്നു. വിക്രമൻപിള്ള ബലമായി തള്ളി പുറകോട്ടുമാറ്റുന്നു. വൈദ്യനും, പപ്പുനായരും പ്രവേശിക്കുന്നു.)

പപ്പു- ഇതാ-ഇതാ- ഇതാണു് വൈദ്യരെ സുഖക്കേടിൻെറ ലക്ഷണം.

(എല്ലാപേരുംകൂടി കൃഷ്ണപിള്ളയെ ബലമായി പിടിക്കുന്നു. വൈദ്യനും പപ്പു നായരുംകൂടി ഒരു വശത്തേക്കു തള്ളിക്കൊണ്ടുപോകുന്നു. കൃഷ്ണപിള്ളയുടെഅലച്ചയും, നിലവിളികളും. ശാന്ത പുറകേ പോകുന്നു. വിക്രമൻപിള്ള നോക്കിനിന്നു് പൊട്ടിച്ചിരിക്കുന്നു.)

കർട്ടൻ

രംഗം 3:—

[കൃഷ്ണപിള്ള ഒരു ഉന്മാദിയെപ്പോലെ ഒരുനീളം കൂടിയ വടിയുമായി നടക്കുന്നു. ഒരു അരണ്ട വെളിച്ചം. പലതും പൊട്ടിത്തകരുന്ന ശബ്ദങ്ങൾ. കൃഷ്ണപിള്ള പൈശാചികമായി ചിരിക്കുന്നു. അലറുന്നു. അട്ടഹസിക്കുന്നു.]

കൃഷ്ണ- എല്ലാം ഒടുങ്ങണം ഹ......ഹാ.......ഈ ഭൂമുഖത്തു് സൗന്ദര്യമുള്ള ഒരു വസ്തുപോലും അവശേഷിക്കാൻ പാടില്ല. (മേശപ്പുറത്തുള്ള ഗ്ലാസ്സു്, കപ്പികൾ, ടൈംപീസു് മുതലായ തിളങ്ങുന്ന സാധനങ്ങളെല്ലാം തല്ലിപ്പൊട്ടിക്കുന്നു.) അങ്ങനെ നശിക്കട്ടെ. സംഘട്ടനം; സൗന്ദര്യവും വൈരൂപ്യവുമായുള്ള സംഘട്ടനം; ഒന്നുകിൽ സൗന്ദര്യം അല്ലെങ്കിൽ വൈരൂപ്യം. രണ്ടുംകൂടി ഈ ലോകത്തു പാടില്ല.

(ഭിത്തിയിലിരുന്ന ഒരു മനോഹരമായ ചിത്രം തല്ലിപൊട്ടിച്ചു് താഴേയ്ക്കിടുന്നു.). ഹോ-ഒന്നോ ഹോ. അങ്ങനെ ഓരോന്നോരോന്നായി നശിക്കട്ടെ. (ശാന്ത ഒരുവശത്തുനിന്നും വരുന്നു)ഹാ! കിട്ടിപ്പോയി സൗന്ദര്യത്തിൻെറ മൂർത്തീകരണം. എടീ നീയാണെൻെറപ്രത്യക്ഷശത്രു. അതുകൊണ്ടു് നീ നശിക്കണം. (വടിയും ഓങ്ങിഅടുക്കുന്നു. വിക്രമൻപിള്ള പുറകേ കൂടിവന്നു് ബലമായി പിടിച്ചു് പുറകോട്ടു മറിക്കുന്നു.)

വിക്രമ- എടോ മായനായ മനുഷ്യാ- താനെന്തവിവേകത്തിനാണു് മുതിരുന്നതു്. ഈ നിൽക്കുന്ന സ്ത്രീയെ അടിക്കാൻ താനെങ്ങനെ സന്നദ്ധനായി. സ്വഭർത്താവിൽ നിന്നും സ്നേഹമുള്ള ഒരൊററ വാക്കുപോലും കിട്ടിയിട്ടില്ലെങ്കിലും ദൈവത്തെപ്പോലെ ആരാധിച്ചുകൊണ്ടു് രാപകൽ കഴിയുന്ന സുചരിതയായ ഈ തനിപീരത്തത്തെ താൻ വധിക്കാൻ തയ്യാറായല്ലൊ. താനൊരു മനുഷ്യനോ. തന്നെപ്പോലെ ദുർബലനായ മനുഷ്യനെ ലോകം ഇതിനു മുമ്പു് കണ്ടുകാണുകയില്ല. തൻെറ ദൗർബല്യം തന്നെയും, തൻെറ കുടുംബത്തെയും നശിപ്പിച്ചു. കഷ്ടം! ഈ വീട്ടിൽ കാലെടുത്തു കുത്തിയതിനുശേഷം ഈ സ്ത്രീയുടെ കണ്ണിൽ നിന്നും കണ്ണീർ തോന്നിട്ടില്ല. എടോ ദുഷ്ടാ! താൻ ഈപാപഫലം എന്നനുഭവിച്ചു തീർക്കാനാണു്. താൻ സ്വയം നശിച്ചു. പക്ഷെ അതുപോലെ ഈ സാധുസ്ത്രീയെയും നശിപ്പിക്കാൻ ഞാൻ സമ്മതിക്കയില്ല. (ശാന്തയുടെ കയ്യു് കടന്നു പിടിച്ചുകൊണ്ടു്) വരൂ. നിങ്ങൾക്കു് ശോഭനമായ ഒരു ഭാവി ഞാൻ കാണിച്ചുതരാം. (കൃഷ്ണപിള്ളയെ രൂക്ഷമായി നോക്കിക്കൊണ്ടു് ശാന്തയെ പിടിച്ചു വലിച്ചുകൊണ്ടു് പോകുന്നു. അവർ പോയവഴിയേ നോക്കിയിരുന്നു് കൃഷ്ണപിള്ള വിമ്മി വിമ്മിക്കരയുന്നു.)

കർട്ടൻ

—*—

ഫോൺ നമ്പർ 263

കൊല്ലത്തു വന്നു ചേർന്ന

## പുതിയതരം കുടകൾ

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നു ചേർന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

വി. കുട്ടൻപിള്ള, കുടവ്യാപാരം,

വടയാററുകോട്ട—കൊല്ലം.

ഗദ്യകവിത

# "കരയിക്കുന്ന ചിത്രങ്ങൾ"

* (ഗോപി കോട്ടൂരേത്ത്) *

കട്ടപിടിച്ച ഇരുട്ടിൻെറ കരിമ്പടത്തെ തട്ടിനീക്കിക്കൊണ്ടു്, സുഖനിദ്രയിലാണ്ടുകിടന്ന തൻെറ കാമുകിയെ തട്ടിയുണർത്തിക്കൊണ്ടു്, പൂർവ്വാംബരത്തിൻെറ അപാരതയിലൂടെ, പ്രചോദനാത്മകമായ പ്രഭാപൂരത്താൽ ഭാനുമാൻ ഒളിഞ്ഞുനോക്കി... ...

മനോഹരിയായ മധുമാസദേവത മകുടം ധരിപ്പിച്ച മനോജ്ഞമായ മാകന്ദവനികയിലിരുന്നു് മദാലസരായ വികിരദമ്പതികൾ അവ്യക്തമധുരമായിപാടി!....

സുരഭില സുന്ദരമായ മാലേയ മലർവാടിയിൽനിന്നും തെററിത്തെറിച്ച മന്ദമാരുതൻ നവോന്മേഷനിർഭരമായ പ്രചോദനം നൽകി കടന്നുപോയി!

പൂർവ്വാദ്രിയുടെ ഹൃദയംപൊട്ടി പ്രവഹിച്ച കൊച്ചരുവി, സുന്ദരിയായ ആ ഗ്രാമദേവതയുടെ വക്ഷസ്സിലൂടെ കുഞ്ഞോളങ്ങളിളക്കി പ്രവഹിച്ചു... ... ...

നിശീഥിനിയുടെ മാറിടത്തിൽനിന്നും ആസ്വാദന പൂർണ്ണമായ സംതൃപ്തിയോടുകൂടി ഹൃദയങ്ങൾ പിടഞ്ഞെണീററു!... ...

* * *

മനോഹരിയായ ഒരു കന്യകയുടെ മഞ്ജുളമായ ഉദരംപോലെ വിളങ്ങുന്ന വിശാല വിസ്തൃതമായ പാടം!—പരിസരങ്ങളിൽ ക്രനിപ്പിടിച്ചുനിൽക്കുന്ന അനേകം കുടിലുകൾ... ... ...അതിൽ ചുരുണ്ടുകിടന്നു് വിശ്രമമനുഭവിക്കുന്ന ചില ചിത്രങ്ങൾ... ... ...

അവരുടെ കരയിക്കുന്ന കഥ നീർനിറഞ്ഞ എൻെറ കണ്ണുകളിൽ മിന്നിത്തെളിയുകയാണു്... ...

അഭൗമമായ ഭാവനയുടെ ചിറകിലെങ്കിലും ആ ജീവിതങ്ങൾ ആശ്വസിക്കുന്നതു കാണാൻ കഴിഞ്ഞെങ്കിൽ!... ... ... ...

ശതാബ്ദങ്ങളായി, പരമ്പരാഗതമായ അടിമത്വത്തിൻെറ അതിനിഷ്ഠൂരങ്ങളായ നിയമപരിധിയിൽ പെട്ടു് നട്ടംതിരിയുന്ന, നീറുന്ന ജീവിതങ്ങൾ... ...

സുഖലോലുപനായ മനുഷ്യൻെറ ബുദ്ധിശാലയിൽനിന്നും പ്രഖ്യാപിതമായ നശിച്ച നിയമങ്ങൾ കാൻു കാൻു കളഞ്ഞ കഷ്ടപ്പെടുന്ന ജീവിതങ്ങൾ...

അദ്ധ്വാനിക്കാനൊരുക്കമില്ലാത്ത സമൂഹത്തിൻെറ അലസതയും അധികാരപ്രമത്തതയും അനവരതം അദ്ധ്വാനിച്ചവനെ അവശനാക്കിത്തീർത്തു... ...

വിയർപ്പുവററുന്നതുവരെ, രക്തമൂററുന്നതുവരെ, മാംസമുണങ്ങുന്നതുവരെ പാടുപെട്ട പരിശ്രമശീലരായ പേക്കോലങ്ങൾ... ... ഇന്നു് നിഷ്ഠൂരമായ മരണത്തിൻെറ ബീഭത്സമായ അട്ടഹാസംകേട്ടു് നടുങ്ങുകയാണു്... ... പട്ടിണിയിൽനിന്നുയൻു ജ്വാലയിൽ പൊരിയുകയാണു്... ... ...

സ്വയം ജീവിക്കുവാൻ മാത്രമല്ല, എല്ലാററിനേയും പോററുവാനും, ജനിച്ചപ്പോൾമുതൽ, കൈകൾ കുഴയുന്നതുവരെ, പല്ലു കൊഴിയുന്നതുവരെ, അംഗം തളരുന്നതുവരെ, കടമയും കർത്തവ്യവും വിസ്മരിക്കാതെ ചെയ്യേണ്ടതു ചെയ്ത ധന്യനായ മനുഷ്യാ! സംസ്കാരരഹിതമായ ലോകം നിനക്കു് സംഭാവനചെയ്യുന്നതു് ഇവയൊക്കെയാണു്... ...

A.S.S. മാർക്ക് നല്ലെണ്ണ

DAMOO JEWELLERS (Opposit Mullakkal Temple, Alleppy)

സ്വർണ്ണത്തിലും, വെള്ളിയിലും ആഭരണങ്ങൾ പരിഷ്കൃത രീതിയിൽ പരിപൂർണ്ണഉത്തരവാദിത്വത്തോടുകൂടി ഭംഗിയായി ചെയ്തുകൊടുക്കപ്പെടും. പ്രൊ: കെ. ദാമോദരൻപിള്ള.

ഉത്തരവാദിത്വമുള്ള സകലയിനം റെഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

നീ എന്തുകൊണ്ടു് പതിതരുടെ പരിശ്രമഫലം പിടിച്ചു പററിയില്ല?—എന്തുകൊണ്ടു് പെററനാടിനെ ഒററിക്കൊടുത്തില്ല!—

സഹോദരസമൂഹത്തിന്റെ രക്തം കുടിച്ചില്ല?–അധികാരസൗധത്തിലമരാൻ അഭിലഷിച്ചില്ല?—എന്തുകൊണ്ടു് മാരകായുധങ്ങൾ സൃഷ്ടിച്ചില്ല?

വഞ്ചനനിറഞ്ഞ ഇന്നത്തെ ലോകം അവയെല്ലാം അക്ഷന്തവ്യങ്ങളായ അപരാധങ്ങളായി കൊട്ടിഘോഷിക്കും... ... ...

പക്ഷെ! നീ അതിനാഗ്രഹിച്ചില്ല! നശിക്കാനും നശിപ്പിക്കാനും നിനക്കു് മോഹമില്ലായിരുന്നു!—

നീ വിശന്നു ജീവിച്ചില്ല! നിന്റെ യജമാനന്മാരെന്നു നടിക്കുന്നവക്കും വിശന്നിരുന്നില്ല!

യജമാനന്മാർ!... ... ... സ്വയം ഞെളിഞ്ഞിരുന്നു്, ആനന്ദിച്ചാസ്വദിച്ചു്, അന്യന്റെ വിയർപ്പിനെ വേതനം പിടിച്ചുപററി വിശ്രമമനുഭവിക്കുന്ന അലസപരമ്പരകൾ... ... ...

മണിമാളികകൾ നിർമ്മിച്ചു്, മദാലസരായി മനുഷ്യത്വത്തിന്റെ മഹനീയതയെ വിസ്മരിച്ചു് ഇന്നോളം ഒന്നുമൊന്നുമറിയാതെ, അറിയിക്കാതെ കഴിഞ്ഞു. എന്നിട്ടും തൃപ്തിവന്നില്ല! അവനുവേണ്ടി അനുദിനം അദ്ധ്വാനിച്ചവരെ അധഃപതനത്തിന്റെയും അവശതയുടേയും അഗാധതയിലേക്കു് ചവുട്ടിതാഴ്ത്തി... ... അതുകണ്ടു്, പരമദയനീയമായ ആ അനുഭവംകണ്ടു് അന്നുമുതൽ ഇന്നുവരെ നീ ആനന്ദിച്ചു!

പ്രകൃതിയുടെ വ്യത്യസ്തങ്ങളും നിർദ്ദയങ്ങളുമായ പ്രകടനങ്ങളെപ്പോലും അവഗണിച്ചു്, അശ്രാന്തം പരിശ്രമിച്ചു നിറന്ന ജീവിതങ്ങൾ അശക്തമായ ഒരു തുലികയുടെ ചലനംപോലെ വികൃതമായ ചിത്രങ്ങളായി കഴിയുകയാണു്... ... 'കരയിക്കുന്ന ചിത്രങ്ങൾ'

അതുകണ്ടു് കേവലം നിർവ്വികാരനായിക്കഴിയുന്ന മനുഷ്യാ! മനുഷ്യത്വത്തിന്റെ മൂടുപടത്തെ തള്ളിമാററുവാനുള്ള സംസ്കാരശൂന്യമായ സംരംഭത്തിൽനിന്നും നീ സ്വയം മാറുന്ന ഒരു ഭാവിയുണ്ടായില്ലെങ്കിൽ കരളലിയിക്കുന്ന, കരയിക്കുന്ന ചിത്രങ്ങൾ നിന്നോടു് എണ്ണിയെണ്ണി സമാധാനം ചോദിക്കും!!!

—*—


# ധന്വന്തരിവൈദ്യശാല

## H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്ടു്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്ടു്.

ച്യവനപ്രാശം ലേഹ്യം — റാത്തൽ 1-നു് 3 രൂപാ

ക്ഷീണശരീരങ്ങൾക്കു് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചയടപ്പു്, രക്തവാതം, ഇവകളെ നശിപ്പിക്കയും ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരു രൂപാ തൂക്കം മുതൽ രണ്ടു രൂപാ തൂക്കംവരെ ഉപയോഗിക്കാം.



# ഭഗവതിവിലാസം ഹോട്ടൽ ആൻറു് ററിഷാപ്പ്

ബസ്സ് സ്റ്റാൻഡ് :: കായംകുളം

ഠൗണിൽ വരുന്നവർ രുചിയായി കാപ്പികുടിക്കുവാനും, സുഖമായി ഊണുകഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ വരുക.

ഉടമസ്ഥൻ പി. കുട്ടൻപിള്ള.

# കിദ്വായിയുടെ പ്രസ്സ്‌കാൺഫറൻസ്

## പനി വന്നാൽ പള്ളിയിൽനിന്നു് പിടിയരി കിട്ടും

എനിക്കു കിറുക്കില്ല—ഉഴവുമ്പാറ എന്തെന്നു് എനിക്കു നിശ്ചയമില്ല—
അതു് ഒരു മരുന്നാണെന്നുമാത്രം അറിയാം.

(മോർക്കുളങ്ങര മുരളി)

നമ്മുടെ നാട്ടിലേക്കു്, കേന്ദ്രമന്ത്രിമാരേയും, നാട്ടുരാജ്യ യൂണിയൻ സെക്രട്ടറിയേയും മററും ആകർഷിക്കുന്നതു്, ഫലഭൂയിഷ്ഠമായ നെൽപ്പാടങ്ങളോ, നാളികേരത്തിൻെറയോ, കുരുമുളകിൻെറയോ, മാഹാത്മ്യമോ "ബ്ളാക്കു്ടിൻ ഷീററിൻെറയോ," "വെളിച്ചെണ്ണ മരവിപ്പിക്കുന്ന പുതിയ, യന്ത്രത്തിൻെറയോ" കണ്ടുപിടിത്തമൊന്നും അല്ല. കേന്ദ്രത്തിലെ മന്ത്രിമാരേയോ, ഉദ്യോഗസ്ഥന്മാരേയോ, അപേക്ഷിച്ചു് കൂടുതൽ ബുദ്ധിപൂർവ്വകമായി പെരുമാറാനും, നയതന്ത്രത്തിൽ നില്ക്കാനും, നമ്മുടെ മന്ത്രിമാർ ബഹുസമർത്ഥന്മാരാണു്. ഇവിടുത്തെ മന്ത്രിമാരെ കണ്ടു് പലതും കേന്ദ്രത്തിലെ മൂഢന്മാർക്കു് പഠിക്കാനുണ്ടാകും. അങ്ങനെ ലേശംകൂടെ മൂഢനായ കിദ്വായി തിരു-കൊച്ചി സന്ദർശിക്കാൻ ആദ്യമായി വന്നു. അഞ്ചരലക്ഷമാണു് വിമാനത്താവളത്തിൽവെച്ചു് ഖദർഹാരമണിയിച്ചു് കിദ്വായിയെ സ്വീകരിച്ചതു്. തുടന്നു് ഒരു പ്രസ്സ്കാൺഫറൻസ് അദ്ദേഹം വിളിച്ചുകൂട്ടി. നിങ്ങളുടെ പ്രതിനിധി അങ്ങനെ ഇങ്ങനെ ഉള്ളിൽകയറി. വാതുക്കൽനിന്നു് ശങ്കുണ്ണിപ്പിള്ളയും, കെ ബാലകൃഷ്ണനും, നിങ്ങളുടെ പ്രതിനിധിയെ കണ്ണുരുട്ടിയും, പല്ലുകടിച്ചും പേടിപ്പിച്ചു. നിങ്ങളുടെ പ്രതിനിധിക്കു് ചോദ്യങ്ങളൊന്നും ചോദിക്കാൻ സൌകര്യപ്പെട്ടില്ല. മററുള്ളവരുടെ ചോദ്യങ്ങളാണു് പകർത്തുന്നതു്.

പ്രതിനിധികൾ:-അങ്ങു് തിരു-കൊച്ചി സന്ദർശിക്കാൻ വന്നതിൻെറ പ്രഥമോദ്ദേശം എന്താണു്.

കിദ്വായി:-പൊതുജനങ്ങളുടെ ഇടയിൽ ഇറങ്ങിനടന്നു്, ഇവിടത്തെ ഭക്ഷ്യനിലയെ നേരിൽകണ്ടു് മനസ്സിലാക്കുന്നതിനു്.

പ്രതിനിധി:-റേഷൻവിടാൻ ഉദ്ദേശിക്കുന്നൊണ്ടോ?

കിദ്വായി:-അതിനു് പൊതുജനങ്ങളുടെ അഭിപ്രായം ആരായണം

പ്രതിനിധി:-റേഷൻ കൂടുതൽ അരിതന്നെ ഇനിയും മുതൽ തരുമോ?

കിദ്വായി:-ഇന്നുമുതൽ നിങ്ങൾക്കു് റേഷൻ മുഴുവനും അരിതന്നെ ആയിരിക്കും. ഗോതമ്പു തരുകയേ ഇല്ല.

പ്രതി:-മററു് പ്രോവിൻസുകളേക്കാളും, കൂടുതലായി തിരു-കൊച്ചിയെ കേന്ദ്രം ചൂഷണംചെയ്തു് ഡോളർ സമ്പാദിക്കുന്നതായി അറിയാമോ?

കിദ്വായി:-നിങ്ങൾ പറയുന്നതു് ശുദ്ധമേ അബദ്ധം. ഇവിടത്തെ ചില വരവിനങ്ങൾ കേന്ദ്രം ഏറെറടുത്തിട്ടുണ്ടു്.

പ്രതി:-ഇവിടെ ഭക്ഷ്യസബ്സിഡി തരുമോ?

കിദ്വായി:-നിങ്ങൾക്കു് ആവശ്യം ഉള്ളടത്തോളം അരി കേന്ദ്രം തരുന്നതായിരിക്കും. പക്ഷെ അതിനു് നിങ്ങളുടെ മന്ത്രിമാർ ആണു് സമ്മതിക്കാത്തതു്.

പ്രതി:-ഇവിടുത്തെ അദ്ധ്വാനിക്കുന്ന വർഗ്ഗം പട്ടിണിയിൽ മുഴുകി ഇരിക്കുമ്പോൾ, അവർക്കു് അരികൊടുക്കാൻ ഇവിടുത്തെ കോൺഗ്രസ്സ് ഗവമെൻറു് അനുവദിക്കുകയില്ലേ?

കിദ്വായി:-അതു് എന്നോടു് ചോദിക്കേണ്ട കാര്യമല്ല.

പ്രതി:-ഇപ്പോൾ അങ്ങേയ്ക്കു് ഇവിടത്തെ ഗവമെൻറിനെപ്പററി മനസ്സിലായികാണുമെന്നു വിശ്വസി


**കൈലാസ് തേയില ഡിപ്പോ**

പേട്ട — — തിരുവനന്തപുരം.

ഊററു്, മണം, രുചി ഇവക്കു് കൈലാസ് തേയില ഉപയോഗിച്ചു്
സംതൃപ്തിയടയുവിൻ. പ്രൊ. വി. മാധവൻപിള്ള.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ
ജ്യൂവലറി സന്ദർശിക്കുവിൻ!

ക്കൻ. അങ്ങയെകൊണ്ടുതന്നെ ഉള്ളകാര്യങ്ങൾ തുറന്നു പറയിപ്പിക്കാനാണു് ഞങ്ങൾ ഇതുവരേയും കാത്തിരുന്നതു്. (പ്രസ്സ് കാൺഫറൻസ് പിരിച്ചു വിടുന്നതിനു മുൻപായി പനമ്പള്ളി അവിടെനിന്നും ഇറങ്ങിപ്പോകുകയുണ്ടായി)

കിദ്വായി വിശ്രമാത്ഥം കന്യാകുമാരിയിൽ പനമ്പള്ളിയോടൊന്നിച്ചു് താമസിച്ചു. തിരുവനന്തപുരത്തു് തിരിച്ചുവന്നപ്പോൾ കിദ്വായിയുടെമുഖം വളരെ മ്ലാനമായിട്ടും, പനമ്പള്ളിയുടെ ആഹ്ലാദപ്രദവുമായിട്ടാണു് ഇരുന്നതു്. അദ്ദേഹത്തിന്റെ പിന്നീട്ടുള്ള പ്രോഗ്രാം റദ്ദ് ചെയ്തതായി കിദ്വായി നിങ്ങളുടെ പ്രതിനിധിയെ അറിയിച്ചു. കിദ്വായിയെ കണ്ടു് പലതും ചോദിക്കാൻ വന്ന മററു പ്രതിനിധികളെ പറഞ്ഞയച്ചിട്ടു് നിങ്ങളുടെ പ്രതിനിധിയെ മാത്രം അദ്ദേഹം സ്വീകരിച്ചു് സംഭാഷണങ്ങൾ നടത്തിയെന്നു പറയുമ്പോൾ നിങ്ങൾ അൽഭുതപ്പെടരുതു്.

പ്രതി:—അങ്ങേയ്ക്കു് ഇവിടുത്തെ ഭക്ഷ്യനില വ്യക്തമായി മനസ്സിലായോ?

കിദ്വായി:—നേരാംവണ്ണം മനസ്സിലായി. ഇവിടുത്തെ ഭക്ഷ്യനില സുരക്ഷിതമാണു്.

പ്രതി:—ഗോത.........(മുഴുവനാക്കാൻ അദ്ദേഹം സമ്മതിച്ചില്ല.)

കിദ്വായി:—ഗോതമ്പു് ഉപയോഗിച്ചേ തീരൂ. നിങ്ങളുടെ അരിറേഷൻ തീരെ ഇല്ലാതാക്കാൻ പോകയാണു്. ഗോതമ്പായിരിക്കും മുഴുവൻ റേഷൻ.

പ്രതി:—അപ്പോൾ ആക്കെങ്കിലും പനി പിടിപെട്ടാൽ.

കിദ്വായി:—പള്ളികളിൽ നിന്നു് നിങ്ങൾക്കു് "പിടിയരി" ലഭിക്കാൻ വേണ്ട ഏപ്പാടുകൾ ചെയ്യും.

പ്രതി:—സബ്സിഡിയുടെ കാര്യം എന്നുമുതൽ നടപ്പിലാകും.

കിദ്വായി:—നിങ്ങൾക്കു് സബ്സിഡി തരുകയേ ഇല്ല.

പ്രതി:—എല്ലാവരും പട്ടിണി കിടന്നു മരിച്ചുപോകും.

കിദ്വായി:—പട്ടിണി മരണമെന്നുപറയുന്നതു് കവികളുടെ സങ്കല്പലോകത്തിൽ മാത്രം സ്ഥിതിചെയ്യുന്ന ഒന്നാണു്.

പ്രതി:—അപ്പോൾ ചേർത്തല രണ്ടുപേർ മരിച്ചതു്.

കിദ്വായി:—വയററുകടി, ഭയങ്കര വയററുകടി, അജീണ്ണംമൂലം.

പ്രതി:—ആഹാരം കഴിച്ചില്ലെങ്കിൽ ദേഹത്തിനു് ചൂടുപിടിച്ചു് വയററുകടി പിടിപെടരുതോ.

കിദ്വായി:—ഞാനൊരു ഡാക്ടർ അല്ല.

പ്രതി:—അങ്ങു പറഞ്ഞ "റെഡ്കാർഡ്"

കിദ്വായി:—"റെഡ്കാർഡ്" വിതരണം ചെയ്യും. അതു് കമ്മ്യൂണിസ്റ്റ്കളെ തൂക്കിക്കാണിക്കുന്നതായിരിക്കും. അവരിൽനിന്നു് റേഷനു് ഇരട്ടിവില വസൂലാക്കുന്നതായിരിക്കും.

പ്രതി:—എന്നാൽ പിന്നെ ഇവിടെ ഇടതുപക്ഷം കാണുകയില്ലല്ലോ? പിന്നെ ഭരണംഎങ്ങനെ നന്നാകും.

കിദ്വായി:—ഭരണം ഞങ്ങൾ നടത്തിക്കൊള്ളാം. നിങ്ങൾ ഗവമ്മെൻറു കായ്യത്തിലിടപെടണ്ടാ. കമ്മ്യൂണിററ് മരിക്കണം. അതിനാണു് ഞങ്ങളുടെ "ഏകീകൃതദശവത്സരപദ്ധതി"

പ്രതി:—അങ്ങു് എറണാകുളത്തു വെച്ചു പറഞ്ഞതിനെല്ലാം വിരുദ്ധമായിട്ടാണല്ലോ ഇപ്പോൾ പറയുന്നതു്. അങ്ങേയ്ക്കു് കിറുക്കുണ്ടോ?

കിദ്വായി:—താനൊരു കമ്മ്യൂണിസ്റ്റാണു്. എനിക്കു കിറുക്കില്ല.

പ്രതി:—ഊളമ്പാറയെപ്പററി അങ്ങേയ്ക്കു് അറിയാമോ.

കിദ്വായി: അതൊരുതരം മരുന്നാണെന്നു മാത്രം അറിയാം.

പ്രതി: – എറണാകുളത്തു വെച്ചു പറഞ്ഞ വിപ്ലവകരമായ മാററം ഇതാണോ?

കിദ്വായി:—ഞാൻ വിചാരിച്ചതുപോലെ ഒരു കുഴപ്പവും ഇവിടെ ഇല്ല. ഇവിടുത്തെ ഭക്ഷ്യവും, വ്യവസായവും എല്ലാം ഭദ്രമായിത്തന്നെയാണു് ഇരിക്കുന്നതു്. അതെല്ലാം കന്യാകുമാരിയിൽ വെച്ചുണ്ടായ ബോധക്കേടോടുകൂടി മനസ്സിലായി.

[നിങ്ങളുടെ പ്രതിനിധി പനമ്പള്ളിയോടൊന്നിച്ചു് കിദ്വായിയെ വിമാനത്താവളംവരെ അനുയാത്ര ചെയ്തു. വിമാനത്താവളത്തിൽ വെച്ചു് ഡാക്ടറുമായുള്ള സംഭാഷണ മദ്ധ്യേ ഇത്രയും കാര്യങ്ങൾ ഗ്രഹിക്കാൻ ഇടയായി. കന്യാകുമാരിയിൽ വെച്ചു നടന്ന ഭക്ഷ്യമന്ത്രിമാർ തമ്മിലുള്ള സംഭാഷണമദ്ധ്യേ, കിദ്വായിക്കു് ബോധക്കേടു വന്നെന്നും, പനമ്പള്ളിയുടെ ശുശ്രൂഷാഫലമായി അദ്ദേഹത്തിനു് ദിവ്യോദയം ഉണ്ടായെന്നുമാണു് അറിയാൻ ഇടയായതു്. കന്യാകുമാരിയിൽ വെച്ചുണ്ടായ ദിവ്യോദയഫലമാണു് കിദ്വായിയുടെ "വിപ്ലവകരമായ"മാനസികമാററം]

—*—


# ദന്താശുപത്രി

(കമ്പോളത്തിനു തെക്കുവശം)

S. പറവൂർ.

ബ്രാഞ്ചു് കൊട്ടിയം.

പല്ലുസംബന്ധമായ എല്ലാരോഗങ്ങൾക്കും ഇവിടെ ചികിത്സിക്കുന്നതാണു്.

ഡാക്ടർ. ഏ. രഘുനാഥൻ

# അമ്മാവൻ

(ഇടയ്ക്കണ്ണാട്ട് ജി. ശങ്കരക്കുറുപ്പ്)

അമ്മാവാ ആ സൈഡിൽ മാറി ഇരിക്കണെ! സ്വരാജ് ബോട്ടിൽ കോട്ടയത്തുപോകുന്ന എന്നെ നോക്കി പഴുക്കാനിലത്തിൽ വച്ച് പോർട്ടർകുട്ടി ഉപയോഗിച്ച ഭാഷയാണ്. ഞാനോ, ദേവസ്വം മരാമത്തു ഡിപ്പാർട്ടുമെൻറിൽ നിന്നും അനുവദിച്ച കുളം വെട്ടി തെളിച്ച് എൻജിനീയറുടെ പരിശോധനയിൽ തൃപ്തികരമായ അഭിപ്രായവും വാങ്ങിയിട്ട് മാസം മൂന്നു കഴിഞ്ഞു എങ്കിലും, പണം കിട്ടാഴികയാൽ ഡിവിഷനാഫീസറെ കാണാൻ പോകയാണ്. നാലുവെളുപ്പിന് എഴുന്നേററ് കുളിയും കുറിയും ജപവും നടത്തി അഞ്ചുമൈൽ നടന്ന് ആലപ്പുഴ എത്തി ആറരക്കുള്ള ബോട്ടിൽ കയറി ഇളംവെയിലേററ് മന്ദമായി ഒന്ന് തുങ്ങിയിരിക്കയായിരുന്നു. ആണോ പെണ്ണോ ജാതിയോ മതമോ പേരുകൊണ്ടു മനസ്സിലാകാത്ത ഈ ആൾ ഇരുണ്ടു തടിച്ച ഒരു കുറുമുണ്ടനാണ്. നോക്കിയിരുന്ന ചെല്ലമ്മ സാറും, ജുബായും കണ്ണടയും ധരിച്ച ചില സിമ്പളന്മാരും കേട്ടതാണ് എനിക്കു കൂടുതൽ രോഷം. അവരോ, ആലപ്പുഴ ജില്ലാക്കോടതി വരാന്തയിൽ ഇരുന്ന് ബീഡി വലിച്ച ഒരു മുതുകിളവന് ഇരുപത്തിഅഞ്ചു രൂപാ പിഴ ഇട്ടു എന്നും കൊടുക്കാൻ നിവൃത്തി ഇല്ലാതെ വന്നപ്പോൾ ജയിലിൽ അയച്ചു എന്നും അതു് ഇന്നത്തെ ഗവൺമെൻറിനു നഷ്ടമാണ് എന്നും, ആൾ നോക്കാതെയും കുററത്തിൽ കവിഞ്ഞും ശിക്ഷിച്ച ജഡ്ജി പത്മനാഭൻ, തൻെറ അധികാരമത്തതയും തണ്ടും പ്രത്യക്ഷപ്പെടുത്തുകയാണ് എന്നും അല്പം മുൻപ് ദീപിക വായിച്ച് വിമർശിച്ചവരാണ്. പുരുഷന്മാർക്കു മാത്രം ഏതോ ഉദ്ദേശത്തോടുകൂടി നിയതി അനുവദിച്ചിരിക്കുന്ന മുഖത്തെ രോമം, നിത്യം രണ്ടുപ്രാവശ്യം വടിച്ച് കൈലേസുകൊണ്ടു തുടച്ചുപടി ചായക്കടയിൽ കയറി ഭക്ഷണം കഴിച്ച്, സ്ത്രീകൾക്ക് മനസ്സില്ല, എന്നു വാദിച്ചു തുടങ്ങിയിരിക്കുന്ന, ഗർഭധാരണം കൂടി ഏറെറടുക്കാൻ തയ്യാറാണ് എന്നു വാദിച്ചു നടക്കുന്ന സുന്ദരവിഢ്ഢികളുടെ കൂട്ടത്തിൽ പെട്ടവരാണോ! എന്നും തോന്നും.

അമ്മാവാ വിളികൊണ്ടു് ക്ഷോഭിച്ച എൻെറ മുഖഭാവം കുട്ടിയേയും മുൻപറഞ്ഞവരേയും അല്പം അമ്പരപ്പിച്ചിരിക്കും. കോപവും താപവുംകൊണ്ടവശനായ എൻെറ നീതിയും ഭീതിയും ഭൃതിയും മൌനത്തിനു മാററുകൂട്ടി. രണ്ടു മാസത്തിനുമുൻപു് നമ്മുടെ ധർമ്മപത്നി കേട്ടുനിൽക്കേ, മകളുടെ മകൻ അപ്പൂപ്പാ എന്നു വിളിച്ചപ്പോൾ മുഖംകറുപ്പിച്ച എനിക്ക്, എന്തെങ്കിലും ബന്ധത്തിനോ വൈരാഗ്യത്തിനോ പരിഹാസത്തിനോ വകയില്ലാത്ത അന്യനായ ഒരാളുടെ അമ്മാവാവിളി കേട്ടപ്പോഴാണ് മൌനത്തിൻെറ ഗൌരവം ചിന്തയിലേക്കു മാറിയതു്. പഠിച്ചുനടന്നകാലത്തു് വിദ്യാലയവിനോദങ്ങളിൽ പങ്കുകൊണ്ടു് ശകുന്തളയുടെ ഭാഗം അഭിനയിച്ചപ്പോൾ പ്രിയംവദ എന്നപേരും, ഹൈജമ്പിനു് ഒന്നാംസമ്മാനവും, യുവരസികനായി നടന്നകാലത്തു് ദമയന്തിയുടെ വേഷംകെട്ടിയപ്പോൾ സുന്ദരീ! ദേവി എന്ന സ്ഥാനവും, വഹിച്ച എനിക്കു് ഈ അമ്മാവൻവിളി എന്തുമാത്രം ഹൃദയശല്യം ഉണ്ടാക്കിയിരിക്കുമെന്നു് അനുഭവസ്ഥന്മാർക്കു് ഊഹിക്കാം. ഞാൻധരിച്ചിരുന്ന മുണ്ടും തോർത്തും വിയർപ്പുമുതലായവ തുടക്കുന്നതിനും നിത്യം അടിച്ചുനനച്ചു കുളിക്കുന്നതിനും ഈ ദേശത്തിൻെറ ശീതോഷ്ണസ്ഥിതിക്കു പററിയ വായുവും ചൂടും സംരക്ഷിക്കുന്നതിനും ഉപകരിക്കുമെന്നു് എനിക്കു് അനുഭവമുണ്ടെങ്കിലും, സിൽക്കുസാരിയും ധരിച്ചു് മുഖത്തുപൌഡറും അടിച്ചു് അനുഭാവപൂർവ്വം പോകുന്ന തങ്കമ്മയോ, പോപ്ലിൻഷർട്ടും ഗ്യാസ് പ്ലാനലും ഇട്ടു് സിഗററു വലിച്ചു് മധ്യസ്ഥ

സന്ദർശിക്കുവിൻ

ശ്രീ രാമകൃഷ്ണാ ലഞ്ച്ഹോം

ബസ്സ്സ്റ്റാൻഡ്—കായംകുളം

ഊണും കാഫിയും ഒന്നിനൊന്നു മെച്ചം എന്നാണ് അനുഭവസ്ഥർ പറയുന്നതു്.

താമസത്തിനു സൗകര്യപ്രദമായ മുറികൾ വാടകയ്ക്കു കൊടുക്കപ്പെടും.

കൊല്ലം S. N. കാളേജിനു സമീപം സ്ഥാപിച്ചിരിക്കുന്ന പ്രീമിയർ ഹോട്ടൽ & ഹോസ്റ്റൽ

യാത്രക്കാർക്കും സ്ഥിരതാമസക്കാർക്കും ഏററവും പററിയതു്.

തക്ക് നുഴഞ്ഞുകയറി നടക്കുന്ന ജയദേവ് സഖാവോ, എന്നെ ലുബ്ധനെന്ന് പരിഹസിക്കുന്നതിൽ എനിക്ക് പരിഭവമില്ല. കോടീശ്വരന്മാരുടെ പിശുക്കുകളെ പററി മനോരമയിലെ ലേഖനം വായിച്ചപ്പോൾ എനിക്ക് ചിരിയാണുണ്ടായതു്. ചെറുപ്പത്തിൽ സ്വാറം, കല്യാണകാലത്ത് കുറുപ്പുചേട്ടനും, സഹോദരിക്കു മകനുണ്ടായപ്പോൾ മാമ്മനും ആയി കഴിഞ്ഞ എന്നെ ഇതേവരെ ആരും അമ്മാവാ വിളിച്ച് കളിയാക്കിയിട്ടില്ല. എന്നെപ്പോലെ മുണ്ടും തോർത്തും ധരിച്ച്, ആഴ്ചയിൽ ഒരിക്കൽമുഖം വടിപ്പിക്കുന്ന, എന്നെക്കാൾ മുഖത്തു മീശയും കൂട്ടത്തൽ വളത്തി അണിയത്തിനടുത്തിരിക്കുന്ന വെററില കച്ചവടക്കാരൻ ഇടത്തുകയ്യൻ പരീതിനെ അല്ലേ! അമ്മാവാ! എന്നു വിളിക്കാൻ ന്യായം എന്നും ഞാൻ വിചാരിക്കാതെ ഇരുന്നില്ല. വെള്ളെഴുത്തോ എനിക്കുണ്ടായിട്ടില്ല. ചില ദിവസം രാത്രി വായിക്കാൻ തുടങ്ങുമ്പോൾ അല്പം മൂടൽ തോന്നിയാൽ, പിറേറദിവസം രാവിലെ ആദിത്യകിരണങ്ങളിൽ ദൃഷ്ടി ഉറപ്പിച്ച് മൂന്നു മിനിററു നിന്ന് മൂടൽ മാററുന്ന പ്രകൃതി ചികിത്സയുടെ അനുഭവം എന്നെ കണ്ണടവച്ചും അമ്മാവനാക്കാൻ ഇടയാക്കിയിട്ടില്ല. “അരുതാത്തതുമായതും ക്രമേണയരികത്തുള്ളതുമാക്രമിച്ച്” കൊച്ചുമിടുക്കനായി ഞെളിഞ്ഞു് എന്നും സുഖിച്ചു വാണുകൊള്ളാമെന്ന മോഹം വെറും മിഥ്യയെന്ന്, ഈയിട ചില സഹപ്രവർത്തകന്മാരുടെ ദേഹവിയോഗം കണ്ടപ്പോൾ എനിക്കു ഒരുപേടി; പതിവായി ആചരിക്കാറുള്ള നനയ്ക്കു ഭാവിച്ചപ്പോൾ കഴിഞ്ഞയാഴ്ച കുടം താഴെ വീണതും, ആദിത്യനമസ്ക്കാരം ചെയ്തപ്പോൾ കാൽ ഇടറിയതും, പ്രായം കൂടി വരുംതോറും ദേഹത്തിന് ക്ഷീണമുണ്ടാക്കുകയാണ് എന്നു് ഓർമ്മപ്പെടുത്തി. ആയുസ്സുതന്നെ നഷ്ടമായേക്കാമെന്ന് മററു ചിലരുടെ വേർപാടും എന്നെ വേദനിപ്പിച്ചു. കുടവയറിൻെറ ചരായ അല്ല എങ്കിലും, അടിവയററിൽ ഒരു ഘനഭാവം അന്തസ്സിനേക്കാൾ ദുർമ്മേദസ്സിനെ തെളിയിക്കയാണ് എന്നും എനിക്കു തന്നെ തോന്നി. കഷ്ടം! കാലം പോയപോക്ക്. കഴിഞ്ഞ കാലം തിരിച്ചു കിട്ടുമോ? നാളെ നമുക്കുള്ളതോ? ഈ സമയം എന്തെങ്കിലും നന്മചെയ്യാൻ സാധിക്കുന്നതല്ലേ മനുഷ്യത്വം. നിമിഷംതോറും നടന്നുകൊണ്ടിരിക്കുന്ന ജനനമരണങ്ങളേ പററി അധികംപേരും ചിന്തിക്കാറില്ല എങ്കിലും, ലോകോപകാരാർത്ഥം ജീവിച്ച സത്തമന്മാരെപ്പററി നാം സ്മരിക്കുന്നു. മനനം ചെയ്യാൻ തക്ക മനസ്സോടുകൂടിയ മനുഷ്യജന്മത്തിൻെറ മഹനീയത മനസ്സിലാക്കി മനോലയമാണ് മഹാജയമെന്ന് അനുഭവത്തിൽ കാണിക്കുന്ന സിദ്ധന്മാരായ യോഗികളെ കാണുമ്പോൾ ആദരവും ഭക്തിയും തോന്നും എന്നല്ലാതെ അവരെപ്പോലെ മുനിവൃത്തിക്ക് തക്ക പ്രായമായില്ലാ എന്ന് സ്വാർത്ഥം എന്നെ സമാധാനപ്പെടുത്തി.

മിന്നൽ വേഗത്തിൽ പായുന്ന മനസ്സിൻെറ ചുക്കായ്ക്കാരൻബുദ്ധി, സമാധാനമാണു സുഖമെന്ന് ഉൽബോധിപ്പിക്കയും ഉടനെഇന്ദ്രിയങ്ങൾക്ക് അധീനനാ




ഒരാൾ:—സ്നേഹിതാ! ആ നിൽക്കുന്ന സ്ത്രീ കുറേനേരമായി എന്നെതന്നെ നോക്കുന്നു.

മറേറയാൾ:—അതു് എൻെറ ഭാര്യയാണ്. നിങ്ങളെ നോക്കുകയല്ല. അവൾക്ക് കോങ്കണ്ണ് ഉണ്ടു്. അതുകൊണ്ടു് നിങ്ങൾക്ക് തോന്നുകയാണ്.


# ആർ. ഭഗവതിഅപ്പൻ ചെട്ടിയാർ

## സ്വർണ്ണവ്യാപാരം, ചാലബസ്സാർ-തിരുവനന്തപുരം.

പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി നവീനരീതിയിലുള്ള സകലയിനം സ്വർണ്ണം വെള്ളി ഇവകൊണ്ടുള്ള ആഭരണങ്ങളും ഇവിടെനിന്നും നിങ്ങൾക്ക് കൃത്യസ[illegible] ഓർഡറുകൾ അനുസരിച്ചും റെഡിമേഡായും കിട്ടുന്നതാണ്.

യിപൂർവ്വസ്മരണകളിലേക്കു് കടക്കുകയുംചെയ്തു. ജനിച്ച നാട്ടിൽ ഒരു ആസ്പത്രി സ്ഥാപിക്കുന്നതു് പൊതുജനോപകാരപ്രദമെന്നു തോന്നി. ഒന്നാംതരം ഭരണതന്ത്രജ്ഞനും ജനഹിതകാംക്ഷിയും യഥാർത്ഥ ചിന്തകനും ആയിരുന്ന, സി. പി. സ്വാമിയുടെ കാലത്തു് മൂവ്വായിരം രൂപയും എഴുപത്തിഅഞ്ചുസെൻറ സ്ഥലവും കൊടുത്താൽ ഒരു ആസ്പത്രി പണിയിച്ചു് നടത്തികൊള്ളാമെന്നഗവൺമെൻറിൻെറ വാക്ദത്തം അനുസരിച്ചു്, മൂവ്വായിരം രൂപായും എഴുപത്തിആറുസെൻറ ഭൂമിയും ഏൾപ്പിച്ചിട്ടു് വർഷം ആറു കഴിഞ്ഞിട്ടു് മാസം ആറു തികയാൻ ദിവസം ആറേ വേണ്ടു. ഒരു തീരുമാനവും ഇല്ല. സെൻറിനു് നൂറു രൂപാവീതം വിലവരുന്ന കലവൂരങ്ങാടിയിലുള്ള ആ സ്ഥലം ആട്ടുമാട്ടുകളുടെ മേച്ചിൽ സ്ഥലമായി പരിലസിക്കുന്നു. മൂവ്വായിരം രൂപാ അന്നു് ഒരു കർഷകനേയോ കച്ചവടക്കാരനേയോ ഏൾപ്പിച്ചിരുന്നു എങ്കിൽ ദിവസം ഓരോ രൂപാവീതം ആദായം വാങ്ങി സാധുക്കൾക്കു് ധർമ്മം കൊടുക്കുന്നതിനു് രണ്ടായിരത്തി മുന്നൂററി എഴുപതുരൂപാ ഇന്നുവരെ ഉപകരിക്കുമായിരുന്നു. ഒരു ക്രിസ്ത്യൻ മിഷ്യനറിയേ ഏൾപ്പിച്ചിരുന്നു എങ്കിൽ എത്രയോ മുൻപു് ആ പണി നടപ്പിൽ വരുമായിരുന്നു. അന്നത്തെ കല്ലിൻേറയും തടിയുടെയും വിലക്കു് അതുമുടക്കി ഞാൻ തന്നെ പണിയിച്ചു കൊടുക്കാതെ ഇരുന്നതും മോശമായിപോയി. എന്താ ചെയ്യുക. മന്ത്രിമാരെ സമീപിച്ചാൽ തന്ത്രം കൊണ്ടു മയക്കി വിടും. നേരോ നെറിയോ പ്രാപ്തിയോ പൌരുഷമോ ഇല്ലാത്ത സ്വാർത്ഥലോലുപന്മാരുടെ ഭരണപരിഷ്കാരം മൂത്തു മൂത്തു്, നീതിന്യായങ്ങൾ നടക്കയില്ല എന്നായി. അത്യാവശ്യകാര്യങ്ങളേപററി ബോധിപ്പിക്കുന്ന അപേക്ഷകൾ ഓരോ കിടപ്പിടത്തുനിന്നും പൊക്കികൊണ്ടു നടക്കാൻ ആളും പണവും കൂടെ നിൽക്കണമെന്നായി. സത്യവാൻമാരും സമർത്ഥന്മാരുമായ മേധാവികളും ഇല്ല എന്നില്ല. എല്ലാതുറകളിലേയും മുതലെടുപ്പു് രണ്ടോ മൂന്നോ ഇരട്ടി ആയി വർദ്ധിപ്പിച്ച തുകകൊണ്ടു ഫലമെന്തു്. വേണ്ടകാര്യങ്ങൾ അഭിപ്രായവ്യത്യാസങ്ങളും പുനരാലോചനകളും കൊണ്ടു് കുഴങ്ങുന്നു.

വല്ലതും നടക്കുമെന്നുകണ്ടാൽ പുരോഗമനക്കാരുടെ:തകിടം മറിച്ചിൽകൊണ്ടു് തകരാറാകുന്നു. സമസ്തജനതയും അഭികാമ്യമായി കരുതുന്ന, സമത്വസുന്ദര സാഹോദര്യം പുലർത്തി മലയും കടലും സമമാക്കാനെന്നു ഭാവിച്ചു്, വിദേശീയമൂലധനം കണ്ടുകെട്ടാനും രാജഭണ്ഡാരം അടിച്ചുമത്താനും ആക്രാന്തം പിടിച്ചു്, അഞ്ചുമണിക്കൂറും മററും ആവേശഭരിതരായി പ്രസംഗിച്ചും സജ്ജനനിന്ദചെയ്തും സാധുക്കളും ശ്രമശീലരുമായി കഴിയുന്ന തൊഴിലാളികളേയും, കഷ്ടപ്പെട്ടും വിയർത്തും കഴിയുന്ന കർഷകരേയും വഴിപിഴപ്പിച്ചും വെമ്പൽകൊള്ളുന്ന നേതൃമ്മന്യസഖാക്കൾ ദിവസം ഒരു മണിക്കൂർവീതം ഭൂമിയിൽ വേലചെയ്തു വിയർത്താൽ അവരുടെ ദുർമ്മേദസ്സിനു ശാന്തിവന്നു് ദുർഭാഷണവുംഗർവ്വും ദാരിദ്ര്യവും കുറയുകയില്ലേ എന്നുംഎനിക്കുതോന്നി. അച്ഛനും മകനും ഒരേ രംഗത്തിൽ സഖാക്കളാകാൻ കൊതിച്ചു് സ്വാതന്ത്ര്യ പ്രേമികളെന്നുനടിച്ചു് സംഘട്ടനവും സംഘടനയും തൊഴിലാക്കി, ഭൂമിയിലുമാകാശത്തിലുമല്ലാതെ അന്തരീക്ഷത്തിൽ എവിടെയോ സ്ഥിതിചെയ്യുന്നതുപോലെയാണു് ഈ കൂട്ടരെ ഞാൻ കാണുന്നതു്. ഇപ്പോളെന്തുപററി. തൻകാര്യം മൂത്തു, കുടികിടപ്പാൻ പുരയിടമോ, വാടകക്കു വീടോ, തൊഴിൽ ശാലകളിൽ ജോലിയോ, ഭൂമിയിൽ വേലയോ, ചുമട്ടുകാർക്കു കൂലിയോ, കിട്ടാതായി. വിശാലവീക്ഷകരായ ഇവർ ധനവാൻെറഭാര്യയുടെ വയററിൽ ദരിദ്രൻെറ കുട്ടിയേ പിടിച്ചിടുന്ന പണി എന്തുകൊണ്ടു നടപ്പിലാക്കുന്നില്ല? എല്ലാം നമ്മുടെ ശക്തിക്കധീനമല്ലേ. ഇങ്ങനെ ഓരോന്നു ചിന്തിച്ചു പരിസരങ്ങൾ നോക്കി പോകുമ്പോൾ വള്ളവും വലയുമായി മത്സ്യം പിടിക്കാൻ ഉല്ലാസത്തോടുകൂടി തുഴഞ്ഞു പോകുന്ന ഹിംസാതല്പരന്മാരായ പാപികൾ, പിടിക്കുന്ന

ഓം

# ശിശുസംരക്ഷണി ആവണക്കെണ്ണ

കുട്ടികളുടെ കരപ്പൻ, കണ, പനി, വിരദോഷം, ശ്വാസംമുട്ടൽ മുതലായവയെ ഉടൻ ശമിപ്പിക്കും. ആഴ്ചയിൽ രണ്ടുപ്രാവശ്യം 3 തുള്ളി മുതൽ 5 തുള്ളിവരെ പഞ്ചസാരയിൽ കൊടുക്കണം. പ്രായമുള്ളവർക്കു് മലബന്ധത്തിനു് 20 തുള്ളിമുതൽ 30 തുള്ളിവരെ ഉപയോഗിക്കാം.

വൈദ്യൻ, ആർ. കൃഷ്ണൻനായർ,
മമ്മാണി & ആയുർവ്വേദവൈദ്യശാല, ഓച്ചിറ.

കൊല്ലം S. N. കാളേജിനു സമീപം സ്ഥാപിച്ചിരിക്കുന്ന പ്രീമിയർ ഹോട്ടൽ & ഹോസ്റ്റൽ
യാത്രക്കാർക്കും സ്ഥിരതാമസക്കാർക്കും ഏററവും പററിയതു്.

മത്സ്യങ്ങളിൽ ചെറുകുഞ്ഞുങ്ങളെ എങ്കിലും വാത്സല്യത്തോടുകൂടി വളർത്താൻ സന്മനസ്സുണ്ടായാൽ അവരുടെ കുഞ്ഞുങ്ങൾക്കു് അവ പിൽക്കാലത്തേക്കു് ഉപകരിക്കുമെന്ന ബോധമെങ്കിലും അവർക്കുണ്ടാകണേ എന്നു പ്രാർത്ഥിച്ചു. വാസയോഗ്യമല്ലാതെ കിടന്ന വേമ്പനാട്ടന്റെ ഒരു വലിയ ഭാഗം കുത്തി എടുത്തു് ഒന്നാംതരം നെൽപാടങ്ങളാക്കി ദിനംതോറും ആയിരത്തിൽപരം ജനങ്ങൾക്കു ജോലി കൊടുത്തും നെല്ലരിയുടെ ദാരിദ്ര്യത്തിനു് ഒരു പങ്കു പരിഹാരം വരുത്തിയും കഴിയുന്ന കർഷകരാജൻ മുരിക്കന്റെ കർമ്മയോഗത്തേയും, ഇന്നത്തെ ജനങ്ങളുടെ കെട്ടിടനിർമ്മാണത്തിനുതകുന്ന വിധം പള്ളം കുന്നിൽ സ്ഥാപിച്ചു നടത്തി വരുന്ന സിമന്റു ഫാക്ടറി മൂലം ഗവർമ്മെന്റു കാണിക്കുന്ന വ്യവസായോല്പാദന മഹിമയേയും, ഇല്ലം മതിൽ ആശ്രമം ആതുരശാല അതിഥിമന്ദിരം കുളപ്പുര മുതലായവയോടുകൂടി അഷ്ടവൈദ്യന്മാരിൽ അഗ്രഗണ്യനായി വിലസുന്ന വയസ്ക്കര തിരുമേനികളുടെ വംശമഹിമയേയും, അനുസ്മരിപ്പിച്ചു കഴിഞ്ഞപ്പോൾ ബോട്ടു കടവിലുമടുത്തു. നേരെ ആഫീസിലേക്കു നടന്നു. തെക്കേ നടയിലേക്കു് ചെല്ലുന്ന വഴിയുടെ ഇരുപുറവും കാണുന്ന ചുവപ്പും പശിമയുമുള്ള കൈയ്യാലമതിൽ, മനോരമാ മാമ്മൻമാപ്പിളയും, മഹാഭാഗ്യവാൻ മുള്ളൂരും, ജനിച്ച മണ്ണിന്റെ മഹിമ മനസ്സിലാക്കുകയാണെന്നു തോന്നി. ആഫീസിലെത്തി. എൻജിനീയർ ജോലി കൂടി വഹിക്കുന്ന ആഫീസർ തിരുവനന്തപുരത്താണെന്നറിഞ്ഞു. ഒരു രൂപയും ഒരു ദിവസവും നഷ്ടപ്പെട്ടതിൽ നിരാശനായി ക്ഷേത്രത്തിനു തെക്കുപുറമുള്ള റോഡിൽ നിൽക്കുമ്പോൾ, കണ്ട വഴിപോക്കരിൽ നിന്നു് തിങ്കളാഴ്ചയും ചന്തദിവസവും ഓർമ്മ വന്നു. ഒന്നു ചുററികറങ്ങാമെന്നു കരുതി ചന്തയിൽ എത്തി. ഉത്സവം തന്നെ. കാര്യശേഷിയുള്ള പെൺപിള്ളമാരുടെ വിക്രിയവും വിക്രമവും പാവപ്പെട്ട കർഷകർ കൊണ്ടുവരുന്ന സാമാനങ്ങൾ ചുളുവിൽ തട്ടി എടുക്കാൻ വങ്കന്മാർ കാണിക്കുന്ന അക്രമവും മററുപലതും വിസ്തരിക്കുന്നില്ല.

അല്പം വെള്ളം കോരാൻ കിണററിൽ നോക്കിയപ്പോൾ അഗാധം കണ്ടു തല കറക്കം വന്നു. എങ്ങിനേയോ നമ്മുടെ പഴയകുട്ടി അടുത്തുവന്നു, വെള്ളംകോരി തന്നു. ഒന്നാംതരം ശുദ്ധജലം. കാലും മുഖവും കഴുകി അല്പം കുടിച്ചപ്പോൾ ദാഹവും കറക്കവും തീർന്നു. മൂന്നരരൂപാ കൊടുത്തു് നൂററിമുപ്പത്തിമൂന്നു കായുള്ള ഒരു കദളിക്കുലയും ഒരണയ്ക്കു രണ്ടു കാന്താരിതൈയ്യും വാങ്ങി ഞങ്ങൾ ഒരുമിച്ചുതന്നെ പതിനൊന്നു മണിക്കുള്ള ബോട്ടിൽ ആലപ്പുഴക്കു പോന്നു. കുട്ടിയുടെ സഹായത്തിനു് പ്രതിഫലം ആശിച്ചില്ല എങ്കിലും ലഘുഭക്ഷണത്തിനെന്നു പറഞ്ഞു് ഞാൻ നാലണ കൊടുത്തു. ഞങ്ങൾ ചങ്ങാതിമാരായി. ആലപ്പുഴ ഒരെണ്ണത്തിനു് ഒന്നര ചക്രം കൊടുത്താൽ കിട്ടാത്ത പഴം കൊണ്ടു് അന്നത്തെ ദിവസം പാഴായില്ല എന്നു തൃപ്തിപ്പെട്ടു. അന്യനുപദ്രവം വരുത്താതെ ജീവിക്കാൻ പഠിച്ചാൽ സംതൃപ്തിയായി ഉറങ്ങാം. മനസാ സ്ഥൈതെവാനന്ദ!

—o—


## അംബികാവിലാസം റെസ്റ്റാറന്റ്

മീനാംബികാ തീയേററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചിട്ടുള്ള ഏകസ്ഥാപനം. ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ, എപ്പോഴും തയ്യാർ.

പ്രൊ: പി. ശങ്കരൻനായർ.

## Radhakrishna Motor Works

Vadayattukotta, Quilon.

**വെൽഡിംഗ്** അലുമിനിയം, കാസ്റ്റയേൺ, ബ്രാസ്, കാപ്പർ, അയേൺസ്റ്റീൽ മുതലായ എല്ലാ ലോഹങ്ങളും മിതമായ ചാർജ്ജിൽ വെൽഡ് ചെയ്തു കൊടുക്കപ്പെടും.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജൂവലറി സന്ദർശിക്കുവിൻ!

# :: നാടകക്കമ്പനി ::

— വാമനൻ —

ജോണച്ചൻ, വർഗ്ഗീസ്, പടംപുള്ളി, കൊച്ചുകുട്ടൻ-
തുണച്ചാർ മാതേവൻ,-കോ-ലിമിററഡ്.!
നാടകക്കമ്പനി-ഡൽഹി രജിസ്റ്റേഡ്-
നാടകമെല്ലാം, തിരുക്കൊച്ചിയിൽ!!
നായകവേഷവും, 'വില്ല'ൻെറ വേഷവും-
മായാവിയായ 'പടംപുള്ളി' താൻ!
'മേക്കപ്പു' ചെയ്തു മുഖം മിനുക്കിയവർ-
തക്കത്തിൽ വന്നിങ്ങരങ്ങുകേറി;
ഐ. എസ്സ്. പി. കൈകൊട്ടിച്ചുംഉമടിക്കവേ-
ഐ. യു. ചെറുക്കന്മാർ കല്ലെറിഞ്ഞു!
ടിക്കററു വിററതും തട്ടിപ്പറിക്കുവാൻ-
ധിക്കാരമോടവർ കൂട്ടക്കൂടി.
തെക്കൻ തമിഴ്നാട്ടു 'വമ്പാലു' കക്ഷിയാ-
യൊക്കയും കണ്ടു രസിച്ചുനിന്നു.
നാടകം "ട്രാജഡി" യാകുന്നമട്ടിലായ്-
ചൂടോടെ ഡൽഹിക്കു കമ്പിപോയി.

പ്രൊപ്രൈററർ നെഹ്രുവും സി. ആറു. മായുട-
നൊപ്പിച്ചൊരു വേലയിങ്ങിറക്കി!
തെക്കൻ തമിഴ്നാട്ടു 'മമ്മാണി' നാടാരെ-
ഒക്കത്തിലൊന്നുടുപ്പിച്ചു നിർത്തി.
'നക്കും നണയും' കൊടുത്തു വശത്താക്കി-
നാടാരെ നാടകസ്റ്റേററിലാക്കി!
നാടകക്കമ്പനി വീണ്ടും പുതുക്കീട്ടു-
"നമ്മശാതിക്കം" കൊടുത്തുവേഷം!
മൂച്ചുവിടുന്നില്ല മുന്നണിസെററുകാർ-
പൂച്ചയെക്കണ്ടോരെലികൾ പോലെ!
നാടകം നാടകം സർവ്വത്രനാടകം!
നാടകം കാടക മായിടുന്നു!!
നസ്രാണിനാടകം! നാടാരുനാടകം!
നായരുനാടകം! ഹന്ത! നാടേ!!!

—o—


രക്ഷാകേന്ദ്രം **ശശാങ്ക**

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം, കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീ സഹോദരന്മാക്കു് പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം, മൂത്രചൂട്, മൂത്രത്തിലുള്ള അടപ്പു് (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, രക്തംപോക്ക്, ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 ഗുളികകളടങ്ങിയ പാക്കററൊന്നിന്, വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ, എസ്. എസ്. പിള്ള. P. O. മാവേലിക്കര, തിരുവിതാംകൂർ, വിജയാഫാർമസി.

*Visit:-*

CENTRAL CAFE
NEAR CENTRAL THEATURE
**Pazhavangadi :: Trivandrum.**

സന്ദർശിക്കുവിൻ—

**സെൻട്രൽ കഫേ**

സെൻട്രൽ തിയേററിനു സമീപം
പഴവങ്ങാടി — — തിരുവനന്തപുരം.

Prop. T. P. T. NAIR.

രുചിയും ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾക്കു് ചിന്നക്കടയിൽ അന്നപൂർണ്ണാലയം അന്വേഷിക്കുവിൻ.

ആയുർവേദവിധിപ്രകാരമുള്ള എല്ലാ രോഗങ്ങളെയും ശാസ്ത്രരീത്യാ പരിശോധിച്ച് ഇവിടെ ചികിൽസിക്കുന്നതാണ്.

നിലമേൽ-എം. രാഘവൻവൈദ്യൻ.

*Visit:-*

# ★ RANGOON TAILORS ★

## Cantonment :: Trivandrum.

## S. K. V. ഹോട്ടൽ & ററീഷാപ്പ്, നെടുമങ്ങാട്.

പരിഷ്കൃതരീതിയിൽ ഏററവും രുചികരമായ ആഹാരസാധനങ്ങളും, പാനീയാദികളും ശുചിയായി കഴിക്കണമെന്നു ആഗ്രഹമുള്ളവർ S. K. V. യെ സന്ദർശിക്കുവിൻ! മാനേജർ.

## ശ്രീധന്വന്തരിമഠം ആയുർവേദവൈദ്യശാല

പുത്തൻചന്ത, തിരുവനന്തപുരം

ശാസ്ത്രസമ്മതമായ ചികിത്സാ സമ്പ്രദായം, ഉത്തരവാദിത്വമുള്ള ഔഷധങ്ങൾ. മലയാളത്തിലോ തമിഴിലോ ഉള്ള ക്യാററലാഗിനു ആവശ്യപ്പെടുക.

മാനേജർ.

ഫോട്ടോഗ്രാഫി സംബന്ധമായ എല്ലാ ജോലികൾക്കും

## സ്റ്റുഡിയോ ഡീലക്സ്

(ഹൈസ്കൂൾറോഡ്, നെടുമങ്ങാട്)

സന്ദർശിക്കുക.

## റീഗൽ കഫേ

തിരുവനന്തപുരത്തു വരുമ്പോൾ പട്ടണത്തിൻെറ മഹനീയതയ്ക്കു മാററുകൂട്ടുന്ന റീഗൽ കേഫ് സന്ദർശിക്കുവിൻ.

ഫോൺ നമ്പർ 2278 Prop: P. വേലായുധൻ.

## ഇപ്പോൾ വന്നുചേന്നു

## പുകയില ഹോൾസെയിൽ ഷാപ്പ്-B. ക്ലാസ്സ് L. No. 19

കച്ചേരി ജംഗ്ഷൻ—നെടുമങ്ങാട്. P. O.

ഇവിടെ കൂടിയതും കുറഞ്ഞതുമായ പലതരം പുകയിലകൾ, സിഗരററുകൾ, വാസനദ്രവ്യങ്ങൾ, സകലയിനം സ്റ്റേഷനറി സാധനങ്ങളും പലചരക്കു സാമാനങ്ങളും കിട്ടുന്നതാണ്. പ്രൊപ്രൈററർ

# സഖാവിന്റെ സ്വപ്നം

(മീശാൻ)

അന്നത്തെ പാർട്ടിമീററിങ്ങ് കഴിഞ്ഞു രാത്രി രണ്ടരമണിയോടുകൂടി സഖാവ് ചങ്കരൻ വീട്ടിൽ മടങ്ങിയെത്തി നിദ്രയെ പ്രാപിച്ചു. അന്നത്തെ മീററിങ്ങിൽ നടന്ന ചർച്ചാവിഷയം ചങ്കരന്റെ തലയുള്ളിൽ അപ്പോഴും ഓളം വെട്ടുന്നുണ്ടായിരുന്നു. ചങ്കരന്റെ ചിന്ത ചിറകു വിടർത്തി ഭാവികാലാകാശത്തിലേക്കു പറന്നു.

കാലം മുന്നോട്ടു നീങ്ങി; കലാപം നിറഞ്ഞ കൊല്ലം അഞ്ചുപോയി; നഭസ്സിങ്കൽ ചെങ്കൊടി പാറി. അങ്ങനെ ചങ്കരന്റെപാർട്ടി അധികാരത്തിൽ വന്നതായും അവർ ഒരു "ചെംഭരണം" നടപ്പിലാക്കിയതായും ചങ്കരൻ കണ്ടു.



എല്ലാക്കാര്യങ്ങൾക്കും സാരമായ മാററങ്ങൾ വരുത്തി. ആദ്യമായി പോലീസിന്റെ കാക്കി വേഷം ബഹിഷ്ക്കരിച്ചു. അതിനുപകരം അവർക്ക് ചെങ്കുപ്പായവും ചെന്തൊപ്പിയും നൽകി. സർക്കാർവക കെട്ടിടങ്ങൾ എല്ലാം ചെഞ്ചായം പൂശി രക്തവർണ്ണമാക്കി. സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട കടലാസ്സും മഷിയും ചുവപ്പുനിറത്തിലുള്ളതായിരിക്കണമെന്നു ക്യാബിനററു തീരുമാനിച്ചു. മന്ത്രിമാരുടെ കാറുകൾ എല്ലാം രക്തവർണ്ണമായിരിക്കണമെന്നും മന്ത്രിമാർ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ചുവപ്പുവർണ്ണത്തിലുള്ളതായിരിക്കണമെന്നും തീരുമാനിച്ചു. രാജ്യത്തിന്റെ കൊടി, പാർട്ടിയുടെ കൊടിയായിരിക്കുമെന്നും, സ്റ്റാലിന്റെ ജന്മദിനം തുടങ്ങിയ വിശേഷദിവസങ്ങളിൽ മാത്രം യൂണിയൻ പതാക ഉപയോഗിക്കുന്നതാണെന്നും തീരുമാനിച്ചു. എല്ലാ ആഫീസുകളിലും സ്റ്റാലിന്റെ പടം അലങ്കരിച്ചു വെയ്ക്കണമെന്നും സ്റ്റാലിന്റെ ജന്മദിനം പൊതു ഒഴിവായി പ്രഖ്യാപിക്കണമെന്നും, പാർട്ടി തീരുമാനിച്ചു. പബ്ലിക്ക് പാർക്കുകളിൽ ചെമ്പരത്തി—തൂക്കമ്പരത്തി തുടങ്ങിയ ചുവപ്പുനിറം കലർന്ന പൂക്കൾ പൂവിടുന്ന ചെടികൾ മാത്രം നട്ടുപിടിപ്പിച്ചാൽ മതിയെന്നു നിശ്ചയിച്ചു. കുന്നുകൾ മലകൾ—എല്ലാം വെട്ടി നിരപ്പാക്കാനും, കുഴികൾ നികത്തിസമതലപ്രദേശമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്തു. കൂടാതെ രാജ്യത്തുള്ള കെട്ടിടങ്ങളിൽ ഭൂരിപക്ഷവും ഒററനിലക്കെട്ടിടങ്ങൾ ആകയാൽ രാജ്യമൊട്ടാകെ ഒരു, "കെട്ടിടസമത്വ" മുണ്ടാക്കുവാൻ വേണ്ടി രണ്ടും മൂന്നും നിലകളിലുള്ള എല്ലാ 'കെട്ടിടങ്ങളും ഒററ നിലയിലേക്കു ഇടിച്ചു താഴ്ത്തുന്ന ഒരു "അഷ്ടവാരപ്പദ്ധതി" പാർട്ടി നടപ്പിലാക്കാൻ തീരുമാനിച്ചു. ഫാക്ടറികൾ—മില്ലുകൾ തുടങ്ങിയ സ്വകാര്യ ഉടമ വഹിക്കുന്ന സ്ഥാപനങ്ങൾ എല്ലാം സർക്കാർ ഏററു വാങ്ങാനും കൃഷിക്കാരന് അഞ്ചുഏക്കർ ഭൂമി വീതം നൽകുവാനും തീരുമാനിച്ചു. ജന്മികളുടെ ഭൂമികൾ വില കൊടുക്കാതെ തന്നെ സർക്കാർ കൈവശപ്പെടുത്തി. കർഷകനും തൊഴിലാളിയും ഹർഷാരവത്തോടെ രാജ്യമെങ്ങും വിഹരിക്കുന്നതു കാണുവാൻ പാർട്ടി മുൻകൈ എടുത്തു പ്രവർത്തനമാരംഭിച്ചു. മുതലാളിമാർ ഭയവിഹ്വലരായി. വധശിക്ഷയ്ക്കു പ്രാമാണ്യം കല്പിച്ചു. പ്രൊഹിബിഷൻ എങ്ങും നീക്കം ചെയ്തു. ചങ്കരനും ചങ്കരന്റെ പന്ത്രണ്ടംഗമന്ത്രിസഭയുംകൂടി ഭരണം സമത്വസുന്ദരമായി നടത്തിവരവേ ഒരുദിവസം ചങ്കരന്റെബംഗ്ലാവിൽ കുറേ യാചകന്മാർ കയറിച്ചെന്നു. അവരിലൊരാളുടെ കയ്യിൽ തലയോടാങ്കിതമായ ഒരു കറുത്ത കൊടി ചങ്കരൻ കണ്ടു. യാചകർ യാതൊരു കൂസലും കൂടാതെ അവിടെ ഉണ്ടായിരുന്ന കസേരകളിലും സെററികളിലും മേശമേലും

മററം കയറി ഇരുപ്പു പിടിച്ചു. ചങ്കരൻ ഇതെല്ലാം ബഡ്റൂമിൽ കിടന്നു കാണുന്നുണ്ടു്. യാചകന്മാർ ഒന്നുചേന്നു ഒരു ഗാനമാലപിയ്ക്കാൻ തുടങ്ങി. അതെന്താണെന്നു ചങ്കരനു ആദ്യം മനസ്സിലായില്ല. അയാൾ ചെവി വട്ടം പിടിച്ചു. ആ ഗാനം അയാളുടെ കർണ്ണങ്ങൾ ഭേദിച്ചുകൊണ്ടു് അവിടത്തെ അന്തരീക്ഷം മുഖരിതമാക്കി.

"ചോറുതരൂ! ചോറുതരൂ!
ചോറുതരൂ ഹേ, മന്ത്രി സഖാവേ
നീറും പശിയെ യടക്കീടാൻ"

സഹികെട്ട ചങ്കരൻ മെല്ലെയെണീററു ഡ്രായിങ്ങ് റൂമിലേക്കു വന്നു. ഒരു പോലീസുമന്ത്രിയുംകൂടിയായ തന്നെ കണ്ടിട്ടു ഒരൊററ യാചകൻപോലും എഴുന്നേല്ക്കാത്തതിൽ അയാൾ അത്ഭുതപ്പെട്ടു. ചങ്കരനു ദേഷ്യം വന്നു. പക്ഷേ യാചകരുണ്ടോ അതു വകവെച്ചുകൊടുക്കാൻ പോകുന്നു

ചങ്കരൻ:—നിങ്ങാ സമയംചോദിക്കാതെ ഇവിടെ വന്നതു് തെററ്. നിങ്ങാ വന്നതിൻെറ കാര്യംപറ വേഗം.

യാചകർ:—ഞങ്ങൾക്കു വിശക്കുന്നു. ഭക്ഷ്യമന്ത്രിയായ താങ്കൾക്കു ഇതിനൊരു പരിഹാരം കാണാൻ കഴിയില്ലേ?

ചങ്കരൻ:—എൻെറ ഊണെല്ലാം കഴിഞ്ഞു. മാത്രമല്ല ഇവിടെ അരിവെയ്പ്പൊന്നുമില്ല. ഞങ്ങൾ മന്ത്രിമാക്കുള്ള ഭക്ഷണം എല്ലാം ഗസ്റ്റ്ഹൌസ് ഡിപ്പാർട്ടുമെൻറുകാരാണു പാകംചെയ്തു് സപ്ലൈ ചെയ്യുന്നതു്.

യാചകർ:—പട്ടിണിപ്പാവങ്ങളുടെ വോട്ടുകൊണ്ടാണു നിങ്ങൾ ഈ മന്ത്രിസ്ഥാനത്തെത്തിയതു്. അതു മറക്കാതിരുന്നാൽ നിങ്ങൾക്കു കൊള്ളാം.

ചങ്കരൻ:—അതിനു ഞ്യാനെന്തുചെയ്യണം. അതു പറ.

യാചകർ:—ഞങ്ങളോടു വാഗ്ദാനം ചെയ്തിട്ടുള്ള, ആഹാരം, വസ്ത്രം, കിടപ്പിടം, ഇത്രയും എവിടെ?

ചങ്കരൻ:—അതു ക്യാബിനററില് ആലോചനയിൽ വെച്ചിരിക്കയാണു്.

യാചകർ:—ആലോചനകഴിയുന്നതുവരെ പട്ടിണി കിടക്കാനുള്ള ക്ഷമ ഞങ്ങൾക്കില്ല.

ചങ്കരൻ:—എങ്കിപ്പോയി ചാവ്. മര്യാദകെട്ട നായ്ക്കൾ.

യാചകർ:—(ഉച്ചത്തിൽ) ഇൻക്വിലാബ് സിന്ദാബാദ്! സൂക്ഷിച്ചുവേണം ഞങ്ങളോടു സംസാരിക്കാൻ. പട്ടിണിവർഗ്ഗം സിന്ദാബാദ്.

(ഇത്രയുമായപ്പോൾ മറെറാരു ജാഥ മന്ത്രിമന്ദിരത്തിൽ പ്രവേശിച്ചു.)

ചങ്കരൻ:—നിങ്ങാ നമ്മുടെ പാർട്ടിക്കാരല്ലേ?

ജാഥ:—കണ്ടിട്ടു് എന്തു തോന്നുന്നു.

ചങ്കരൻ:—വന്നകാര്യം വേഗം പറ.

ജാഥ:—ഞങ്ങൾ തൊഴിലാളിമാക്കു് ഇന്നു കിട്ടുന്ന ശമ്പളം പത്തു ഉറുപ്പികയാണു്. ദിവസക്കൂലി പത്തു ഉറുപ്പികയിൽനിന്നും ഉടനെ ഇരുപതു ഉറുപ്പികയായി ഉയത്തണം.

ചങ്കരൻ:—(അന്ധാളിപ്പോടെ) എൻെറ പടച്ചോനെ! ഇതെന്തൊരു വാദമാണു. സ്റ്റാലിൻ തമ്പുരാൻെറ നാട്ടിൽപോലും ഇത്തറയുംകൂലി ഒരു തൊഴിലാളിക്കുപോലും കിട്ടുകയില്ല. നിങ്ങാ ഇരുപതുരുപാ ദിവസക്കൂലി ചോദിക്കുമ്പോ ഞങ്ങാ മന്ത്രിമാരുടെ ശമ്പളം ഒന്നുമില്ലാതെ വരുമല്ലോ.

ജാഥ:—നിങ്ങൾ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതെന്താണു്. രണ്ടു കിട്ടിയാൽ മൂന്നു ചോദിക്കണം. മൂന്നു കിട്ടിയാൽ നാലു ചോദിക്കണം എന്നല്ലേ. നിങ്ങൾ ഞങ്ങൾക്കു പത്തുരുപാ തന്നപ്പോൾ ഇരു


— ഉൽഘാടനമഹാമഹം —

* തിരുവോണം പ്രമാണിച്ച് *

- - പത്തനംതിട്ട ശ്രീ രാധാ ടാക്കീസിൽ - -

അസോഷിയേററഡ് പ്രൊഡക്ഷൻസ് നിമ്മിച്ച മഹോന്നതചിത്രം.

അമ്മ

[മലയാളം]

താരങ്ങൾ: — തിക്കുറിശ്ശി, ബി. എസ്. സരോജ, ലളിത, ആറന്മുള പൊന്നമ്മ, എം. എൻ. നമ്പ്യാർ, ഭാരരാജ്, ററി. എസ്. മുത്തയ്യാ മുതലായവർ അഭിനയിച്ചതു്.

മാനേജർ.

ഉത്തരവാദിത്വമുള്ള സ്വർണ്ണാഭരണങ്ങൾക്ക് കൊല്ലം മെയിൻറോഡിൽ എൻ. പത്മനാഭനാചാരിയെ സമീപിക്കുവിൻ.

പതു ചോദിക്കേണ്ടതു ഞങ്ങളുടെ അവകാശമാണു്. അങ്ങനെയാണു കമ്മ്യൂണിസ്റ്റുപാർട്ടി ഞങ്ങളെ ഇന്നലെവരെ പഠിപ്പിച്ചിട്ടുള്ളതു്.

ചങ്കരൻ: ഇനി ഒരൊററ പൈസപോലും കൂട്ടിത്തരാൻ ഭാവമില്ല.

ജാഥ:—ഇല്ലെങ്കിൽ വൻപിച്ച പണിമുടക്കു ഞങ്ങൾ തുടങ്ങും.

ചങ്കരൻ:—ഞാൻ പോലീസിനെ വിളിപ്പിച്ചു നിങ്ങളേയെല്ലാത്തിനേയും ഇടിപ്പിക്കും.

ജാഥ-യാചകർ:—ഭേഷ്. ഞങ്ങൾക്കുവേണ്ടി ജീവിക്കുന്നു എന്നു മുതലകണ്ണീർ പൊഴിച്ചു മൈതാനപ്രസംഗം നടത്തിയ നിങ്ങൾ, അധികാരത്തിൽ വന്നപ്പോൾ ഞങ്ങളെ മർദ്ദിക്കാനും ചൂഷണം ചെയ്യാനുമാണു പുറപ്പാട്—അല്ലേ.

ചങ്കരൻ—മന്ത്രിക്കസേര നിങ്ങൾ വിചാരിക്കുംപോലെ ഇരിയ്ക്കാൻ അത്ര സുഖമുള്ളതൊന്നുമല്ല.

ജാഥ:—അതു ഭരിക്കാനും ചൂഷണം ചെയ്യാനും സാധുക്കളെ മർദ്ദിക്കാനും സൌകര്യമുള്ളതാണു. ഇൻക്വിലാബ്—സിന്ദാബാദ്. (എല്ലാപേരും ഉള്ളിലേക്കു കൂട്ടമായി പ്രവേശിക്കുന്നു. ബഹളം കൂട്ടുന്നു.)

ചങ്കരൻ:—പോലീസ്—പോലീസ്—രണ്ടു വണ്ടി പോലീസിനെ വേഗം ഇങ്ങോട്ടയക്കു്. എൻെറ ബംഗ്ലാവ് കുറേ കള്ളന്മാരും കൊള്ളക്കാരും കൂടി ആക്രമിച്ചിരിക്കുന്നു. അയ്യോ—വേഗം.

മിസ്സസ് ചങ്കരൻ:—എന്തോന്നാണീ പാതിരായ്ക്കു കിടന്നു പോലീസിനെ വിളിക്കുന്നതു്. പോലീസിനെക്കണ്ടുപേടിച്ചു നിലവിളിക്കുകയാണോ.

ചങ്കരൻ:—(ഞെട്ടി ഉണന്നു) സഖാവ് സ്റ്റാലിൻ സിന്ദാബാദ്. ഒരു ഭയങ്കര സ്വപ്നം ഞാൻ കണ്ടു. പക്ഷേ അതു ഫലിച്ചാൽ ഞാൻ ഒരു മന്ത്രിയാവും. അതു തീർച്ച.

ആ കൂരിരുളിൽ മിസ്സസ് ചങ്കരൻെറ ദന്താഭസഖാവ് ചങ്കരൻ ദർശിച്ചു. കൃതാർത്ഥനായി.

—o—

### തിരുത്തു്

1. കഴിഞ്ഞ ലക്കത്തിൽ സഞ്ചാരവീഥി എന്ന പംക്തിയിൽ നന്ദിയോടു ചന്തയെ കുറിച്ചെഴുതിയിരുന്ന വാർത്ത സ്വന്ത അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്നു് അറിയുന്നു. മേലാൽ ലേഖകന്മാർ ഇതുപോലുള്ള അവാസ്തവന്യൂസുകൾ എഴുതി അയക്കരുതെന്നു ഓർമ്മപ്പെടുത്തുന്നു. ദുരുദ്ദേശപരവും അടിസ്ഥാനരഹിതവുമായ ന്യൂസുകൾക്കു വികടകേസരി സ്ഥലമനുവദിക്കുന്നതല്ല.

2. ഇതേ പംക്തിയിൽ തിരുവനന്തപുരം വാർത്തയിൽ എൻ. വേലായുധൻപിള്ള കുടവ്യാപാരം ചാല എന്നു ചേർത്തിരുന്നതു ചാലപ്പുറം എന്നു തിരുത്തി വായിക്കേണ്ടതാണു്. പത്രാധിപർ.



"ആത്മസഖി" യിലെ പുതുമുഖം
കെ. പി. കൊട്ടാരക്കര

## തിക്കുറിശ്ശി ചൈനയിലേയ്ക്കു്

കേരളത്തിലെ പ്രസിദ്ധ സിനിമാ നടനും നാടകകൃത്തുമായ ശ്രീ: തിക്കുറിശ്ശിസുകുമാരൻനായരെ ചൈനയിലെ പീക്കിംഗിൽവച്ചു നടക്കുന്ന ഏഷ്യൻ പസഫിക്കു് സർവ്വരാഷ്ട്രസമാധാനസമ്മേളനത്തിൽ കേരളത്തിലെ ഒരു ഡെലിഗേററായി ക്ഷണിച്ചിരിക്കുന്നതായി അറിയുന്നു. അദ്ദേഹം സമ്മേളനത്തിൽ പങ്കുകൊള്ളുമെന്നും സൂക്ഷ്മമായി അറിയുന്നു.

—*—

## അടുത്തലക്കത്തിൽ

| | |
|---|---|
| എക്സ്റേ | എ. ജെ. ജോൺ |
| കലാവേദി | മിസ്. കുമാരി |
| രാഷ്ട്രീയ പിത്തിലാട്ടങ്ങൾ | കുട്ടപ്പൻ |

തിരുവനന്തപുരം റേഡിയോ നിലയത്തിലെ ദേവകി എന്ന 'ദാര'ത്തിൻെറ പിന്നിലുള്ള മൂത്തുമുരടിച്ച നഗ്നസത്യങ്ങൾ.

കാർട്ടൂണിസ്റ്റ് കെ. ആർ. വി. ധരൻെറ സ്വന്ത അനുഭവങ്ങൾ.

VISIT
BHIMA & BROTHER
· JEWELLERS
ALLEPPEY

# എങ്ങൊളിയ്ക്കും നാടേ!

— പാലാ —

ഈ വഴിയിൽ മങ്ങി നിന്ന കാട്ടുതുമ്പപോലും
പൂവണിഞ്ഞു കാലഭേദം കാട്ടീടുന്ന ചേലിൽ!
എങ്ങുനിന്നോ വന്നുവീണ-വിത്തു ചെടിയായി;
പൊങ്ങി മേന്മേലാത്മഭംഗി ചെണ്ടണികയായി.
ഞങ്ങളിന്നു ചങ്ങാതികൾ; പിച്ചതെണ്ടു മെന്നിൽ
മംഗളങ്ങളെന്തു വന്നു പൂങ്കുലകൾ ചൂടാൻ?........
ചിങ്ങമാസം—കേരളത്തിൻ കേളിയേറും മാസം
സംഗതമായ്; നൃത്തമാടി, ഓണ മന്ദഹാസം!
പുണ്യമില്ലാത്തീ നിരത്തി-ലുത്ഭവിച്ചോരെന്റെ
കണ്ണുനീരിലൂടൊഴുകി പത്തിരുപതോണം!.......
തെണ്ടിയാം ഞാനെങ്ങു പോകും മുററവരുമില്ലാ;
തെണ്ടിടാനീ ജന്മമാരോ വച്ചുകെട്ടി വിട്ടു.
മാനസത്തിലാശയുണ്ടേ, മാളികയിലേറാൻ;
മാനുഷനു ജാതിഭേദ മാനഗർവ്വമേറെ.

*   *   *

ആരുമില്ലീയേഴകൾക്കു മോചന മരുളാൻ
പാരതന്ത്ര്യം പോയി ജനകീയമായി പോലും!
നീളെ നീളെ നേതാക്കന്മാർ നിന്നലറീടുന്നു:—
"നാളെ നാളെ നല്ല നാളെ വന്നടുത്തു പോലും!"
ചെങ്കൊടിയും മൂന്നുവർണ്ണ പ്പൊൻകൊടിയും പേറി
ചങ്കുറപ്പും കയ്യൂക്കും; ജാഥയായിപ്പോണു!......
പാതവക്കിൽ വീണുപോയ പാവങ്ങളാം ഞങ്ങൾ
പാഴിലതു നോക്കി നോക്കി കണ്ണുനീർ കുടിപ്പൂ!
താഴെയല്ല നോട്ടമവർക്കങ്ങു വടക്കെങ്ങോ
തോഴരൊത്തു തോക്കെടുത്തു തോളുരുമ്മിപ്പോണം!......

*   *   *

ദൂരെ ദൂരെ കേൾക്കുന്നല്ലോ, പൂവിളിയും പാട്ടും;
ചേരുകില്ലീ പ്പട്ടിണിയി ലുത്സവങ്ങളൊട്ടും!
എന്തവിടെ പ്പൊൻകിനാക്കളൊത്തു കൂടീടുന്നോ?......
പന്തികേടാണീ വിശപ്പും പാരമാത്തകർപ്പും!
പന്തടിയും വില്ലടിയും; പന്തയങ്ങൾ വച്ചു
പൊന്തിടു മൂഞ്ഞാലിലാടി, പെൺകൊടികൾ പാടി.
മാമലയൊത്താഴി ചൂഴും മഞ്ജുളമാം നാടേ!
മാബലിയെ സ്സൽക്കരിക്കാൻ നീയൊരുങ്ങു, നാടേ!
തുമ്പിതുള്ളും പൊൻവെയിലി ലമ്പല വയലിൽ
ചെമ്പവിഴ നെൽക്കുലകൾ നീ, നിരത്തു നാടേ!
നിൻ കരളിൻ ബിംബനങ്ങൾ, കുങ്കുമ പ്രഭങ്ങൾ
ചെങ്കദളിത്തേൻ പഴങ്ങൾ നീ, വിളമ്പു നാടേ!
മന്നനായ മാബലിയീ മന്നിലെത്തും നേരം
ഖിന്നരാകും ഞങ്ങളെ നീയെങ്ങൊളിക്കും നാടേ?.....

—*—


## സ്പെഷ്യൽ അജമാംസ രസായനം

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു യുവത്വം നിലനിർത്തുന്നതിനു അത്യുത്തമം. റാത്തൽ ഒന്നുക്കു് വില രൂപാ 6 മാത്രം. വി. പി. യായി ആവശ്യപ്പെടുന്നവർ മൂന്നിലൊന്നു വില അഡ്വാൻസായി അയക്കേണ്ടതാണ്.

പി. എസ്. വൈദ്യശാല, മുല്ലയ്ക്കൽ, ആലപ്പുഴ.

## മണികണ്ഠവിലാസം ഹോട്ടൽ ആൻറ് ററീഷാപ്പ്

തിയേററിനു സമീപം — ആററിങ്ങൽ.

നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഭക്ഷണം രുചികരവും തൃപ്തികരവും ആയിരിക്കണമെന്നു്. എന്നാൽ ആററിങ്ങൽ വരുന്നവർ മണികണ്ഠവിലാസം അന്വേഷിക്കുക.

മാനേജർ.

# 'തനിനിറ'ക്കാരൻ തലകുനിയ്ക്കുന്നു--

വികടകേസരി അതിന്റെ നാലാമത്തെ വയസ്സിലേക്കു പ്രവേശിക്കുവാൻ ശ്രമിക്കുകയാണു്. ഒരു ഫലിത മാസികയെന്ന അഭിമാനം കൈവിടാതെ സംസ്കാരസമ്പന്നരായ വായനക്കാരുടെ ബഹുമാനം ആർജ്ജിക്കണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. വളരെയധികം ഫലിതമാസികകൾ ഇന്നു മലയാളത്തിലുണ്ടു്. ഫലിതം ബുദ്ധിയുടെയും സംസ്കാരത്തിന്റെയും രസികത്വത്തിന്റെയും പരിണതഫലമാണു്. അതു സ്വാഭാവികമായി വിളയുന്ന തലകൾ നമ്മുടെ രാജ്യത്തു വളരെ കുറവാണു്. തന്നിമിത്തം ഇന്നു നിന്ദ്യമായ ശകാരപൂര പ്രബന്ധങ്ങൾ പല മാസികക്കാരും ഫലിതത്തിനു പകരം അച്ചടിച്ചു വിടുന്നുണ്ടു്.

ഫലിതത്തിൽ ഒരു നേരിയ ശകാരച്ഛായ ഉള്ളതു ശരിയാണു്. ശകാരത്തിൽ മനുഷ്യന്റെ സ്വഭാവപരമായ പരിഷ്ക്കരണ യത്നം അടങ്ങികിടപ്പുള്ളതും ഞങ്ങൾ മറക്കുന്നില്ല. നമ്മുടെ ഇന്നത്തെ സംസ്കാരം മുഴുവൻ ഓരോഘട്ടത്തിൽ ഓരോരോ ബുദ്ധിജീവികളുടെ ശകാരശിക്ഷണത്തിൻ കീഴിൽ നേർവഴി പ്രാപിച്ചു് ഈ നിലയിൽ എത്തിയതുമാണു്. വിമർശനവും നിരൂപണവും ഇതര നിയന്ത്രണങ്ങളും മുറകളുമെല്ലാം ഓരോശകാരങ്ങൾതന്നെയാണു്. എന്നുവച്ചു ധാഷ്ടമനും തലയ്ക്കു് ഓളംപിടിപെട്ടവനും തെരുവിൽക്കൂടി പരസ്യമായിവിളിച്ചു പറഞ്ഞുകൊണ്ടുപോകുന്നവനു് പരദൂഷണത്തിനും ആഭാസവാക്കുകൾക്കും ഫലിതസംസ്കാരവുമായി ഒരുബന്ധവുമില്ല, മാന്യമായനിലയിൽ മററാക്കും യാതൊരുഉപദ്രവവും ചെയ്യാതെ കുടുംബജീവിതംനയിക്കുന്നവരെയും, സ്കൂളിൽപഠിക്കുവാൻപോകുന്ന വിദ്യാർത്ഥിനികളെയും മററു സാധുസ്ത്രീകളെയും ക്രൂരമായ നിലയിൽ ഭത്സിച്ചു ഭീഷണിപ്പെടുത്തിയും വിനോദിക്കുന്ന പത്രങ്ങളും ഇന്നാട്ടിൽ ധാരാളമുണ്ടു്. ഫലിത പത്രാധിപരെന്നു പറഞ്ഞു ഒരു സത്വം വീട്ടിൽ കയറിവരുന്നതുകണ്ടാൽ അയാളെ മാനമുള്ളവർ വെറുക്കുകയും ഭയക്കുകയും ചെയ്യും. എന്തെന്നാൽ ഏതു നികൃഷ്ടമായ ശൈലിയിലും എന്തശ്ലീലവും എഴുതിവിടാനും, ആ എഴുത്തിന്റെ ഏററവും അനാരോഗ്യകരമായ ഫലങ്ങൾ അനുഭവിക്കാനും അയാൾ ഒരുക്കമാണു്. "മാനഹാനിയാലൊഴിയാത്താർത്തി മനുഷ്യനേ വരൂ" എന്ന കവിവാക്യം അനുസരിച്ചു ആ ദ്രോഹി പത്രാധിപരുടെ നാറുന്ന ഭാഷയിൽനിന്നു രക്ഷനേടാൻവേണ്ടി ഉയന്ന നിലയിൽ ജീവിയ്ക്കുന്ന പലരും അയാൾക്കു വായ്ക്കരിക്കു വല്ലതും എറിഞ്ഞുകൊടുത്തെന്നുവരാം. ഈ നിലയിൽ വായ്ക്കരിവാങ്ങി സമ്പാദിക്കണമെന്നു ഞങ്ങൾക്കു വിചാരമില്ല. ആരുടെയും സ്വകാര്യജീവിതത്തെ സ്പർശിച്ചു തെറിയും തെമ്മാടിത്തരവും എഴുതിവിടണമെന്നു ഞങ്ങൾ ഒരിക്കലും ആഗ്രഹിക്കുന്നില്ല. അതൊരു ദുസ്സഹമായ രാജ്യദ്രോഹമാകുന്നു.

ഠ്ധ്ധ്ധയ ഥധശ്ശ്ഥയതര്ധഠ്ഢഌ



വികടകേസരിയുടെ തനിനിറം

ഇന്നുള്ള രാജ്യത്തെ ജനങ്ങൾക്കു് പൊതുവിൽ ഒരു വല്ലാത്ത ശകാരവാസനയും പരദൂഷണ പ്രതിപത്തിയും വളർന്നുകാണുന്നുണ്ടു്. ഈ നേതാക്കന്മാരും സംഘടനക്കാരും പത്രക്കാരുംകൂടി വളർത്തിവിട്ട ഒരു പൈശാചിക മനഃസ്ഥിതിയാണെന്നു ഞങ്ങൾക്കു തോന്നുന്നു. നേതാക്കന്മാർ തമ്മിൽ പറയുന്ന ശകാരത്തിനു് ഒരു അതിരുംഅളവുമില്ല. ഈ നേതാക്കന്മാരെ ജനങ്ങളുംഅനുകരിക്കാതെതരമില്ലല്ലോ. കുററവുംകുറവും കണ്ടുപിടിച്ചു് അതിന്റെ പേരിൽനേതാവിനെയും സംഘടനയേയും ശകാരിച്ചുകൊണ്ടിരിക്കുന്നതു് ആരും ഒരു തൊഴിലാക്കി എടുക്കരുതു്. 'ശകാരത്തിനുള്ളിൽ ഒരു അന്തസ്സും ആഭിജാത്യവും ഉണ്ടായിരിക്കണം. തെരുവിൽക്കൂടി നടന്നുപോകുന്ന മനുഷ്യരെമേൽ ചെളി തെറിപ്പിച്ചും സ്ത്രീകളെ വസ്ത്രാക്ഷേപം നടത്തിയും ഒരാൾ തുല്യനിലയിലുള്ള കുറെ വികൃതികളെ രസിപ്പിച്ചു ചിരിപ്പിച്ചാൽ അതിൽ 'തനിനിറ' മുണ്ടെന്നു ഞങ്ങൾ കരുതുന്നില്ല. ഒരോ മനുഷ്യനും ഓരോ പത്രത്തിനും രാജ്യത്തിനോടുംജനകീയസംസ്കാരത്തിനോടുംഒരു

കടപ്പാടുണ്ടു്. ഞങ്ങൾ ഇത്രയും പറയാനിടയായതു് ചില സഹജീവികളുടെ നെറിമുറയില്ലാത്ത ആഭാസമെഴുത്തു കാണാൻ ഇടയായതു കൊണ്ടാണു്. ആഭാസന്മാരെയല്ല പത്രാധിപന്മാരായി നമുക്കു വേണ്ടതു്; ആണുങ്ങളെയാണു്. വിവേകവും വൃത്തിയും വിദ്യാഭ്യാസവും സംസ്കാരവുമുള്ള ആണുങ്ങൾ വേണം പത്രപ്രവർത്തനത്തിനു ഇറങ്ങേണ്ടതു്. അവരെ മാത്രമേ ജനങ്ങൾ പ്രോത്സാഹിപ്പിക്കാവൂ. ഗവണ്മെന്റിനേയും മന്ത്രിമാരേയും പത്രങ്ങൾ വിമർശിക്കണം. ശക്തിയേറിയ ഭാഷയിൽ ശകാരിക്കണം. എന്നാൽ അതിൽ ഔചിത്യവും ആവശ്യവും ഉണ്ടായിരിക്കണം. എതിർപക്ഷത്തിനു കൂടെയും ചിന്തിച്ചു ചിരിക്കാനും പഠിക്കാനുമുള്ള അന്തസ്സും ആശയവും അതിലുണ്ടായിരിക്കണം. നമ്മുടെ വിനോദ സാഹിത്യം ഈ. വി.യുടെ കാലശേഷം തളിർത്തിട്ടില്ല, തളർന്നിട്ടേയുള്ളൂ. ഈ. വി. തന്റെ തൂലികാ വിലാസം കൊണ്ടു തിരുവിതാംകൂറിലെ ഉദ്യോഗസ്ഥമണ്ഡലത്തേയും സമുദായത്തിലെ ദുർമ്മദാന്ധന്മാരെയും ദുർവ്വാസനക്കാരെയും ദുഷ്പ്രഭുക്കന്മാരെയും നല്ല കണക്കിനു ശകാരിച്ചു. ആ ശകാരത്തിനകത്തെ സംസ്കാരം എന്താണെന്നു് ഇനിയെങ്കിലും ഇന്നത്തെ തനിനിറം പോലുള്ള ചുമ്മാ പത്രാധിപന്മാർ ഒന്നു മനസ്സിരുത്തി വായിച്ചു പഠിക്കേണ്ടതാണു്.

വികടകേസരി പത്രാധിപരിലും, കുറ്റങ്ങളും കുറവുകളും കണ്ടേക്കാം. പക്ഷെ 'തനിനിറ' ക്കാരൻ കണ്ടുപിടിച്ച കുറ്റങ്ങൾ വികടകേസരിയിലുണ്ടോ എന്നു വിധി എഴുതേണ്ടതു തനിനിറം പത്രാധിപരല്ല, പൊതുജനങ്ങളാണു്. കലാനിലയത്തിന്റെ "പാരമ്പര്യം" ഇന്നും പൂർവ്വാധികം ഭംഗിയായി നടന്നുവരുന്നതിൽ 'തനിനിറം' അഭിമാനംകൊള്ളുന്നു. വികടകേസരിയെ കാണുമ്പോൾ 'തനിനിറം' പത്രാധിപർ അണ്ടികളഞ്ഞ അണ്ണാനെപ്പോലെ തലകുനിയ്ക്കുന്നതെന്തിനു്. മലയാളഭാഷ ആവശ്യത്തിലധികം തെറിവാക്കുകളും പൂരപ്രബന്ധങ്ങളും കലർന്നതാണു്. ക്ഷോഭം തോന്നിയാലുടൻ നമ്മുടെയാളുകൾ നാറുന്ന ഭാഷ ഛർദ്ദിച്ചു് അന്തരീക്ഷം നാറ്റുന്നു. ലജ്ജാവഹമായ ആ നടപടിക്കു ഫലിതമാസികകൾ കൂട്ടുനില്ക്കാതിരിക്കട്ടെ. ഉൽകൃഷ്ടമായ സ്വരത്തിലും പ്രതിഭയിലുംകൂടി ആശയങ്ങൾ ആവിഷ്ക്കരിക്കാൻ കഴിവില്ലാത്ത എഴുത്തുകാരുടെ ഉപദ്രവത്തിൽനിന്നും കൈരളിയെ രക്ഷിക്കണമെന്നു ഞങ്ങൾ സംസ്കാരപ്രേമികളായ സകല മലയാളികളോടും അഭ്യർത്ഥിക്കുന്നു. യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടാത്ത തനിനിറക്കാരന്റെ ലേഖനങ്ങളുടെ അനന്തരഫലം എന്താണെന്നു അടുത്തുകൂടുന്ന പ്രസ്സ് അഡ്വൈസ്സറി ബോർഡിൽനിന്നും നിങ്ങൾക്കു് ഉടനെ വെളിപ്പെടുന്നതാണു്. വികടകേസരിയുടെ മുമ്പിൽ തനിനിറം ഒരു പ്രശ്നമല്ല. കേട്ടോടെ കിണ്ണാ! പത്രപ്രവർത്തനം നിന്റെ ശരീരത്തിനു യോജിച്ചതല്ല. പഴയ തൊഴിലാണു നല്ലതു്. 1950 നവമ്പർ ലക്കത്തിൽ "ശകാരവും സംസ്കാരവും" എന്ന ശീർഷകത്തിൽ മുഖപ്രസംഗമായി വികടകേസരിയിൽ എഴുതിയിരുന്നതിന്റെ ഒരു ഖണ്ഡിക ഇതിൽ ചേർത്തിട്ടുണ്ടു്. വികടകേസരി വായനക്കാർ ശ്രദ്ധിക്കുമല്ലോ!

നമസ്തേ! നമസ്തേ!

ഉള്ളൂർ ആർ. കൃഷ്ണൻനായർ.

—o—

## ഒടുവിൽ കിട്ടിയതു്

കലാനിലയം കൃഷ്ണൻനായർ ആലപ്പുഴ ഉദയാസ്റ്റുഡിയോ ഉടമസ്ഥൻ മി: കുഞ്ചാക്കോയുടെ രഹസ്യരേഖകങ്ങൾ അന്വേഷിക്കുന്നതിനായി കൃഷ്ണൻനായരുടെ ആലപ്പുഴയിലുള്ള തന്റെ കൂട്ടുകച്ചവടക്കാരെ ഫോണോക്കം അയച്ചിരിക്കുന്നതായി തനിനിറത്തിൽകൂടി അറിയിച്ചിരിക്കുന്നു. കൃഷ്ണൻനായർ നേരിട്ടു് ഉദയായിൽ ചെന്നു മി. കുഞ്ചാക്കോയോടു അന്വേഷിച്ചാൽ വിശദവിവരം അറിയിച്ചുതരുമെന്നാണു് മി. കുഞ്ചാക്കോ അറിയിക്കുന്നതു്.


# നിങ്ങൾ അറിഞ്ഞോ?

അത്തർ, ഹെയർഓയിൽ, ചന്ദനത്തിരികൾ, കൺമഷി, ചാന്തു്, റോസ്‌വാട്ടർ, മററു പലയിനം സുഗന്ധദ്രവ്യങ്ങളും പലതരം പുഷ്പങ്ങളും ചാലയിൽ സന്നതുമുക്കിലുള്ള ഞങ്ങളുടെ കടയിൽ അന്വേഷിക്കുക.

ചാല—തിരുവനന്തപുരം.

പ്രൊപ്രൈറ്റർ, കെ. മാധവൻപിള്ള.

# ശ്രീ: എം. പി. പോൾ

(ജോസ് ചാലങ്ങാടി)

ശ്രീ. എം. പി. പോൾ സമുദായത്തിൻെറ ഒരു ചോദ്യചിഹ്നമായി തീൎന്നിരിക്കുകയാണ്. പൗരോഹിത്യത്തിനും ഭൗതികത്വത്തിനും ഇടയിലുള്ള ഒരു ചോദ്യചിഹ്നം. സമുദായത്തിന് നട്ടക്കം ചേൎത്ത ഒരു അന്ത്യസംശയം. പക്ഷെ പോൾ ജനസാമാന്യത്തിനു്, ഒരു ആലോചനാമൃതമായ കാവ്യമാണ്. വലിയ ക്ലിഷ്ടതയും വക്രതയും ആ മനോഹരമായ കാവ്യത്തിലില്ല. സുലളിത പദവിന്യാസം തന്നെ! ജീവിത മലർക്കാവിൽ പരിമളം പൊഴിച്ച ഒരു വികസിത കുസുമം.

പോളിൻെറ വ്യക്തിത്വം സമുദായത്തെ മഥിച്ച ഒരു കടകോലായിതീൎന്നു. അതു്, ഹൃദയങ്ങളെ വേദനിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു. മരണത്തിനു മുൻപും പിൻപും.

എങ്കിലും അദ്ദേഹത്തിൻെറ വ്യക്തിത്വം മാത്രം പുരോഹിതന്മാർ ബഹുമാനിച്ചു. അജയ്യവും ധീരവുമായ അദ്ദേഹത്തിൻെറ അഭിപ്രായത്തെ കവച്ചുവെയ്ക്കാൻ പള്ളിക്കും പാതിരിമാൎക്കും കഴിവില്ലാതായി. തന്മൂലം അന്ത്യനിമിഷത്തിൽ സമുദായത്തിൻെറ ക്രൂരമായ കൈകൾ പൊന്തിച്ചു്, അവർ ഒരാക്രമണത്തിനു മുതിൎന്നു. ചരമാവരണം അണിഞ്ഞ പോളിൻെറ നേൎക്കു്. ജീവിച്ച നാളിൽ തൊട്ടുണ്ട വിടാൻ കഴിയാത്ത തുരുമ്പിച്ച ഒരു അസ്ത്രം എടുത്തു പിടിച്ചുകൊണ്ടു്! അവർ കലപ്പിച്ച അസ്ത്രത്തിനു മൂർച്ചയില്ല. അതു് ലക്ഷ്യത്തിൻെറ കുറിക്കു കൊണ്ടതുമില്ല. ആ ജീവിതകാവ്യത്തിൻെറ അവസാന സൎഗ്ഗത്തിൽ തെററും തെററിദ്ധാരണയും ഇടകലൎത്തുന്നതിനുള്ള ആത്മീയ വാദത്തിൻെറ ധിക്കാരമായ ഒരു കൈകടത്തൽ. കേരളത്തിലെ ബുദ്ധിജീവികൾ അതു് മനസ്സിലാക്കി. യഥാൎത്ഥത്തിൽ അതു്, പൌരോഹിത്യത്തിൻെറ ഒരു പുളിച്ച തികട്ടലായിരുന്നു. കിക്കിളി കോരുന്ന ഒരു പുളിച്ച തികട്ടൽ! അരോചകമായ വേദാന്തത്തിൻെറ ഒരു കണ്ണുകടി. അതേ, ഒരു പരുഷനാദം. അതല്ലെങ്കിൽ ശവം വച്ചു വിലപറയുന്ന പാതിരി നയത്തിൻെറ ഒരു കൊട്ടും ചതി.

പോൾ മരിച്ചു. ശേഷക്രിയയുടെ വിശേഷം പോൾ അറിയുന്നില്ല. അതു് അറിയിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. കുരിശടയാളമുള്ള ചെങ്കോൽപൗരോഹിത്യം ഉയൎത്തുമെന്നു് അദ്ദേഹം വിചാരിച്ചില്ല. പക്ഷെ ആ ചെങ്കോൽ ഉയൎന്നു. ജീവിച്ച നാളിൽ ഭയപ്പെടാതിരുന്ന പോളിൻെറ മൃതദേഹത്തെ ഭയപ്പെടുത്തുവാൻവേണ്ടി. എന്നിട്ടും മെത്രാൻെറ കൈമുത്തുവാൻ പോൾ അപേക്ഷിച്ചോ? ശ്രീ. പോൾ ധീരതയുടെ ഒരു പൎയ്യായമായിരുന്നു. ദുരാചാരങ്ങളെ ചുട്ടുകരിക്കുന്ന ഒരു സാഹിത്യപന്തം. സത്യത്തിൻെറയും സംസ്കാരത്തിൻെറയും ഒരു മിന്നൽപ്പിണർ.

എങ്കിലും, പോളിൻെറ ശവം സിമിററിയിലേക്കു് എടുക്കപ്പെട്ടു. പുരോഹിത വൈതാളികൻെറ അകമ്പടി കൂടാതെ—കൈമണി കിലുക്കാതെ ആയിരങ്ങൾ ആ ശവമഞ്ചം വഹിച്ചു. സഹൃദയത്തിൻെറ മണിമകുടം ധരിച്ചു കൊണ്ടു്; പരിമളത്തിൻെറ കുന്തിരിക്കം പുകച്ചു കൊണ്ടു്. അപ്പോഴും ശ്രീ. പോൾ പൗരോഹിത്യത്തെ നോക്കി പറയുന്നുണ്ടായിരുന്നു;— "ഇന്നു ഞാൻ, നാളെ നീ!"

ശ്രീ. പോൾ മരിച്ച വാൎത്ത ഹൃദയവേദനയോടു കൂടിയാണ് ശ്രവിച്ചതു്. അതു് കേരളത്തിനും കൈരളിക്കും ഒരു തീരാനഷ്ടം തന്നെയാണ്. ചേലനാട്ടു് അച്യുതമേനോനേയും, ഡാക്ടർ ഗോദവൎമ്മയേയും അപഹരിച്ച കാലപാശം പോളിനേയും പിണച്ചു


## വിശ്വവിലാസ് ഫാർമസി—പോത്തൻകോട്. P.O.

വിദഗ്ദ്ധമായ മേൽ നോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ തയാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും പരിമിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

P. S. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങളേയും നിശ്ശേഷം മാററി—അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ—ഞങ്ങളുടെ "ബാലാമൃതം" ഉപയോഗിക്കുക.

വില കുപ്പി 1—ക്കു് 12 ണ.

പ്രൊ. എൻ. വിശ്വംഭരൻവൈദ്യൻ.

ഇവിടെ നിങ്ങൾക്കാവശ്യമുള്ള സകലയിനം സ്റ്റേഷനറികളും ബീഡിയില, സിഗററുകൾ തുടങ്ങിയവയ്ക്കു കൊല്ലത്തു് വലിയകടയിൽ ജി. ഗോപിനാഥൻപിള്ളയുടെ സ്റ്റേഷനറി ഷോപ്പു് സന്ദർശിക്കുവിൻ.

കെട്ടി; നികത്താനാവാത്ത വൈധവ്യം സാഹിത്യത്തിനു് ചേൎത്തുകൊണ്ടു്. അപ്പോഴതാ കനച്ചുനാറുന്ന കുമ്പസാരരഹസ്യം പല്ലിളിച്ചു നിൽക്കുന്നു. ഒരു ഗണികയായി ചമഞ്ഞുനിൽക്കുന്നു. അവളുടെ പല്ലുരുമ്മലിൽ എന്തു സംസ്കാരം?

മരണത്തിൻെറ മണിമുഴക്കം പെരുമ്പറ അടിച്ചപ്പോൾ, മനുഷ്യത്വത്തിൻെറ മാഹാത്മ്യം കാഹളം ഊതി. സ്വാതന്ത്ര്യത്തിൻെറ കസവൊളി തിരളുന്ന വഴിത്താരയിൽ ശ്രീ. പോളിൻെറ ആത്മാവു് നിൽക്കുന്നു. അവിചാരിതമായി ആ ജീവൻ പൊലിഞ്ഞെന്നുമാത്രം. പക്ഷെ ചരിത്രം വരച്ചുപോയി, മായാത്ത കാൽപ്പാടുകൾ. ഏഴെട്ടുകൊല്ലത്തിനപ്പുറം ശ്രീ. പോളിനെ പരിചയപ്പെടാൻഇടയായ പകലിൻെറ മധുരസ്മരണകൾ എന്നിലിന്നും അയവിറക്കപ്പെടുന്നുണ്ടു്. ശുഭ്രവസ്ത്രധാരിയായ വിനയത്തിൻെറ ഒരു മന്ദഹാസം. തകഴി വായനശാലയുടെ വാൎഷികത്തിൽ ആദ്ധ്യക്ഷം വരിച്ചിരുന്ന പോൾ നേരത്തെ ആലപ്പുഴയിൽ വന്നു ചേൎന്നു. ശ്രീ. തോമ്മസ് പാപ്പി വേലങ്കളത്തിൻെറ വീട്ടിലായിരുന്നു അന്നത്തെ ഉച്ചച്ചോർ. ശ്രീ. പോളും, മുണ്ടശ്ശേരിയും ഞാനുംകൂടിയാണു് അന്നു പന്തിഭോജനം നടത്തിയതു്. ഒരു ഗ്രന്ഥപരിശോധന പോലെയാണു് അദ്ദേഹം ഭക്ഷണപാനീയങ്ങളിൽ കൈവച്ചുകൊണ്ടിരുന്നതു്. ആഹരിക്കുവാൻ ജീവിക്കുന്ന ഒരാൾ ആയിരുന്നില്ല, പോൾ. ഭോജനത്തിലും മിതശീലം വിനയം പൊടിച്ചുനിന്നിരുന്നു. എങ്കിലും ഒരു പാശ്ചാത്യസംസ്ക്കാരത്തിൻെറ ചൊവ അദ്ദേഹത്തിൻെറ ഊണിനുണ്ടു്. ഉണ്ണുമ്പോഴും പല ചോദ്യങ്ങൾക്കും അദ്ദേഹം സമാധാനം പറഞ്ഞിരുന്നു. പക്ഷെ ഒരു ഉൽക്കടചിന്ത ആ മുഖത്തു് നിഴൽകുത്തിനിൽക്കും. മിതഭാഷിണിയായിരുന്നു, ശ്രീ. പോൾ. വായനയിൽ അദ്ദേഹം കണ്ടുപിടിക്കാത്ത നൂതനാശയങ്ങളില്ല. ഒരു ഗ്രന്ഥത്തിൻെറ സത്തായ ഭാഗങ്ങൾ അദ്ദേഹം അടയാളപ്പെടുത്തിയിരിക്കും. വേണ്ടതും വേണ്ടാത്തതും തമ്മിൽ വിവേചിക്കുന്ന വിവേകത്തിൻെറ വഴിത്താരയിൽ അദ്ദേഹത്തിൻെറ തിളങ്ങുന്ന കണ്ണുകൾ പതിയും; മനം ഊണും. എഴുത്തിലും പറച്ചിലിലും ലാളിത്യവും ഓജസ്സും സമ്മേളിച്ചിരിക്കും. ശ്രീ: പോൾ ഐ. സി. എസ്. പ്രവേശനപരീക്ഷയിൽ തോററുപോയതു കൊണ്ടാണു്, അദ്ദേഹത്തെ ഒരു സാഹിത്യനായകനായി നമുക്കു കാണാൻ കഴിഞ്ഞതു്. സാഹിത്യത്തിനു് വലുതായൊന്നും അദ്ദേഹം സമ്പാദിച്ചു വച്ചിട്ടില്ല. നോവൽ പ്രസ്ഥാനത്തേയും ചെറുകഥാപ്രസ്ഥാനത്തെയും കുറിക്കുന്ന രണ്ടു ഗ്രന്ഥങ്ങൾ മാത്രം. പക്ഷെ അവ രണ്ടും എണ്ണം പറഞ്ഞ സാഹിത്യഗ്രന്ഥങ്ങളാണു്. തലക്കനം വന്ന സാഹിത്യവിമൎശകരെ പിടിച്ചു നിറുത്തി ആലോചിപ്പിക്കുന്ന ഉത്തമഗ്രന്ഥങ്ങൾ. എന്നാൽ അധികമാരും വായിച്ചിട്ടില്ലാത്ത അദ്ദേഹത്തിൻെറ ഒരു ലഘുനിരൂപണഗ്രന്ഥമാണു് “ഇരുപതാംനൂററാണ്ടിലെ കത്തോലിക്കാസഭ”. അതു് പൗരോഹിത്യനഭസ്സിൽ വളരെയേറെ കാറും കോളും അടിപ്പിച്ചിട്ടുണ്ടു്. അതിൽ പുരോഹിതവൎഗ്ഗത്തിനു് ഒരു അമൎഷം ഉണ്ടു്. വൈദികൻെറ അധികാരങ്ങളും അതിൻെറ അയഥാൎത്ഥങ്ങളും അതിൽ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ടു്. ചിന്തകനും സാഹിത്യോപാസകനുമായ ശ്രീ: പോളിനു കണ്ണടച്ചു വിശ്വസിക്കാൻ കഴിയുമോ? ദൈവത്തിനു പുത്രൻ ഉണ്ടെങ്കിൽ, ദൈവത്തിൻെറ സഹധൎമ്മിണി ആരെന്നു് അറിയേണ്ടതു് ദൈവത്തിൻെറ മക്കളായ നമ്മുടെ കടമയല്ലേ? ശ്രീ: പോൾ ഉന്നയിച്ച ആ ചോദ്യം കാമ്യമല്ലേ? ഏതായാലും അതിവിടെ സംഗതമല്ല.

പോൾ മരിച്ചെങ്കിലും, അദ്ദേഹത്തിൻെറ ആത്മാവ് മാത്രമല്ല, വിജയിച്ചതു്. ജഡം കൂടി വിജയത്തിൻെറ പതാകനാട്ടി. മനം പോലെ മംഗല്യം അദ്ദേഹത്തിൽ അഴകണിഞ്ഞു.

കൊള്ളലാഭക്കാരും, കരിഞ്ചന്തക്കാരും ചൂഷകരും നയവഞ്ചകരുമായ ആളുകളെ അദ്ദേഹം വെറുത്തിരുന്നു. അവരെ കുഴിച്ചു മൂടുന്ന സ്ഥലത്തു് അദ്ദേഹത്തെ സംസ്കരിക്കാഞ്ഞതു് സമഞ്ജസമായി. പുരോഹിതന്മാർ അദ്ദേഹത്തിൻെറ മൃതദേഹം മാററി സംസ്കരിക്കണമെന്നു് പറഞ്ഞതു് അതുകൊണ്ടായിരിക്കണം. അതു് നമുക്കെല്ലാം അഭിമാനിക്കാവുന്ന ഒരു പ്രവൎത്തിയും, മഹാഭാഗ്യവും ആണു്. അധൎമ്മികളുടെ കൂടെ പോളിൻെറ മൃതദേഹം കുഴിച്ചിടുന്നതു നിന്ദ്യവും നീചവുമായ ഒരു പ്രവൎത്തിയാണു്. തന്മൂലം പുരോഹിതമതം ശ്രീ. പോളിനെ സംബന്ധിച്ചിടത്തോളം നീതിയുള്ളതാണു്. അവരുടെ പ്രവൎത്തി ഒരു കാകതാളീയം ന്യായം തന്നെ!

മരിച്ചിട്ടും പകവീട്ടാൻ കാത്തിരുന്ന ആ പുരോഹിതന്മാരുടെ സ്വൎഗ്ഗം എങ്ങനെയായിരിക്കുമെന്നു, വളരുന്ന തലമുറ ശരിക്കറിഞ്ഞു കഴിഞ്ഞു. വികസിക്കുന്ന ആശയങ്ങൾക്കും പുരോഗമിക്കുന്ന യുവത്വത്തിനും ഇതൊരു സാധനപാഠം ആയിരിക്കുകയാണു്. നിൎദ്ദയരും മൎദ്ദകരുമായ ഒരു ജനവിഭാഗത്തിൻെറ ശ്മശാനം കണ്ടാൽ അറയ്ക്കാത്തവർ ആരുണ്ടു്? മലീമസമായ ആ സിമിററിയുടെ മൂല നമുക്കു വേണ്ട. അതു് സമുദായത്തിൻെറയും അനാചാരത്തിൻെറയും കുത്തകയുടെ മൂലക്കുഴിയാണു്. മോക്ഷത്തിലിരിക്കുന്ന ആചാര്യനായ പോൾ നമ്മെ ഉപദേശിക്കുന്നതുമാത്രം കേൾക്കണം. ഈ കുത്തഴിഞ്ഞ സമുദായത്തിൻെറ ഉള്ളിൽനിന്നും പുറത്തുപോകുവാൻ; ഈ പൗരോഹിത്യത്തിൻെറ കള്ളക്കമ്മട്ടം തട്ടിയെറിയുവാൻ, ശ്രീ: പോളിനെ ആത്മാൎത്ഥമായി സ്നേഹിക്കുന്ന നമ്മൾ അതു് ഉറച്ചു കഴിഞ്ഞു; നേൎന്നു കഴിഞ്ഞു. നമുക്കു് ഒരേ ശബ്ദം ഉയൎത്താം; 'ഈ സമുദായം വേണ്ട, വേണ്ട. ശ്രീ: പോളിൻെറ ആശാദീപം തെളിയണമെങ്കിൽ അന്തരീക്ഷത്തിൽ ഈ ശബ്ദം ഉയരണം.

# മലയാളചലച്ചിത്രങ്ങളിലെ ഹാസ്യം

(പെരുന്ന പി. കെ. വാസുദേവൻനായർ)

വിനോദം ഏതൊരു മനുഷ്യന്റെയും ജീവിതത്തിലെ അനുപേക്ഷണീയമായ ഒരു ആവശ്യമാണ്. വിനോദ വിധുരമായ ജീവിതം അസ്വരസവും അനാകർഷകവും ശുഷ്ക്കവും സർവ്വോപരി അരോചകവുമായിരിക്കും. വിജ്ഞാനസമ്പാദനം പോലും വിനോദത്തിൽ കൂടിയായിരിക്കണമെന്ന നിഗമനത്തിന് ഇന്നു കൂടുതൽ പ്രസക്തിയും പ്രചാരവും ലഭിച്ചു കഴിഞ്ഞിരിക്കുന്നു. ഏററവും ചുരുങ്ങിയ ചിലവിലും സമയത്തിലും ഏററവും കൂടുതൽ വിനോദം ലഭിക്കുന്നതിന് ഇന്ന് സിനിമായെപ്പോലെ മറെറാരു ജനകീയ കലയും രൂപമെടുത്തിട്ടുമില്ല.

“മനക്ലേശങ്ങളെ കുറച്ച് നേരത്തേയ്ക്കെങ്കിലും വിസ്മരിപ്പിച്ച് മാനസോല്ലാസം നൽകുന്നതിന് പര്യാപ്തമായിരിക്കണം സിനിമായുടെ ലക്ഷ്യം” എന്നാണ് ഒരു ആദർശക സംവിധായകനും ചലച്ചിത്ര നിർമ്മാതാവുമായ കിഷോർസാഹു അഭിപ്രായപ്പെട്ടിട്ടുള്ളതു്. “പരശ്ശതം മഹാത്മാക്കളുടെ മസ്തിഷ്ക്കത്തെ മർദ്ദിച്ചുണ്ടാക്കുന്ന കലാമൂല്യങ്ങളുടെ പരിണത ഫലമാണ് സിനിമ. പ്രേക്ഷകരെ ആകർഷിച്ചു രസിപ്പിക്കുക എന്നതിൽ കവിഞ്ഞ ഒരു ഉദ്ദേശവും അതിനില്ല. ചലച്ചിത്രം, ജീവിതത്തിന്റെ വള്ളിപുള്ളിവ്യത്യാസമില്ലാത്ത പകർപ്പല്ല. പ്രത്യുത ജീവിതവൈഷമ്യങ്ങളും യാതനകളും നിറഞ്ഞു കുമിയുന്ന ലോകത്തിൽനിന്ന് മനുഷ്യന് അല്പനേരത്തേയ്ക്കെങ്കിലും വിശ്രമവും സുഖവും അനുഭൂതിയും നൽകുവാനെ അതുകൊണ്ടു് ഉദ്ദേശിച്ചിട്ടൊള്ളു.” എന്നാണ് പ്രമുഖ അമേരിക്കൻ പ്രഡ്യൂസരായ ഫ്രാങ്കകപ്രായും അഭിപ്രായപ്പെട്ടിട്ടുള്ളതു്. “ചലച്ചിത്ര വ്യവസായം ലാഭകരമായി പുരോഗമിക്കുന്നതിന് സാധാരണക്കാരെയാണ് കൂടുതൽ ആവശ്യം. തളർന്ന ഹൃദയത്തിനും ക്ഷീണിച്ച ശരീരത്തിനും ഉന്മേഷത്തിനുവേണ്ടി നല്ല രംഗവിധാനങ്ങളും മോഹനമായ നൃത്തരംഗങ്ങളും ശ്രവണമധുരമായ സംഗീതവുമാണ് ആവശ്യം. കഥാഗതിയെക്കുറിച്ചോ, ഛായാഗ്രഹണത്തെക്കുറിച്ചോ മററു സാങ്കേതിക വശങ്ങളെ സംബന്ധിച്ചോ സാധാരണക്കാർ ശ്രദ്ധപതിപ്പിക്കാറില്ല. അതനുസരിച്ച് തികച്ചും നേരമ്പോക്കാണ് സിനിമായിൽ ആവശ്യം” എന്ന് തെൻഇന്ത്യൻ പ്രൊഡ്യൂസർ ഡയറക്ടരായ എസ്സ്. എസ്സ്. വാസനും അഭിപ്രായപ്പെട്ടിട്ടുണ്ടു്. വിനോദത്തിൽ കവിഞ്ഞു് സിനിമായ്ക്കു് കഴിവുകളൊന്നുമില്ലെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്. കലാസൃഷ്ടികളുടെയൊക്കെ ഗുണദോഷനിദാനം സാധാരണക്കാരുടെ ദൃഷ്ടിയിൽ ഹാസ്യഭാഗങ്ങളാണെന്നുള്ള യാഥാർത്ഥ്യം തുറന്നു പറഞ്ഞെന്നുമാത്രം.

പുരോഗമിക്കുന്ന ലോകത്തിന് വിദ്യാഭ്യാസപരമായും വിജ്ഞാനപരമായും മഹത്തായ പല സംഭാവനകളും സിനിമായ്ക്കു നൽകുവാനുണ്ടു്. ഇന്നത്തെ ദുഷിച്ച സാമൂഹ്യ ജീവിതത്തിൽ പരിവർത്തനം സൃഷ്ടിക്കുവാൻ സിനിമായെ ഒരു പ്രചരണോപാധിയായി സ്വീകരിക്കാവുന്നതാണ്. മനുഷ്യത്വത്തിന്റെ ശത്രുക്കളെ ചലച്ചിത്രങ്ങളിൽ ചിത്രീകരിക്കണം. അതിനെതിരായി സാധാരണക്കാരെ ചിത്രീകരിക്കണം. അതിന് അവന്റെ ബുദ്ധിയോടു സംസാരിക്കമാത്രമല്ല നാം ചെയ്യേണ്ടതു്. അവന്റെ ബോധത്തെ ഉയർത്തുവാനും അവന്റെ വികാരത്തെ ഉണർത്തി ചൂടുപിടിപ്പിച്ച് ജനതയുടെ മാർഗ്ഗത്തെ തടസ്ഥപ്പെടുത്തുന്ന സകലത്തേയും തരണം ചെയ്യുവാനുള്ള വീര്യം അവനിൽ ഉല്പാദിപ്പിക്കത്തക്ക നിലയിലായിരിക്കണം അവനെ കലയിൽ ചിത്രീകരിക്കേണ്ടതു്. ജീവിതയാഥാർത്ഥ്യങ്ങളുടെ കലാസുഭഗമായ ചിത്രീകരണത്തിലൂടെ സിനിമായ്ക്കു സാമുദായിക—സാമൂഹിക—

“എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം കാഥികന്മാരുമാത്രം”

—ശരിയായിരിക്കാം. എന്നാൽ അവരിൽ കലാവൈഭവം തികഞ്ഞ പുരോഗമനപരന്മാരായ നല്ല കാഥികന്മാർ പലരുമില്ലേ? അവരിൽ പ്രഥിതനായൊരു യുവകലാകാരനാണ്—

**ആർട്ടിസ്റ്റ് കാർത്തികേയൻ** മലയാലപ്പുഴ.

ശ്രീ. ആർ. ബി. കൃഷ്ണമൂർത്തി (ബാലൻ) ഭാഗവതർ മുതലായവരടങ്ങിയ പാർട്ടി!

“ചെങ്കൊടി”, “വാഴക്കുല”, “ആ മോതിരം” തുടങ്ങിയ കഥകൾ!

ബുക്കിംഗിനു് ഈ വിലാസത്തിൽ:—മൃദംഗം നാരായണദാസ്—ടെയിലർ, പത്തനംതിട്ട.

അനീതികളെ ജനതയുടെ മുൻപിൽ നിരത്തിവെയ്ക്കുന്നതിനും ചിന്താശൂന്യരിൽപ്പോലും ചിന്തയുടെ വിത്തു പാകുന്നതിനും കർമ്മോന്മുഖരാക്കുന്നതിനും പ്രയോജകീഭവിക്കാം. ജനങ്ങൾക്കു നവംനവമായ സന്ദേശങ്ങൾ നൽകുക—അവരുടെ ദുർബ്ബലതകൾഗ്രഹിച്ച് അവയ്ക്കു പരിഹാരം നേടുന്നതിന് പ്രചോദനം നൽകുക—ദുഃഖങ്ങളും ഉച്ചനീചത്വങ്ങളുമില്ലാത്ത—മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യാത്ത—വികസിക്കുവാനും വളരുവാനും തുല്യാവകാശങ്ങളും സന്ദർഭങ്ങളും നൽകുന്ന— ഒരു സുന്ദരലോകം കെട്ടിപ്പടുക്കുന്നതിന് സിനിമയ്ക്കു മഹത്തായ പല സേവനങ്ങളും അനുഷ്ഠിക്കുവാനുണ്ട്. പക്ഷേ വിജ്ഞാനാർജ്ജനത്തിനല്ല സാധാരണജനങ്ങൾ സിനിമാശാലകളിലേക്ക് ഇരമ്പിക്കയറുന്നത്. ജീവിത ക്ലേശങ്ങളിൽ നിന്ന് അല്പനേരത്തേയ്ക്കെങ്കിലും മുക്തിനേടുന്നതിന്—അവന്റെ അറുതിയില്ലാത്ത ദുരിതങ്ങളിൽ നിന്ന് താല്ക്കാലികമായി ഒഴിഞ്ഞു മാറി ആനന്ദമനുഭവിക്കാനാണ് അവൻ സിനിമാശാലകളിൽ അഭയം പ്രാപിക്കുന്നത്. ഹാസ്യരസത്തിൽ പൊതിഞ്ഞ് വിനോദവും വിജ്ഞാനവും ഒന്നുപോലെ പ്രദാനം ചെയ്യുന്ന ചലച്ചിത്രങ്ങൾ പ്രേക്ഷകലോകത്തെ കൂടുതലായി ആകർഷിക്കുമെന്നുള്ളത് കേവലം ഒരു പരമാർത്ഥം മാത്രമാണ്.

മലയാള ചലച്ചിത്രങ്ങൾ എണ്ണത്തിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇതേവരെ പുറത്തുവന്നിട്ടുള്ള മലയാള ചലച്ചിത്രങ്ങളിൽ ഭൂരിഭാഗവും പരാജയത്തിൽ പര്യവസാനിക്കുകയാണുണ്ടായത്. കേവലം പണം സമ്പാദിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി ചലച്ചിത്രങ്ങളെ വ്യവസായപരമായി വ്യഭിചരിപ്പിക്കുവാനുള്ള ഉപകരണമാക്കി തീർക്കുന്നതുകൊണ്ടാണ് അവ പുരോഗതിയുടെ നെട്ടംപാതയിൽ നിന്ന് അധഃപ്പതനത്തിന്റെ പടുകുഴിയിലേക്കു വഴുതി വീഴുന്നത്. മറുനാട്ടുകാരുടെ മുൻപിൽ കേരളീയ സംസ്ക്കാരത്തേയും ആചാരത്തേയും പാരമ്പര്യത്തേയും പരമാവധി അവഹേളിക്കത്തക്കവണ്ണമാണ് അവയിൽ പലതും സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്. മലയാളികൾ ബുദ്ധിശൂന്യരാണെന്നും അവരുടെ മസ്തിഷ്ക്കം കളിമണ്ണുകൊണ്ടു നിർമ്മിച്ചതാണെന്നും ഏതുതരത്തിലും അവരെ വഞ്ചിച്ചു പണം പിടുങ്ങാമെന്നും മലയാള ചലച്ചിത്രനിർമ്മാതാക്കൾക്ക് ഒരു മിഥ്യാബോധം കടന്നുകൂടിയിട്ടുണ്ടെന്നു തോന്നുന്നു. കാശില്ലാത്ത നിർമ്മാണകർ, അഭിനയം വശമില്ലാത്ത നടന്മാർ, സംവിധാന പരിജ്ഞാനമില്ലാത്ത ഡയറക്ടറന്മാർ, കഥയും സംഭാഷണവും രചിക്കുവാൻ കഴിവില്ലാത്ത സാഹിത്യകാരന്മാർ ഇവരെല്ലാം കൂടി സമ്മേളിക്കുന്നതിന്റെ അനന്തരഫലമായിരിക്കും ഒരു മലയാള സിനിമ. ചലച്ചിത്രം ഒന്നുകിൽ ബുദ്ധിക്കോ അല്ലെങ്കിൽ യുക്തിക്കോ, ഇതിനു രണ്ടിനും സാദ്ധ്യമല്ലെങ്കിൽ സത്യത്തിനൊ, ശാസ്ത്രത്തിനൊ അനുയോജ്യമായ നിലയിലെങ്കിലും നിർമ്മിക്കണം. അശാസ്ത്രീയമായി, പ്രയോജനരഹിതമായി, കൈകാര്യം ചെയ്യേണ്ട ഒരു കമ്പോളച്ചരക്കല്ല കല. ഉദ്ദേശശുദ്ധിയോടും ആത്മാർത്ഥതയോടും കൂടി കേരളീയ ജീവിതത്തേയും സംസ്കാരത്തേയും പ്രദ്യോതിപ്പിക്കുവാൻ കഴിവില്ലാത്ത നിർമ്മാതാക്കൾ കേരളീയ ചലച്ചിത്രാന്തരീക്ഷത്തിൽ വിഷപ്പുക വമിക്കാതിരിക്കട്ടെ. അടക്കവഹിയാത്ത അമർഷത്തോടും ആജീവനാന്തം നിലനില്ക്കുന്ന വെറുപ്പോടുംകൂടിയാണ് പലരും ചില മലയാള ചലച്ചിത്രങ്ങൾ ദർശിച്ചിട്ട് സിനിമാശാലകളിൽ നിന്ന് പുറത്തേക്ക് ഇറങ്ങുന്നത്. ചില പേക്കൂത്തുകളും ചാടിത്തുള്ളലുകളും കോപ്രായങ്ങളും കുത്തിചെലുത്തി വികലവും വിലക്ഷണവുമായ കലാസൃഷ്ടികൾ ചെയ്ത് അവയെ നിർലജ്ജം പ്രദർശിപ്പിക്കുന്നതിന് തൊലിക്കരുത്തോടെ മലയാള ചലച്ചിത്ര നിർമ്മാതാക്കൾ തുനിയുന്ന പക്ഷം നിയമത്തിന്റെ ഉരുക്കുമുഷ്ടി ഉപയോഗിച്ചെങ്കിലും ഇക്കൂട്ടരെ കലാലോകത്തിൽ നിന്ന് ആട്ടിപായിക്കേണ്ടതാണ്.

മലയാള ചലച്ചിത്രങ്ങളിൽ ഹാസ്യത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന വഷളത്വങ്ങളും വൃത്തികേടുകളും ക്ഷമിക്കാനോ സഹിക്കാനോ നിവൃത്തിയില്ലാത്തവയാണ്. നമ്മുടെ സിനിമാ ഇപ്രകാരം അധഃപതനത്തിന്റെ നീർച്ചുഴിയിൽ കിടന്നു നട്ടംതിരിയുവാൻ പല കാരണങ്ങളുമുണ്ട്. തമിഴ് സിനിമാനോക്കി പിച്ചവെച്ചാണ് മലയാള സിനിമാ വളന്നതു്.

സന്ദർശിക്കുവിൻ!

## ആസാദ് ഹോട്ടൽ

എവിടെ?

പഴവങ്ങാടി :: തിരുവനന്തപുരം.

## തിരുവോണം ഇതാ വരുന്നു!

നിങ്ങളുടെ ആഹാരസാധനങ്ങൾ എളുപ്പം തയ്യാറാക്കുന്നതിനു വിറക് അത്യാവശ്യമല്ലേ—ഉണ്ട്. എന്നാൽ അതിനുള്ള ഒന്നാംതരം മലവിറകുകൾ ഇവിടെ മിതമായ വിലയ്ക്കു കിട്ടുന്നതാണ്. താണുഭവൻ വിറകുഡിപ്പോയിൽ അന്വേഷിക്കുവിൻ.

മാഞ്ഞാലികുളത്തിനു സമീപം
തമ്പാനൂർ—തിരുവനന്തപുരം.
പ്രൊ: എൻ. എസ്. പി.

തമിഴ് തമിഴന്റെ സംസ്കാരമാണെന്നും മലയാളികൾക്ക് അതു പററുകയില്ലെന്നും നമ്മുടെ നിർമ്മാതാക്കൾ ധരിച്ചില്ല. ഭാര്യ ഭർത്താവിനെ ചൂലെടുത്തു തല്ലുന്നതും, തവിക്കണകൊണ്ടു ചെള്ളയ്ക്കു കുത്തുന്നതും, കലമെടുത്ത് അയാളുടെ ഉച്ചിയിൽ ഉടയ്ക്കുന്നതും, ചെവിക്കുപിടിച്ചുവലിച്ചിഴയ്ക്കുന്നതും, പല്ലിളിക്കുന്നതുമെല്ലാം തമിഴർക്കു ഭൂഷണവും ആവശ്യവുമായിരിക്കും. പക്ഷേ തമിഴരുടെസംസ്കാരം മലയാളിയുടെ വ്യക്തിത്വത്തെ മുരടിപ്പിക്കുന്നതു ശരിയാണോ?

പമ്പരവിഡ്ഢികൾപോലും കാണിക്കാത്ത പത്താംകിട കോമിക്കുകൾ പലതും മലയാള ചിത്രങ്ങളിൽ കാണാൻ കഴിയും. തന്നത്താൻ വിഡ്ഢിത്തരങ്ങൾ കാണിച്ച് മററുള്ളവരെ ഒരു ഹാസ്യനടൻ ചിരിപ്പിക്കുന്നുണ്ടെങ്കിൽ അതു യഥാർത്ഥത്തിൽ ഹാസ്യാനുഭൂതികൊണ്ടല്ല. അങ്ങിനെ ചിരിക്കുന്നവരിൽ പലരും സ്വതവേ വിഡ്ഢികളായിരിക്കും. തങ്ങളെപ്പോലുള്ള വിഡ്ഢികളോട് അവർ സഹതാപം പ്രകടിപ്പിക്കുന്നു എന്നേ ആ ചിരിക്കു വ്യാഖ്യാനം നൽകുവാനൊള്ളു. അങ്ങിനെ മണ്ടനെ മരമണ്ടനാക്കി മനുഷ്യന്റെ ധാർമ്മികബോധത്തിന്റെ മാററുകുറച്ച്—അവരുടെ ചിന്താശക്തിയെ കെടുത്തികളയുന്ന—കോമിക്കിന്റെ പേരിലുള്ള വിഡ്ഢിത്തരങ്ങൾ അശേഷം അനുകരണാർഹമല്ല. ചിന്തിപ്പിച്ചു ചിരിപ്പിക്കുവാൻ വേണ്ടുവോളം വകനൾകുന്ന സ്വാഭാവികമായ വിനോദരംഗങ്ങളായിരിക്കണം സന്ദർഭാനുസൃതമായി ചലച്ചിത്രങ്ങളിൽ പ്രയോഗിക്കേണ്ടതു്. കേവലം പൊള്ളയായ പൊട്ടിച്ചിരിയിൽനിന്നു് ഉദിച്ചസ്തമിക്കേണ്ട ഒന്നല്ല ഹാസ്യം. ബാഹ്യമായ ഹാലിളക്കങ്ങളെക്കാൾ ഹൃദയാന്തർഭാഗത്തെ മൃദുലതന്തുക്കളെ ചലിപ്പിക്കയാണു് ഹാസ്യരസത്തിന്റെ പരമ പ്രയോജനം.

മലയാള ചലച്ചിത്രങ്ങളിലെ ഹാസ്യരസംമുഴുവൻ വേലക്കാരുടെ കുത്തകമുതലാണെന്നു തോന്നിപ്പോകുന്നു. മററു കഥാപാത്രങ്ങളാരെങ്കിലും ഫലിതംപറഞ്ഞുപോയാൽ ഗൌരവത്തിനു് ഭംഗംനേരിട്ടെന്നാണു് ഒരു വെയ്പു്. അതുകൊണ്ടു് പാവപ്പെട്ട വേലക്കാരുടെ ചുമലിൽതന്നെ ഹാസ്യത്തിന്റെ ചുമടു് ഉറപ്പിച്ചിരിക്കുകയാണു്. കനത്ത നിതംബവും ഉരുത്ത തുടയും തുള്ളുന്നമുലയുമെല്ലാം അർദ്ധനഗ്നതയിൽ പ്രദർശിപ്പിച്ചുകൊണ്ടു് ഒരു വേലക്കാരി പ്രത്യക്ഷപ്പെടും. പിറകെ ഒരു വിരൂപനായവേലക്കാരനും. അടുക്കള അവർ ഒരു പ്രേമസാമ്രാജ്യമായി മാററും. അവരുടെ ആഭാസകരമായ അംഗവിക്ഷേപങ്ങളും ശൃംഗാരത്തിൽ കുഴച്ചെടുത്ത വഷളൻ ചോദ്യോത്തരങ്ങളും പിടിയും വലിയുമെല്ലാം ആരംഭിക്കുകയായി. വേലക്കാരൻ "ഓ! കുഞ്ഞേ! കരളേ! തേനേ! കനിയേ! നീ എന്നെ കൈവെടിയാതെ" എന്നു കഴുത സ്വരത്തിൽ ഒരു പാട്ടു്. "ഓ പൊന്നേ, പൊരുളേ താൻ തന്റെ പാട്ടിനു പോടാ——" എന്നു് വേലക്കാരി പാട്ടിൽതന്നെ ഒരു മറുപടിയും. തുടന്നു് ഒരു കലഹം. വേലക്കാരി കലം കഴുകിയ വെള്ളമെടുത്തു് വേലക്കാരന്റെ മുഖത്തു് ഒഴിക്കുക—ചട്ടുകമെടുത്തു് പള്ളയ്ക്കു് ഒരു കുത്തുകൊടുക്കുക. ഉടനെ ഗൃഹനായിക രംഗത്തു പ്രത്യക്ഷപ്പെടുക. ഇതെല്ലാം വിനോദാത്മകത്വത്തിന്റെ പേരിൽ ചിത്രങ്ങളിൽ ഉൾക്കൊള്ളിക്കത്തക്കവിധം മലയാള ചലച്ചിത്രങ്ങൾ അധഃപതിക്കുന്നതാണു് പരിതാപകരം. ഇത്തരത്തിലുള്ള മനംമടുപ്പിക്കുന്ന കോമാളിത്തങ്ങൾ ഇനിയും സിനിമാവേദിയിൽ വെച്ചു വാഴിക്കുക അഭിലഷണീയമല്ല.

മലയാള ചലച്ചിത്രങ്ങളിലെ ചില ഹാസ്യരംഗങ്ങൾ ദർശിച്ചാൽ മലയാളഭാഷയെ ആക്ഷേപിക്കുകയോ കൊഞ്ഞണം കുത്തുകയോ ചെയ്യുന്ന പ്രതീതിയാണുളവാകുന്നതു്. "പോയിൻറു മനസ്സിലായോ"; "പ്ലാൻ അനുസരിച്ചു ചെയ്യണം"; "അതാണു് അതിന്റെ മനശ്ശാസ്ത്രം"; "വേലയിറക്കാതെ"; "ഇപ്പോഴെന്തു ബുദ്ധിയിരിക്കുന്നു"; "പന്സ്റ്റൽ പസ്സ്" എന്നു തുടങ്ങിയ ചില മുറിവാചകങ്ങൾ സ്ഥാനത്തും അസ്ഥാനത്തും ചില പാത്രങ്ങൾ ആവർത്തിച്ചു് ആവർത്തിച്ചു് പ്രയോഗിക്കുന്നതു കേൾക്കാം. ഇമ്മാതിരിയുള്ള ആവർത്തനങ്ങൾ യഥാർത്ഥത്തിൽ ഹാസ്യാനുഭൂതിയെക്കാൾ അരോചകത്വമാണുളവാക്കുന്നതു്. "അധികമായാൽ അമൃതും കയ്ക്കും" എന്നല്ലേ പ്രമാണവും. അർത്ഥശൂന്യവും അനാവശ്യവുമായ ആവർത്തനങ്ങൾ രസത്തെക്കാൾ കൂടുതൽ വിരസതയാണുളവാക്കുന്നതു്

(തുടരും)

—*—


ക്ഷീണം വർദ്ധിച്ചിരിക്കുമ്പോൾ

## കോഹിനൂർ തേയില

## കുടിക്കുക!

ഊററു്, മണം, രുചി ഇവയ്ക്കു കോഹിനൂർ തേയില ഒന്നാംതരമെന്നാണു് അനുഭവസ്ഥർ പറയുന്നതു്.

സിററി തേയില ഡിപ്പോ

വടയാററുകോട്ട—കൊല്ലം.



വികടകേസരി

## പരസ്യനിരക്ക്

| | രൂ. ണ. സ. |
|---|---|
| കവർ നാലാം പേജ് | 75—0—0 |
| ,, 2 ,, | 50—0—0 |
| ,, 3 ,, | 50—0—0 |
| കവറിനുള്ളിൽ | 45—0—0 |
| ഒരിഞ്ചുകാളം | 3—8—0 |

പരസ്യചാർജ്ജ് മുൻകൂർ

കലാവേദി.

# ശ്രീ. മുതുകുളം രാഘവൻപിള്ള

(വികടകേസരി)

നിങ്ങൾ കേട്ടിട്ടുണ്ടോ മുതുകുളത്തുകാരൻ യയാതി വേലുപ്പിള്ളയെന്നൊരു പണ്ഡിത ഡിണ്ഡിമത്തെ! ഇല്ലെങ്കിൽ നിങ്ങളുടെ ജീവിതം പാഴായി. ആ രസികശിരോമണിയുടെ അനന്തിരവനായിട്ടാണ് "കൊച്ചു രാഘവൻ" ജനിച്ചതു്. ആ പയ്യൻ എന്തെല്ലാം കണ്ടു, കേട്ടു, പഠിച്ചു, എഴുതി! അങ്ങനെ അറിയാതെ കൊല്ലം നാല്പത്തഞ്ചു കടന്നുപോയി. അദ്ദേഹം പോലും അക്കഥ അറിഞ്ഞിട്ടുണ്ടാവില്ല. നിരന്തരമായ പേനായുന്തൽ തന്നെ പണി! സാഹിത്യം കൊണ്ടുമാത്രം വയറുപിഴയ്ക്കുന്ന ഒരു മലയാളിയുണ്ടെന്നറിഞ്ഞാൽ നിങ്ങൾ വിശ്വസിയ്ക്കില്ല. പക്ഷേ നമ്മുടെ "കൊച്ചു രാഘവ"നെ സംബന്ധിച്ചിടത്തോളം അതു വെള്ളം ചേരാത്ത ഒരു സത്യമാണ്. ഈ ഇടവിടാതുള്ള എഴുത്തു ജോലിക്കിടയിൽ വിവാഹം ചെയ്യുന്ന കാര്യം തന്നെ അദ്ദേഹം വിട്ടുപോയി. എന്തൊരു മറവി!

"എന്താണു രാഘവൻപിള്ളച്ചേട്ടാ വിവാഹമൊന്നും ചെയ്യാത്തതു്?" എന്നു നിങ്ങൾ ചോദിയ്ക്കുന്നുവെന്നിരിക്കട്ടെ. ആ രസികൻ പല്ലു മുപ്പത്തിരണ്ടും വെളിക്കു കാണിച്ചു് ഇങ്ങനെയൊരു മറുപടി കൊണ്ടു് നിങ്ങളുടെ വായടപ്പിക്കും. "എന്തിനാടാ കുഞ്ഞേ, ഈ വിവാഹവും മററും. എങ്ങനെയെങ്കിലും തിന്നും കുടിച്ചും ജീവിക്കണം. അതിനിടയ്ക്കു് ഈ പൊല്ലാപ്പിനൊക്കെ പോയി എന്തിനു കുറേ എല്ലുന്തിയ പിള്ളാരെ ലോകത്തിനു സമ്മാനിയ്ക്കുന്നു." എന്താ കാര്യം ശരിയല്ലേ?

അദ്ദേഹം വിവാഹം ചെയ്യാത്തതിന്റെ കാരണത്തെപ്പററി ഗവേഷണം ചെയ്യാനൊരുമ്പെടുന്ന ചരിത്രവിദ്യാർത്ഥികൾ നിരാശരാകുമെന്നുള്ളതു തീർച്ച. അപ്പോൾ ആൾ ഒരു ശുകബ്രഹ്മർഷിയാണോ? അങ്ങനെ വിധി പ്രസ്താവിക്കാനും തരമില്ല. എതിരുമൊഴി കൊടുക്കാൻ സാക്ഷിക്കൂട്ടിലേക്കു പെണ്ണുങ്ങളുടെ ഒരു ജാഥ തന്നെ ഇങ്കിലാബു വിളികളോടെ മാർച്ചു ചെയ്തു എന്നിരിക്കും. വേണ്ടാ ഉപദ്രവത്തിനൊന്നും പോകേണ്ടാ. മനസ്സുണ്ടെങ്കിൽ വിവാഹിക്കട്ടെ. ഇല്ലെങ്കിൽ വേണ്ടാ!

ഒട്ടകത്തെപ്പോലെ സുന്ദരനാണു രാഘവൻപിള്ള! കുറുക്കനെപ്പോലെ ബുദ്ധിക്രമ്മതയുമുണ്ടു്! മക്കടത്തെപ്പോലെ ചാപല്യവും കൂട്ടും. ഏതാണ്ടു് ഒരു "ട" എഴുതിയതുപോലെയിരിക്കും ആളിനെക്കണ്ടാൽ. വളവും ക്രമം നൂത്താൽ സുമാർ അഞ്ചര അരയ്ക്കാൽ അടിപൊക്കം വരും. കാക്കയെപ്പോലെ വെളുത്തതല്ല, അരയന്നത്തെപ്പോലെ കറുത്തതുമല്ല, പുകപോലെ ഒരിരുനിറം. പല്ലുതേച്ചു കൊണ്ടു നിൽക്കുന്ന ആളുകളുടെ മുമ്പിൽ കൂടി കടന്നു പോകാൻ അദ്ദേഹത്തിനു പേടിയുണ്ടു്. പച്ചീർക്കിലാണെന്നു വിചാരിച്ചു് എടുത്തു രണ്ടായി കീറി നാക്കുവടിയ്ക്കാനുപയോഗിച്ചെങ്കിൽ സംഗതി തകരാറായില്ലേ? വണ്ണം അത്രയ്ക്കുണ്ടെന്നു ചുരുക്കം. ചെല്ലി തിന്ന ഒരു തെങ്ങിന്റെ മണ്ടയിൽ ഉപ്പും ചാരവുമിട്ടിരിക്കയാണോ എന്നുതോന്നും വിദ്വാന്റെ തലമുടി കണ്ടാൽ! കറുത്തും വെളുത്തുമുള്ള നൂലു കൊണ്ടു നെയ്തെടുത്ത ഒരു പണസഞ്ചിയാണോ എന്നും ചിലർക്കു തോന്നിക്കൂടെന്നില്ല.

ആരേക്കണ്ടാലും വളരെ വിനയത്തോടും ബഹുമാനത്തോടും പരിചയഭാവം നടിയ്ക്കുന്ന നില—സരസസംഭാഷണം—ഹൃദയം തുറന്നുള്ള ചിരി—കറുത്ത ഫ്രെയിമുള്ള കണ്ണട—നനച്ചുവെളുപ്പിച്ച ഒരു ജൂബാ ഇതെല്ലാം കൊണ്ടു് എവിടെക്കണ്ടാലും നിങ്ങൾക്കാളെ തിരിച്ചറിയാം.

കുടുംബജീവിതം സ്വച്ഛമാണ്. ഹെഡ്മിസ്ട്രസ്സ് ജോലിയിൽ നിന്നും പെൻഷൻ പററിയ അമ്മ ഗൃഹലക്ഷ്മിയായിക്കഴിയുന്നു. കാർത്ത്യായനിയമ്മയെന്നാണ് പേരു്. പ്രസംഗത്തിലും കവിതയെഴുത്തിലും അവർക്കു വാസനയുണ്ടു്. ആ തിരിയിൽനിന്നു കത്തിച്ചെടുത്തതാണ് നാടകലോകത്തിൽ എരിയുന്ന ഈ പന്തം. പലരുടേയും കണ്ണു മഞ്ഞളിപ്പിച്ചു കൊണ്ടു് അതു കൂടുതൽ എരിഞ്ഞുയരുകയാണ്. രാഘവൻപിള്ളയ്ക്കു് രണ്ടനുജന്മാരും ഒരനുജത്തിയുമുണ്ടു്. ഒരാൾ ഒരു തരക്കേടില്ലാത്ത വൈദ്യൻ. അപരൻ പള്ളിക്കൂടം വാദ്ധ്യാരും!

അവിവാഹിതനെങ്കിലും ആകെക്കൂടി അറുപത്തേഴു കുട്ടികളുടെ പിതാവാണു രാഘവൻപിള്ള! ആൾ ചില്ലറക്കാരനല്ലെന്നു നിങ്ങൾ വിചാരിയ്ക്കയായിരിക്കും. വരട്ടെ. അതു മനുഷ്യക്കുട്ടികളല്ല. നാടകശിശുക്കൾ! അറുപത്തേഴു നാടകങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നു ചുരുക്കം! പലതും കരപ്പനും മററും വന്നു കാഞ്ഞുപോയി. ഭൂരിപക്ഷവും ആരോഗ്യത്തോടെ ജീവിക്കുന്നുണ്ടെന്നാണറിവ്. 'യാചകി' യായ മകൾ തെണ്ടിപ്പിടിച്ചു് കുറേക്കാശുണ്ടാക്കിയ കഥ അറിയാമല്ലോ. അതു തന്റെ മകളാണെന്നും പറഞ്ഞു് വിജയഭാനുപത്രാധിപർ സി. മാധവൻപിള്ള കോടതിയിൽ പരാതിപ്പെടുകയും മററും ചെയ്ത കഥ എല്ലാവർക്കും സുപരിചിതമാണല്ലോ. പക പോക്കാൻ രാമപുരം ദാമോദരനാചാരി എന്ന ഒരു കരിങ്കാലിയെക്കൊണ്ടു് "പാതകി" എന്ന പേരിൽ ഒരാഭാസനാടകമെഴുതിച്ചു് രാഘവൻപിള്ളയുടെ മേൽ ചെളിവാരിയെറിയാൻ മാധവൻപിള്ള ശ്രമിച്ചിട്ടുണ്ടു്. പക്ഷേ

ചെളിവീണയു് എഴുതിച്ച ആളിൻെറ വായിലും മൂക്കിലുമായിപ്പോയെന്നുമാത്രം.

മദ്രാസിലുള്ള ടി. കെ. ബ്രദേഴ്സ് ഇൻഡ്യയൊട്ടാകെ നടത്തി വരുന്ന "മനുതൻ" എന്ന പേരുകേട്ട നാടകം മുതുകുളത്തിൻെറ "മനുഷ്യൻ" തന്നെയാണു്. ഒരു സിനിമാ നടൻ എന്ന പേരിൽ ശ്രീ. മുതുകുളം ഇന്നു് കേരളത്തിലെ സാധാരണക്കാരുടെ കണ്ണിലുണ്ണിയായിത്തീർന്നിട്ടുണ്ടു്. നല്ലതങ്ക, ജീവിതനൌക, യാചകൻ, നവലോകം, ആത്മസഖി എന്നീ സിനിമകളിലൂടെ രാഘവൻപിള്ള വാരിക്കോരി വിളമ്പിയ ഫലിതങ്ങൾ ഇന്നും ഓർത്തോർത്തു ചിരിക്കാൻ നാം മറക്കുന്നില്ല. ആലോചിച്ചു നോക്കുക. ജീവിതനൌകയിലെ വക്കീൽസാറിനെ നിങ്ങൾക്കു ജീവിതത്തിൽ മറക്കാൻ സാധിക്കുമോ? ഇപ്പോൾ നമ്മുടെ മുതുകുളം "ലോകനീതി" "അമ്മയും മകനും" എന്നീ സിനിമകൾക്കു് കഥയും സംഭാഷണവും തയ്യാറാക്കിക്കൊണ്ടിരിയ്ക്കുയാണു്. മററു പലതിനും കഥയും സംഭാഷണവുമെഴുതാനുള്ള കരാറിൽ അദ്ദേഹം ഒപ്പു വെച്ചിട്ടുമുണ്ടു്.

ഇപ്പോൾ മെരിലാൻഡ്സ് സ്റ്റുഡിയോ ഉടമസ്ഥൻെറ തണലിൽ കഴിയുകയാണു്. അവിടെനിന്നും ഒരു സിനിമാ മാസിക തുടങ്ങാനും ഭാവമുണ്ടെന്നു കേട്ടു. അതിലൂടെ സിനിമാ വിമർശകന്മാരെ ഒരു പാഠം പഠിപ്പിയ്ക്കുമെന്നാണു് ഇഷ്ടൻ പറയുന്നതു്.

"നാഴി ബീഡിയുണ്ടെങ്കിൽ ഒരു രാത്രി കൊണ്ടു നാലു നാടകങ്ങളെഴുതാം" എന്നദ്ദേഹം പലരോടും പറയാറുള്ളതു് ഒരു പൊങ്ങച്ചമല്ല, വെറും പച്ചനേരാണു്. അത്ര കണ്ടു് ബ്രഹ്മാവിൻെറ മിസ്സിസ്സായ സരസ്വതിയമ്മ അദ്ദേഹത്തെ അനുഗ്രഹിച്ചിട്ടുണ്ടു്. കാശു് കണ്ടമാനംകിട്ടുന്നുണ്ടെങ്കിലും ഇന്നും സമ്പാദ്യം പൂജ്യം മാത്രമാണു്. അതിനെപ്പററി ചോദിച്ചാൽ "ഞാനെന്തിനാടാ കുഞ്ഞുങ്ങളേ, സമ്പാദിക്കുന്നതു്. കെട്ടിയോളും പിള്ളാരുമില്ലാത്തോനുസൊത്തെന്തിനാ. ചത്തു കഴിഞ്ഞു് സക്കാരു കണ്ടുകെട്ടാനോ" എന്നായിരിക്കും ഉത്തരം.

ഇങ്ങനെയാണെങ്കിലും അദ്ദേഹത്തിൽ നിന്നും പലരും വലിയ സമ്പാദ്യക്കാരായിത്തീർന്നിട്ടുണ്ടു്. പാവം രാഘവൻപിള്ള ഇപ്പോഴും പഴയ മുറിബീഡിയിൽ തന്നെ. തമിഴു് സിനിമാ ലോകത്തേക്കു് ചില പെരിയ ആസാമികൾ അദ്ദേഹത്തെ പിടിച്ചു വലിയ്ക്കുന്നുണ്ടു്. പക്ഷേ മാനും മയിലുമുള്ള മാൻകണ്ണിമാരും മെരിലാൻഡ്സ്സ്റ്റുഡിയോയുമുള്ള മലയാളനാട്ടിലെ മണ്ണിൽ നിന്നും അദ്ദേഹം എങ്ങും പോകാൻ ആഗ്രഹിക്കുന്നില്ല. ആ 'ഹാസ്യകേസരി' യെ വികടകേസരിയടക്കമുള്ള ബഹുജനങ്ങൾ വിടാനും പോകുന്നില്ല!

—o—

## വിദ്വാൻ കെ. കെ. വാദ്ധ്യാർ സിലോണിലേയ്ക്കു്

കഥാപ്രസംഗകലയിൽ കഴിഞ്ഞ ഇരുപതിൽപരം കൊല്ലത്തെ തഴക്കവും പരിചയവും സിദ്ധിച്ചിട്ടുള്ളയാളും, പൊതുജനങ്ങളിൽനിന്നും അനവധി കീർത്തിമുദ്രകളും പ്രശംസാപത്രങ്ങളും കരസ്ഥമാക്കിയിട്ടുള്ള വിദ്വാൻ കെ. കെ. വാദ്ധ്യാർ, പാർട്ടി സമേതം പുതിയ കഥകളുമായി പരിപാടിക്കുവേണ്ടി സിലോണിലേയ്ക്കു് ഉടനെ പുറപ്പെടുമെന്നു് അറിയിച്ചിരിക്കുന്നു. ശ്രീ: വാദ്ധ്യാക്കു് സകലവിജയങ്ങളും ഞങ്ങൾ ആശംസിച്ചു കൊള്ളുന്നു.


## മലയാപ്രസ്സ്

### ആററിങ്ങൽ

ഇവിടെ അച്ചടികൾ, ബയൻറിംഗുകൾ മുതലായവ കൃത്യസമയത്തു ചെയ്തു കൊടുക്കപ്പെടുന്നതാണു്.

P. S. കൂടാതെ ഉറപ്പും ഭംഗിയുമുള്ള റബ്ബർ മുദ്രകൾ ആഡർ അനുസരിച്ചു് കൃത്യസമയത്തു് ചെയ്തു കൊടുക്കപ്പെടും.

പ്രൊ: ആർ. കൃഷ്ണൻനായർ

## ശ്രീരാമവിലാസം

ബ്രാഹ്മിൻസ് കാഫി & മീൽസ് ഹോട്ടൽ.

ഇവിടെ കാഫി, ചായ, കൊക്കോ തുടങ്ങിയ പാനീയാദികളും ശുചിത്വവും രുചിയുമുള്ള ഭക്ഷണങ്ങളും സദാ തയ്യാർ.

പ്രൊപ്രൈററർ

പുളിമൂട് — തിരുവനന്തപുരം

VISIT! VISIT!

:: ശാന്താ ബേക്കറി ::

പുളിമൂട് — — — തിരുവനന്തപുരം.

# കുറിപ്പന്മാർ

— വിദ്വാൻ കെ. കെ. വാദ്ധ്യാർ —

നമ്മുടെ നാട്ടിലെ അച്ചടിശാലകൾ പാഠപുസ്തകം പോലെയും കാൺഗ്രസ് പ്രമാണികളെപ്പോലെയും അധികം തെററുവരുത്തുന്ന കാര്യത്തിൽ അഹമഹമികയാ മത്സരിക്കുകയാണല്ലോ. അതിനാൽ ഇവിടെ കുറിപ്പന്മാരെന്നു കാണുമ്പോൾ തലക്കെട്ടിലെങ്ങാണ്ടു് വല്ല കരുവിൻെറയും കുഴപ്പം വന്നതാണോ എന്നു സംശയം തോന്നിയേക്കാം. കുറുപ്പന്മാരെക്കുറിച്ചല്ലേ പറയാൻ വരുന്നതെന്നും തോന്നിയേക്കാം. ഏയ്, അതിലെന്തിരിക്കുന്നു?

"നായർക്കുറുപ്പോ കണിക്കുറുപ്പോ
പട്ടർക്കുറുപ്പോ പടക്കുറുപ്പോ"

എന്നോ മറേറാ വടക്കൻ പാട്ടിൽ പറയുന്നതുപോലെ പലജാതിക്കുറുപ്പന്മാരെക്കുറിച്ച് അതുമിതും പറഞ്ഞുകൂടായ്കയില്ല. എന്നാലും, നമ്മുടെ ദേശീയത്തിൻെറ ഉള്ളിൽ വർഗ്ഗീയം പോലെ, ഐക്യമുന്നണിയുടെ യുള്ളിൽ അനൈക്യംപോലെ, എല്ലാവരുടെയുള്ളിലും തലയിണയിൽ പഞ്ഞിപോലെ നിറഞ്ഞു ജാതിക്കുശുമ്പിരുന്നാലും, അതു്, നാഗരികയുവതികളുടെ ജമ്പർക്കഴുത്തിലൂടെ മാറിടക്കൊഴുപ്പെന്നപോലെ പച്ചയ്ക്കു ധ്വനിച്ചു കാണുന്നതു് ഇന്നാർക്കും ഇഷ്ടപ്പെടുകയില്ല. ഇവിടെ പറയാൻ പോകുന്നതു് കുറിപ്പന്മാരെക്കുറിച്ചാണു്; സംഘടന, പ്രമേയം, പണപ്പിരിവ്, സിനിമാമാസിക, പ്രക്ഷോഭണം, പോലീസ് മർദ്ദനം, പത്രമേജൻറ്, റെസ്റ്റോറണ്ടു് മുതലായവപോലെ ആധുനികജീവിതത്തിൽ അതിപ്രാധാന്യം വഹിക്കുന്ന സർവ്വശക്തന്മാരായ സാക്ഷാൽ കുറിപ്പന്മാരെക്കുറിച്ചാണു് ചിലതു കുറിക്കാൻ പോകുന്നതു്.

ആരാണു് ഇവരെന്നോ? അറിയില്ലേ? ധാരാളം കണ്ടിട്ടുണ്ടാവും. പണ്ടത്തെ ഒരു സംസ്കൃതശ്ലോകത്തിൽ പറയുന്നതുപോലെ, മഹാശല്യക്കാരായ മൂട്ട, കൊതുക്, ഈച്ച, പിച്ചക്കാരു്, ഉറമ്പു്, ഭാര്യ, പുതുയുഗത്തെ സ്മരിച്ചുകൊണ്ടു പറഞ്ഞാൽ വിനോദമാസിക പ്രേതങ്ങൾ, ഖദർ രാക്ഷസന്മാർ, ഇങ്കിലാബ് വിദ്യാർത്ഥികൾ, ചേച്ചി—രക്തബന്ധം—മരുമകളാദി മലയാള സിനിമകൾ ഇവയേക്കാളൊക്കെ നിങ്ങളേ തേളിൻവാലുപോലെ വേദനിപ്പിച്ചിട്ടുള്ള കുറിപ്പന്മാരെ നിങ്ങൾ അറിയില്ലെന്നോ? ധാരാളം പരിചയമുണ്ടാവും. ഓർത്തു നോക്കൂ.

എവിടെ മീററിംഗുണ്ടോ അവിടെയൊക്കെ, ആശുപത്രിയിൽ കരച്ചിലെന്നപോലെ ഇക്കൂട്ടരുമുണ്ടാവും. ഇപ്പോൾ നാടകസ്ഥലത്തും പാട്ടുകച്ചേരിസ്ഥാനത്തും എന്നുവേണ്ട ഏതുകലാപ്രകടന മുള്ളിടത്തും ട്രാൻസ്പോർട്ടു ബസ്സിൽ "സ്റ്റാഫു്" വന്നു കയറുന്നതുപോലെ ഏതു തിരക്കിലും ഓസിൽ കയറിക്കൂടുന്ന കുറിപ്പന്മാരെക്കാണാം. വർത്തമാനപ്പത്രത്തിൻെറയോ, ലക്കോട്ടിൻെറയോ, പാക്കററിൽ കിടന്നു് പഴകിയുടഞ്ഞ കത്തിൻെറയോ എഴുത്തൊഴിഞ്ഞ വടക്കേയററം വലിച്ചു കീറിയെടുത്തു് അതിൽ അതുപറയണം, ഇതു പാടണം എന്നൊക്കെ കുരുമുരാ എഴുതി, അവട ഞാനേമട്ടിൽ കല്യാണവീട്ടിൽ എസ്. എൻ. ഡി. പി. സിക്രട്ടറിയെപ്പോലെ, പ്രമാണിഭാവത്തിൽ നീട്ടിപ്പിടിച്ച കടലാസുമായി രംഗമണ്ഡപത്തിലെത്തുന്ന കുറിപ്പനെ നിങ്ങൾ കണ്ടിട്ടില്ലെന്നോ—ഏയ്, അങ്ങനെ വരാൻ തരമില്ല.

ഒരു പാട്ടുകച്ചേരി. ഭാഗവതരു് വർണ്ണത്തിലൂടെ അലച്ചു നീന്തി കീർത്തനത്തിലൊന്നു കാലുകുത്തുമ്പോഴേക്കു കേൾക്കാം—ഒരു ചിററിലൂടെ കുറിപ്പൻെറ കല്പന—ചാട്ടു വിപ്ലവഗാനത്തിലേക്കു്. വരുന്നു നിരനിരയായി കുറിപ്പൻ സന്ദേശങ്ങൾ. ഒരാൾ പറയുന്നു, "കല്യാണി രാഗം പാടണം" കല്യാണിയെ കൗരവസദസ്സിലെ പാഞ്ചാലിയാക്കി വിട്ടുകഴിഞ്ഞു് ഭാഗവതർ ഭൈരവിയെയും ഞെരിച്ചു തകർത്തു് ക്യാനഡായിലേക്കു കടക്കാൻ കാലുയർത്തുമ്പോഴാണു്, രാഗത്തിൻെറ ചില പേരുകളും രാഗമായി അനുരാഗവുംമാത്രം അറിയാവുന്ന കുറിപ്പൻ കല്യാണി പാടാൻ പറയുക! ഒരു കുറിപ്പനു് "ഡഡാ" കേൾക്കണം, അപ്പോൾ മറെറാരു കുറിപ്പനു് "ക്ഷീരസാഗര"; ഉടനെ വേണം ഒരു വയലാറു്; ഇതിനിടക്കു് ആനത്തലയോളവും! അനവസരത്തിലാണു് നിർദ്ദേശങ്ങൾ എന്നതു പോകട്ടെ; ഇന്നതു പാടികേൾക്കാൻ ആഗ്രഹമുണ്ടു്. അല്ലെങ്കിൽ 'ഇന്ന പാട്ടുപാടിയാൽ കൊള്ളാം' എന്ന മട്ടിൽ മര്യാദയോടെ നിർദ്ദേശിക്കുന്നില്ല എന്നതും പോകട്ടെ; അസ്ഥാനത്തുള്ള അയുക്തമായ, അപമര്യാദമായ ഈ കുറിപ്പുകളെ ഉടനടി അനുസരിച്ചില്ലെങ്കിൽ അതു പുതുയുഗജനാധിപത്യക്കോടതിയിലെ ക്രിമിനൽ കുററവും അതിനു് വിചാരണയില്ലാത്ത ശിക്ഷയായി കൂവൽതൊട്ടു കല്ലേറുവരെയുള്ള ശിക്ഷയും—ഇതല്ലേ അസഹ്യം!

ഒരാൾ ജനകീയ ചൈനയെക്കുറിച്ചു പ്രസംഗിക്കുകയാണു്.

"പൊട്ടിപ്പട്ടിണി ഭരണം കേറി
പേക്കലി തുള്ളിയ പെക്കിങ്ങിൽ
പുതിയൊരു ജീവിത മുണരുകയാണതു
പുളകം ചേർപ്പൂ നാടാകെ

കതിരുകൾ കൊത്തി കവിത പറക്കും
കനകക്കതിരണി വയലുകളിൽ
അലകളിളക്കിപ്പാട്ടുകയാണി-
ന്നവശന്മാരുടെ സംതൃപ്തി"

*    *    *

അവിടെക്കാൺമൂ ഭാരതമിപ്പോൾ
അവളുടെ മോചന മാർഗ്ഗങ്ങൾ
അവിടെക്കാൺമൂ ഭാരതമിപ്പോ-
ളവളുടെ സമരോപായങ്ങൾ"

('ചിരിക്കുന്ന ചീന')

ഈ ആശയം വിശദീകരിക്കുകയാണ് പ്രഭാഷകൻ. അതാ, കയറി വരുന്നു കുറിപ്പൻ; നീട്ടികഴിഞ്ഞു, സന്ദേശം. എന്താണതു്? "ഇടതുപക്ഷ പ്രകടനപത്രികയെക്കുറിച്ച് നിങ്ങൾ എന്തു് പറയുന്നു?' മററൊന്നു് "ആശാനാണോ വള്ളത്തോളാണോ യഥാർത്ഥവിപ്ലവകവി?" "കൗമുദിയിലെ കെടാമംഗലത്തിൻെറയോ ഒ. എൻ. വി. യുടേയോ ആരുടെ കവിതയാണ് നിങ്ങൾക്ക് ഇഷ്ടമായതു്?" ജനകീയ ചൈനയുടെ നവോത്ഥാനത്തെക്കുറിച്ചുള്ള പ്രസംഗത്തിലാണോ ഇതു്—മറക്കരുതു്!

ഇതൊക്കെ വല്ലതും അറിയാനോ കേൾക്കാനോ ആണെന്നു കരുതുന്നുണ്ടോ? പെൺകുട്ടികൾ സംഗീതം പഠിക്കുന്നു—എന്തിനു്? വിവാഹമാക്കററിൽ ഡിമാൻറും സ്ത്രീ ധനത്തിൽ കുറവും വരാൻ, അല്ലേ? കോൺഗ്രസ്സ് പ്രധാനി തൊഴിലാളി ക്ഷേമവും പൗരസ്വാതന്ത്ര്യവും പ്രസംഗിക്കുന്നു, എന്തിനു്—കിട്ടിയ അധികാരത്തിൽ പററിപ്പിടിച്ചു തിന്നു തടിക്കാൻ, അല്ലേ? കലാകാരന്മാർ വായ്തോരാതെ മുതലാളി വിരോധവും വാചകമൊന്നിനു മൂന്നു വിപ്ലവവും പറയുന്നു, പാടുന്നു—എന്തിനു്? അറിഞ്ഞിട്ടും ആത്മാർത്ഥതയോടുകൂടിയുമാണോ? അതൊക്കെ ഒരു തരം ഗുട്ടകൾ. ഇതുതന്നെയാണ് കുറിപ്പൻെറ കുറിപ്പും. അറിയാനും അറിയിക്കാനുമൊന്നുമല്ല. അല്ലാ എനിക്കതെററി. അറിയാനും അറിയിക്കാനും തന്നെ. കാര്യത്തെയല്ല, തന്നെത്തന്നെ. താൻ ഒരു കേമനാണു്, പ്രമാണിയാണു്, പണ്ഡിതനാണു്, പുരോഗമനമാണു്, വിപ്ലവമാണു്, ഇതൊക്കെ സദസ്യർ ഒന്നറിയണം; അറിയാത്തവരെ അറിയിക്കണം. ഇത്രേയുള്ളു കാര്യം.

കഥകളിയും സിനിമയും മാത്രമാണു് ഇവരുടെ കുറിപ്പുബോംബിൽ നിന്നു തൽക്കാലം രക്ഷപ്പെട്ടു നിൽക്കുന്നതു്. സിനിമാ വെറും പടം. കഥകളിയിലാകട്ടെ, ചെണ്ടയും മദ്ദളവും ഗ്ഗാ ഗ്ഗായും തനിക്കറിഞ്ഞുകൂടാത്ത കവിതയും മനസ്സിലാകാത്ത അഭിനയവും..........ആവൂ, കഥകളി രക്ഷപ്പെട്ടു! ഇല്ല, ആശ്വസിക്കാറായില്ല. നാളെയിനി ദുര്യോധനൻ തിരശ്ശീനോട്ടം തുടങ്ങുമ്പോൾ—"മതി ഹേ! വേഗം ഇങ്ങു് ഇറങ്ങി വരൂ" എന്നോ, നാരദൻ, അഭിനയിച്ചു തുടങ്ങുമ്പോൾ—"ഏയ്, മി. നാരദർ, ഈ താടിയൊക്കെ മാററി നല്ല വേഷത്തിൽ വന്നു് അഭിനയിക്കൂ" എന്നോ, അരങ്ങത്തെത്തുന്ന പാഞ്ചാലിയോടു്—"ശ്രീമതി, പാഞ്ചാലി, ഒന്നു വായ് തുറന്നു പാട്ടുകയും പറയുകയും വേണം" എന്നോ കുറിപ്പന്മാരുടെ കുറിപ്പു സന്ദേശകല്പനയുണ്ടാവില്ലെന്നു് ആരറിഞ്ഞു. സിനിമപ്പടത്തിൻെറ നേരേ, "മി. തിക്കുറിശ്ശി, ആ മാമക മാനസ ലതിക" ഒന്നുകൂടി പാടണം എന്നോ "മിസ്സ് കുമാരി കരയുമ്പോൾ ചിരിയാകരുതു്" എന്നോ കുറിപ്പുകൊടുത്താലും സഹിക്കുകയല്ലേ ഗതിയുള്ളു?

ബങ്കിം ചന്ദ്രചാററർജിയുടെ "വന്ദേമാതര" ഗാനത്തെക്കുറിച്ചാണു് നിങ്ങൾ പറയുന്നതെങ്കിൽ ഒരു കുറിപ്പസ്ത്രം ഉടനെ ഒരു തീട്ടൂരം തന്നേക്കും, "ഏയ് വന്ദേമാതരഗാനം ബങ്കിംചന്ദ്രൻേറതല്ല ടാഗോറിൻെറതാണു്" നിങ്ങൾക്കു തർക്കിക്കാമോ? "മൃദംഗക്കാരൻ ഒന്നു പാടട്ടെ" എന്നു പറഞ്ഞാൽ ഉടൻ പാടിക്കൊള്ളണമെന്നാണു് കുറിപ്പൻ സാമ്രാജ്യത്തിലെ ഹിരണ്യനിയമം. പിന്നെയല്ലേ ആ ദേശീയഗീതം ചാററർജിയുടെ ഒരു നോവലിൽ (ആനന്ദമഠം) ഉള്ളതാണെന്നു പറഞ്ഞാൽ വകവയ്ക്കുന്നു!

ഒരു പ്രഭാഷകനോടാകട്ടെ, കലാകാരനോടാവട്ടെ, ആവശ്യവും ഔചിത്യവും ഉള്ളതാണെങ്കിൽ "ഇന്നകാര്യം കേൾക്കാനാഗ്രഹമുണ്ടു്" എന്നു മര്യാദയോടെ അറിയിക്കാൻ ഏതു സദസ്യനും അവകാശമുണ്ടു്. ഔചിത്യപൂർവ്വം, ആ അപേക്ഷ തള്ളാനും കൊള്ളാനുമുള്ള അവകാശം മറവശത്തുമുണ്ടു്. എന്തുമേതും ആജ്ഞാപിക്കാനുള്ള അവകാശം കുറിപ്പന്മാർക്കു്; കുറിപ്പൻ പറയുന്നതേതും അതേപടി അനുസരിക്കാനുള്ള ബാദ്ധ്യത മറവശത്തു്; ഇങ്ങനെ ഒരു അപ്പീലില്ലാവിധിയാണു്, വിധിവശാൽ ഇന്നു വന്നുചേർന്നിരിക്കുന്നതു്. എന്തു ചെയ്യാം; ജനകീയയുഗം, വിപ്ലവകാലം, കുറിപ്പൻ സിന്ദാബാദ് എന്നു് ഏററുപാടി അടങ്ങിക്കളയാം.

—*—


## കൊററം ബ്രദേഴ്സ്

സ്റ്റാച്യൂറോഡ്—തിരുവനന്തപുരം

ഇവിടെ ജമ്മൻ, അമേരിക്ക, ഇംഗ്ലണ്ടു്, ജപ്പാൻ തുടങ്ങിയ സ്ഥലങ്ങളിലെ പലയിനത്തിലുള്ള കണ്ണടഫ്രെയിമുകളും നല്ലതരം കണ്ണടച്ചില്ലുകളും കിട്ടുന്നതാണു്. ഞങ്ങളുടെവിലാസം തെററരുതു്:

കൊററം ബ്രദേഴ്സ്.
മാനേജർ




## വില്ലൻ ചുമ സംഹാരി

നിലങ്കാരി ചുമ, മുപ്പിറചുമ, തൊണ്ണൂറാംകുര, വില്ലൻചുമ എന്നീ പേരുകളാൽ അറിയപ്പെടുന്നതും അനേകായിരം കുഞ്ഞുങ്ങളെ നിത്യവും ക്ലേശപ്പെടുത്തി കൊണ്ടിരിക്കുന്നതുമായ വില്ലൻചുമയുടെ ഏതു അവസ്ഥയിലും ഉപയോഗിക്കാവുന്ന അനുഗ്രഹീതമായ ഒരു സിദ്ധൗഷധമാണു വില്ലൻ ചുമ സംഹാരി.

ശ്രീ ചിത്രാ ആയുർവേദഫാർമസി
T. B. ജംഗ്ഷൻ കൊല്ലം.
P. K. N. വൈദ്യൻ

## എസ്സ്. കുമാരസ്വാമി ആശാരി

ജ്യൂവല്ലേഴ്സ്, നെടുമങ്ങാട്.

എല്ലാത്തരം സ്വർണ്ണം, വെള്ളി ഇവയിലുള്ള ഉരുപ്പടികൾ മിതമായ റേററിൽ കൃത്യസമയത്തു ചെയ്തുകൊടുപ്പാനും വില്പനയ്ക്കും തയാർ. വളകൾ, മാലകൾ, ഇവകൾ പരിഷ്കൃതരീതിയിൽ ഇവിടെ കിട്ടുന്നതാണു്.

## VASAN and SONS

**BEST TAILORS IN THE TRIVANDRUM.**
A TRIAL WILL CONVINCE YOU.
*Cantonment - - Trivandrum.*

## ദേശബന്ധു ആയുർവ്വേദഫാർമസി &

★ നേത്രചികിത്സ ★

കുശവൂർ ജംഗ്ഷൻ, പാലോട്—പച്ച.

എത്ര പഴക്കമേറിയ രോഗമായാലും ശാസ്ത്രരീത്യാ രോഗികളെ ഇവിടെ പരിശോധിച്ചു ചികിത്സിക്കുന്നതാണു്.

# രക്ഷപ്പെടൽ — സോമർ സെററ് മോം

വിവൎത്തകൻ:— മാവേലിക്കര അച്യുതൻ.

പ്രേമത്തിൻെറ കുരുക്കു കുഴത്തിൽവീണ ഭാഗ്യദോഷികളുടെ കാര്യം മഹാകഷ്ടമാണ്. അതിൽനിന്നു വെട്ടു വെഴച്ചോടാൻ അവർപെടുന്ന പാടു കണ്ടാൽ ആരും ചിരിച്ചുപോകും. അവരു് ആ സാധുവിനെ അങ്ങു വിവാഹംചെയ്യാൻ തീരുമാനിച്ചാലത്തെ കഥ പിന്നെ പറയുകയുംവേണ്ട. രണ്ടു ചിറകുവെച്ചുകെട്ടി ആകാശത്തേക്കു പറന്നുകളഞ്ഞില്ലെങ്കിൽ അയാളുടെ ഭാവിയെപ്പററി പിന്നെ ആശയ്ക്കു വഴിയില്ല.

ഇങ്ങനെയൊരപകടത്തിൽ കുടുങ്ങിപ്പോയ എൻെറ ഒരു സുഹൃത്തിനെപ്പററിപ്പറയാം. പാവം! എവിടെപ്പോയാലും അവൾ പിറകേയുണ്ടു്. നാടകശാലയിലും പാൎക്കിലും ഒന്നും അയാൾക്കു സൈ്വരതയില്ല. 100 ഡിഗ്രി പ്രേമവുമായി അവൾ പുറകേ! ഒരു നായാട്ടു നായേപ്പോലെയാണവൾ അയാളേ ഇട്ടു വേട്ടയാടിയതു്. ഈ മാരണത്തിൽനിന്നു രക്ഷപ്പെടാൻ അയാൾ ഒരു സൂത്രം കണ്ടുപിടിച്ചു. ഒരു ടിക്കററുവാങ്ങി യാത്രയ്ക്കൊരുങ്ങിനിന്ന ഒരു കപ്പലിൽ ചാടിക്കയറി. ഒരു ടൂത്തുബ്രഷ്൦മാത്രമായിരുന്നു അയാളുടെ ആകപ്പാടേയുള്ള ലഗ്ഗേജ്! മരണത്തെപ്പററി അയാൾക്കത്ര വളരെ വിശ്വാസമുണ്ടായിരുന്നു. കപ്പൽമുങ്ങി താൻ മരിച്ചുപോയാൽ പിന്നെയവൾതന്നെ വേട്ടയാടുകയില്ലല്ലോ. അതായിരുന്നു അയാളുടെ ആശ്വാസം. മററു സാധനങ്ങളൊന്നുമെടുക്കാഞ്ഞതു് മരിച്ചാൽ അവ നഷ്ടപ്പെട്ടു മല്ലോ എന്നു പേടിച്ചാണു്.

അയാൾ ഒരുകൊല്ലം ലോകംമുഴുവൻ ചുററിസഞ്ചരിച്ചു് സുഖമായി കാലം കഴിച്ചു. പെണ്ണുങ്ങൾ ചപലകളല്ലേ? ഇതിനകം അവൾ തന്നെ നിശ്ശേഷം മറന്നിരിയ്ക്കുമെന്നയാൾ ആശ്വസിച്ചു. ആ ബാധ, ഏഴരശ്ശനിപിടിച്ച ആരേയെങ്കിലും ഇതിനിടയ്ക്കു് ബാധിച്ചിരിയ്ക്കുകയും ചെയ്യും. അങ്ങനെ ആശ്വസിച്ചു് അയാൾ കപ്പലിൽ നാട്ടിലേക്കുമടങ്ങി. തുറമുഖത്തു കപ്പലടുത്തു. അയാൾ ഞെട്ടിപ്പോയി. അയാൾ ആദ്യം കണ്ടതു് കരയ്ക്കു് അക്ഷമയായിനിന്നു് ടവ്വൽ പറപ്പിച്ചു് തന്നെ സ്വാഗതംചെയ്യുന്ന ആ പഴയ പ്രേമരോഗിണിയെത്തന്നെയായിരുന്നു.

എന്നാൽ ഒരുത്തനെമാത്രം എനിയ്ക്കറിയാം. അത്തരം ഒരപകടദശയിൽ ബുദ്ധിപൂൎവ്വം രക്ഷപ്പെട്ട ഒരു സൂത്രക്കാരനെ! റോഗർ ചാറിംഗ്ഗ് എന്നായിരുന്നു അയാളുടെ പേരു്. യൗവനത്തിൻെറ 'വിറളി' കളെല്ലാം കഴിഞ്ഞു് ഒന്നു വിശ്രമിയ്ക്കാൻ ശ്രമിയ്ക്കുയായിരുന്നു അയാൾ. പ്രായവും ഏതാണ്ടു് കുറേയായി. അപ്പോഴാണു് റൂത്ത് ബാർലോ എന്ന സുന്ദരി അയാളെ പ്രേമിച്ചതു്. പണ്ടു് അമളികൾ പലതും പററിയിരുന്നതുകൊണ്ടു് ഇപ്പോൾ അയാൾ തികച്ചും ശ്രദ്ധാലുവായിരുന്നു.

പക്ഷെ അയാൾ ഇത്തവണ തോൽവി സമ്മതിച്ചുപോയി. അവളുടെ വിശേഷപ്പെട്ട കണ്ണുകൾ! വെള്ളം നിറഞ്ഞ കണ്ണുകൾ! അതയാളേ അടിപ്പെടുത്തി. അവളുടെ ഏററവും വലിയ ഒരു വിശേഷതയാണതു്! കാമുകന്മാരെ അടിപെടുത്താനുള്ള മൂച്ചയുള്ള ഒരായുധം വെള്ളംനിറഞ്ഞ കണ്ണുകളോടെ ഒരു സ്ത്രീ നിങ്ങളേ നോക്കിയാൽ അതു ഗൗനിയ്ക്കാതെ കടന്നു പോകാൻ നിങ്ങൾക്കു കഴിയുകയില്ലെന്നു് ഞാൻ ആണയിട്ടു പറയാം.

ആ കണ്ണുകൾ പലരേയും ശക്തിഹീനരാക്കിയിട്ടുണ്ടു്. ആ കണ്ണുകൾ ഇപ്പോഴിതാ റോഗറിനേയും നിരായുധനാക്കുന്നു. അയാളുടെ ലോകപരിചയവും വിവേചനാശക്തിയും ബുദ്ധിക്രൂമ്മതയുമെല്ലാം ആ കണ്ണുകളിലെ നനവിൽ അലിഞ്ഞു പോയി. അയാൾ ഒരു നാണയത്തുട്ടുപോലെ താഴോട്ടുരുണ്ടുപോയി. ഇതാണു കരുണരസത്തിൻെറ ശക്തി!

മിസ്സിസ്സ് ബാർലോ രണ്ടുപ്രാവശ്യം വിധവയായതാണു്. റോഗറിനെ കൊന്നു് മൂന്നാമത്തെപ്രാവശ്യവും വിധവയാകാനുള്ള അവളുടെ ആഗ്രഹംനോ

— രോഗികൾ നിരാശപ്പെടേണ്ടാ —

## കെ. പി. കരുണാകരൻ വൈദ്യൻ
## ആയുൎവേദവൈദ്യശാല — കുളത്തുപ്പുഴ.

എത്ര പഴക്കമേറിയ രോഗമായി കൊള്ളട്ടെ വിരോധമില്ല. മരുന്നുകൊണ്ടു രോഗം ശമിക്കുമെങ്കിൽ തീരാവ്യാധികളെയും ഞങ്ങൾ ചികിത്സിച്ചു് ഭേദപ്പെടുത്തുന്നതാണു്.

ക്കണേ! അവർക്കു് അഴകുള്ള രണ്ടു കറുത്ത കണ്ണുകളു ണ്ടായിരുന്നു. ഇത്ര കണ്ടു ശോകപൂർണ്ണത മററാരു കണ്ണിലും ഞാൻ കണ്ടിട്ടില്ല. എപ്പോഴും അവയിൽ കണ്ണുനീർ തുളുമ്പി നിൽക്കുന്നുണ്ടാവും. അതു കണ്ടാൽ ഈ ലോകം അവളെ വളരെ വേദനിപ്പിയ്ക്കുന്നുണ്ടെന്നു തോന്നും. "പാവം" എന്നു നിങ്ങൾ പറഞ്ഞു പോകും. നിങ്ങൾക്കതു സഹിക്കയില്ല. ലോകത്തു ള്ള ഒരു സുന്ദരിയും കരഞ്ഞാൽ അതാരും സഹിക്കയില്ല.

നിങ്ങൾ റോഗറിനേപ്പോലെ പണവും പദവിയുമുള്ള ഒരാളാണെങ്കിൽ തീർച്ചയായും ഇങ്ങനെ ആത്മഗതം ചെയ്തുപോകും. "കഷ്ടം! ആ വലിയ മനോഹരങ്ങളായ കണ്ണുകളിൽ കണ്ണുനീരോ! ആ പാവപ്പെട്ട സ്ത്രീയുടെ ദുഃഖം മാററിയാൽ അതവർക്കെന്താശ്വാസമായിരിക്കും."

റോഗർ എന്നോടു പറഞ്ഞതു് എല്ലാവരും അവളെ സങ്കടപ്പെടുത്തിയിട്ടുണ്ടെന്നാണു്. തൊട്ടന്നിടത്തെല്ലാം ആപത്തു പിണയുന്ന ഒരു പാവപ്പെട്ട പെണ്ണാണത്രെ അവർ. വിവാഹം ചെയ്താൽ ഭർത്താവു് പ്രഹരിയ്ക്കും. വേലക്കാരനെ നിറുത്തിയാൽ അവൻ പററിച്ചിട്ടു കടന്നു കളയും. അരിവെയ്പുകാരനെ നിറുത്തിയാൽ അവൻ കുടിച്ചു ബഹളമുണ്ടാക്കും. ആട്ടിൻകുട്ടിയെ വളർത്തിയാൽ അതു കാര്യമില്ലാതെ മരിച്ചു പോവും. അങ്ങനെ അവർ എവിടെത്തൊട്ടുന്നുവോ അവിടെല്ലാമാപത്താണു്.

വളരെ ദിവസം കഴിഞ്ഞു് ഒരു ദിവസം ഞാൻ റോഗറിനെ കണ്ടുമുട്ടി. അയാൾ ബാർലോയെ വിവാഹം ചെയ്യാൻ നിശ്ചയിച്ച കഥ എന്നോടു പറഞ്ഞു. ഞാനവക്കു നന്മകൾ നേർന്നു.

അയാൾ പറഞ്ഞു: "അവർ നിങ്ങളെ അല്പം പേടിക്കുന്നതുപോലെ തോന്നുന്നു. നിങ്ങൾ അല്പം ക്രൂരനാണെന്നാണവളുടെ പരാതി."

"കൊള്ളാം. ഞാനോ? അങ്ങനെ പറയാൻ യാതൊരു കാരണവുമില്ല. നിങ്ങളേപ്പററിത്തന്നെ പറഞ്ഞതായിരിയ്ക്കും"

"ആട്ടെ. നിങ്ങൾ അവളെ ഇഷ്ടപ്പെടുന്നോ?" പെട്ടന്നയാൾ ചോദിച്ചു.

"കൊള്ളാം. ഇഷ്ടപ്പെടുന്നോ എന്നോ? കണ്ടമാനം ഇഷ്ടപ്പെടുന്നു."

"കഷ്ടം. അവർക്കിപ്പോൾ ചീത്തക്കാലമാണു്. അവളുടെ സ്ഥിതി കണ്ടു് എനിക്കു വലിയ വിഷമം തോന്നുന്നു."

ഞാനധികമൊന്നും പറഞ്ഞില്ല. എനിയ്ക്കറിയാമായിരുന്നു. അവർ അത്ര വളരെ പാവമൊന്നുമല്ലെന്നു്. ഒരു പിഴച്ച പെണ്ണായിരുന്നു അവർ. ഒരു ഭർത്താവിനെ വേട്ടയാടിപ്പിടിയ്ക്കുക എന്നതായിരുന്നു അവളുടെ ഏകജോലി. പ്രേമത്തിൻെറ ഉറവപൊട്ടത്തക്കവണ്ണം അത്ര മൃദുലമൊന്നുമല്ലായിരുന്നു അവളുടെ ഹൃദയം. എൻെറ അഭിപ്രായത്തിൽ അതു് ആണിയേക്കാൾ കഠിനമായിരുന്നു.

അവളേ ഞാനാദ്യം കണ്ടതു് രണ്ടുമാസം മുമ്പായിരുന്നു. ഞങ്ങൾ ഒന്നിച്ചിരുന്നു ബ്രിഡ്ജുകളിച്ചു. അവർ രണ്ടു പ്രാവശ്യം തോററു. കളി തീർന്നപ്പോൾ അവർ എനിയ്ക്കൊരു നല്ല തുക തരാനുണ്ടായിരുന്നു. വീട്ടിൽ ചെന്നാലുടൻ ചെക്കയച്ചേക്കാമെന്നു പറഞ്ഞു് അവർ കടന്നു. പിന്നെ എന്നെക്കണ്ടപ്പോൾ പണംതരാനുള്ള കഥതന്നെ അവർ മറന്നിരുന്നു. അപ്പോൾ എൻെറ കണ്ണാണു നനഞ്ഞുപോയതു്.

റോഗർ അവളെ എല്ലാ സ്നേഹിതന്മാർക്കും പരിചയപ്പെടുത്തിക്കൊടുത്തു. അയാൾ അവർക്കു വിലകൂടിയ രത്നമാലകൾ സമ്മാനിച്ചു. അയാൾ അവളെ അവിടെയും ഇവിടെയും എവിടെയും കൊണ്ടുപോയി. അടുത്ത ഭാവിയിൽതന്നെ അവരുടെ വിവാഹവും നടക്കമെന്നുള്ള നിലയായി. മിസ്സിസ്സ് ബാർലോയുടെ സന്തോഷത്തെപ്പററി വർണ്ണിയ്ക്കാൻതന്നെ പ്രയാസം.

പെട്ടെന്നൊരപകടംപററി. എന്നാൽ അപകടമാണോ? അല്ല. ഒരു പ്രഭാതത്തിൽ റോഗറിനു് മിസ്സിസ്സ് ബാർലോയുടെ മേലുള്ള പ്രേമം നിശ്ശേഷം വററിപ്പോയി! അന്നുമുതൽ അയാൾ അവളെ കഠിനമായി


കൈരളിക്കു് ഒരു നവ്യോപഹാരം

അനുഗ്രഹീതചെറുകഥാകൃത്തായ ഗോപികോട്ടൂരേത്തിൻെറ മനോഹരമായ 4 ചെറുകഥാസമാഹാരം

## 'ഏൻ പോവുല്ലാ"

ഹൃദയസ്പർശികളായ വരികൾ......വികാരനിർഭരമായ കഥാഘടന......സുന്ദരവും ആകർഷണീയവുമായ ശൈലി......കഥാകൃത്തിൻെറ കലാപരമായ കഴിവുകൾ ആദ്യന്തം ഓളം വെട്ടി നിൽക്കുന്നു.

വില 10 ണ. ആവശ്യപ്പെടുക:—

മാനേജർ, മാണിക്കംസ്റ്റോഴ്സ് — പത്തനംതിട്ട.

വെറുക്കാൻ തുടങ്ങി. എന്താണു കാരണമെന്നാർക്കുമറിഞ്ഞുകൂടാ.

അവളുടെ സംസാരം കേട്ടു കേട്ട് അയാൾ മടുത്തതായിരിക്കാം കാരണം. വിവാഹം നടക്കുമെന്നായപ്പോൾ അവളുടെ കണ്ണുകളിലെ നനവ് അപ്രത്യക്ഷവുമായി. അയാൾക്കതു സഹിക്കാൻ സാധിക്കുമോ? അവളേയല്ല അവളുടെ കണ്ണുകളിലേ ശോകാത്മകതയേത്തേയാണയാൾ സ്നേഹിച്ചിരുന്നതു്. അതില്ലാതായാൽ അയാൾക്കെങ്ങനെ വെറുപ്പുണ്ടാകാതിരിക്കും. "അപ്പോൾ അതെല്ലാം അവളുടെ വെറും അഭിനയമായിരുന്നു. അല്ലേ?" അയാൾ തന്നത്താൻ ചോദിച്ചുപോയി.

അവളുടെ കണ്ണുകളിലെ മുത്തുമണികളായിരുന്നു റോഗറിന്റെ ഹൃദയതന്ത്രികളിൽ മധുരചലനങ്ങൾ സൃഷ്ടിച്ചതു്. അതു നഷ്ടപ്പെട്ടതോടുകൂടി ഹൃദയം മുൻപിലത്തേപ്പോലെ പരുക്കനായിത്തീർന്നു. എല്ലാം സഹിക്കാം. പക്ഷേ അവളിങ്ങനെ തുടർച്ചയായി സംസാരിക്കാൻ തുടങ്ങിയാൽ...? പെണ്ണുങ്ങളുടെ കളകോമളമായ മധുരശബ്ദം ആദ്യമൊക്കെ ആർക്കും ഇമ്പമായിത്തോന്നും. പക്ഷേ അതു് ഒരിക്കലും നിലയ്ക്കാത്ത കൂട്ടമണിയായിത്തീർന്നാൽ...?

പക്ഷേ ഒരു കുഴപ്പം! 'പ്രേമം തീർന്നു' എന്നു പറഞ്ഞു് പെട്ടെന്നവളെ പറഞ്ഞയയ്ക്കാൻ പററുമോ? ആളുകളെന്തുപറയും? അവളെ ഞെക്കിക്കൊല്ലുന്നതിനു തുല്യമായിരിക്കുംതാനും അതു്. ഏതായാലും തല്ക്കാലം പ്രേമം തകർന്ന കഥ അവളെ അറിയിക്കേണ്ടാ എന്നുതന്നെ അയാൾ തീരുമാനിച്ചു. നയത്തിൽ അവളെ അകററാം. അതുവരെ അവളറിയാതെ ചെവിയിൽ കുറെ പഞ്ഞിവെച്ചുകൊണ്ടു കൂടെ നടക്കാം. അങ്ങനെ അവളുടെ രസനായുദ്ധത്തിൽനിന്നു രക്ഷപ്പെടാം.

റോഗറിനു പ്രേമംകുറയുംതോറും ബാർലോയുടെ പ്രേമം കുതിച്ചുപൊങ്ങിത്തുടങ്ങി. റോഗറിന്റെ പ്രേമം നിശ്ശേഷം നിലച്ചപ്പോൾ ബാർലോയുടെ പ്രേമം അതിന്റെ അത്യുച്ചകോടിയിലെത്തി. റോഗർ തന്റെ പെരുമാററത്തിൽ ലേശംപോലും വെറുപ്പുകാണിച്ചില്ല. അയാൾ പതിവുപോലെ അവളെ റസ്റ്റാറൻറിലും തീയേററിലും മററും കൊണ്ടുപോയിരുന്നു. വളരെ അനുകമ്പയോടെ പെരുമാറി. അവൾക്കു നല്ല പൂക്കൾ വാങ്ങിച്ചുകൊടുത്തു. അവളുടെ ഏതാഗ്രഹവും സാധിക്കാൻ വ്രതമെടുത്തിരിക്കുന്ന ഒരു ദാസനേപ്പോലെ അഭിനയിച്ചു.

അവിവാഹിതന്മാരുടെ ഒരു ലോഡ്ജിലായിരുന്നു റോഗർ താമസിച്ചിരുന്നതു്. അവൾ അവിവാഹിതകളുടെ ഒരു സംഘത്തിലും. അതുകൊണ്ടു് ഉടനെ ഒരു വീടു വാടകയ്ക്കെടുക്കേണ്ടിയിരിക്കുന്നു. വീടു വാടകയ്ക്കു കിട്ടുന്ന അന്നു് അവളെ വിവാഹംചെയ്തുകൊള്ളാം എന്നു് റോഗർ ഉറപ്പുകൊടുത്തു.

റോഗർ വാടകയേജൻറന്മാരേ പലരേയും ചെന്നു കണ്ടു. അവരോടൊത്തു് പുതിയ വീടുകൾ പലതും ചെന്നുനോക്കി. പക്ഷേ എന്തുകൊണ്ടോ ഒന്നും കണ്ണിൽ പിടിച്ചില്ല.

റോഗർ പുതിയ ഏജൻറന്മാരെ സമീപിച്ചു ബാർലോയോടൊത്തു് അയാൾ പുതിയവീടുകൾ കേറിയിറങ്ങി. ഒരു വീടുകണ്ടാൽ അതിന്റെമേൽക്കൂരമുതൽ അടിത്തറവരെ അയാൾ സശ്രദ്ധം പരിശോധിക്കുമായിരുന്നു. ഒരു വീടു് വളരെ വലുതാണെങ്കിൽ മറെറാന്നു് തീരെ ചെറുതായിരിക്കും. വേറൊന്നു് പട്ടണത്തിൽനിന്നു് വളരെ ദൂരെയാണെങ്കിൽ ഇനിയൊന്നു് പട്ടണത്തിന്റെ ഒത്തനടുവിൽ! ഒരുവീടു് അവൾക്കുപിടിച്ചു. പക്ഷേ വാടകവളരെക്കൂടുതൽ. വേറൊരു വീടിനു് വാടകവളരെക്കുറവാണു്. പക്ഷേ എപ്പോഴാണു് ഇതു പൊളിഞ്ഞുവീഴുന്നതെന്നറിയാൻവയ്യാ. കാററുതീരെ കടക്കാത്തതാണൊന്നെങ്കിൽ വേറൊന്നു് കാററിന്റെശല്യംകൊണ്ടു് പൊറുതിമുട്ടുന്നതാണു്. ചിലതിൽ മുഴുവൻ വലിയ ഇരുട്ടാണെങ്കിൽ മററു ചിലതിൽ രഹസ്യങ്ങൾ സൂക്ഷിക്കാൻ നിവൃത്തിയില്ലാത്ത രീതിയിൽ വലിയ വെളിച്ചമായിരിക്കും. ഏതു വീടു കിട്ടിയാലും രണ്ടുമണിക്കൂർ നേരത്തെ ഗഹനമായ പരിശോധനയ്ക്കുശേഷം റോഗർ അതിനൊരു കുററം കണ്ടുപിടിക്കും. അങ്ങനെ അതുപേക്ഷിക്കും.

എന്തായാലും റോഗർ വലിയ കടുപ്പക്കാരൻതന്നെ. പക്ഷേ ബാർലോയെ സംബന്ധിച്ചിടത്തോളം വളരെ ദയാശാലിയാണു്. ഒരു കുററവുമില്ലാത്ത മനോഹരമായ ഒരു വീട്ടിലെ തന്റെ ഓമനയെ അയാൾ പാർക്കാൻ അനുവദിയ്ക്കൂ. പക്ഷേ അങ്ങനെയൊരു വീടു കിട്ടണ്ടേ?


* ശ്രദ്ധിക്കുവിൻ! *

പ്രിൻറിംഗ്, ബയൻറിംഗ് മുതലായ ജോലികൾക്കും, എല്ലാത്തരം നോട്ടുബുക്കുകൾക്കും ഞങ്ങളെ സമീപിക്കുക. മാനേജർ, H. P. NAIR.

**കൈലാസ് ബയൻറിംഗ് വർക്ക്സ്**

ജനറൽആശുപത്രിറോഡ് — തിരുവനന്തപുരം.

വീട്ടുതിരഞ്ഞു നടക്കൽ മിനക്കെട്ടപണിയാണു്. ബാർലോ മുഷിഞ്ഞു. അവളുടെ ക്ഷമ നശിച്ചു. അല്പം കൂടി കാത്തിരിയ്ക്കാൻ അയാൾ പ്രേമപൂർവ്വം ആവശ്യപ്പെട്ടു. 'നമ്മുടെ പ്രിയപ്പെട്ട വീടു് എവിടെയോ ഒളിച്ചിരിപ്പുണ്ടു്. അതു കണ്ടുപിടിയ്ക്കാൻ അല്പം പരിശ്രമിയ്ക്കാതെ പററുമോ' ഇതാണയാളുടെ വേദാന്തം.

അവർ വീണ്ടും കൈകോർത്തു പിടിച്ചുകൊണ്ടു് നൂറുനൂറു വീടുകളുടെ പടിയിറങ്ങുകയും കേറുകയും ചെയ്തു. ഒടുവിൽ മിസ്സസ്സ് ബാർലോയ്ക്കു് കോപം തന്നെ വന്നുപോയി.

"നിങ്ങൾ വെറ്റെന്നൊരു വീടു കണ്ടുപിടിച്ചില്ലെങ്കിൽ എൻെറ നില എനിയ്ക്കു പുനരാലോചിയ്ക്കേണ്ടതായി വരും. നിങ്ങൾ ഇങ്ങനെ തുടങ്ങുകയാണെങ്കിൽ വളരെ കൊല്ലം കഴിഞ്ഞാലും നാം വിവാഹിതരായില്ലെന്നു വരും." അവൾ താക്കീതു ചെയ്തു.

റോഗർ അവളുടെ കാലുപിടിച്ചു കൊണ്ടു പറഞ്ഞു. "അയ്യോ! അങ്ങനെ പറയരുതേ. നമുക്കു വിവാഹിതരാകാൻ സാധിയ്ക്കയില്ലെന്നോ? ഇതിലും ഭേദം എന്നെ അങ്ങു കൊല്ലുകയായിരുന്നു. എൻെറ ദേവീ, അല്പം കൂടി ക്ഷമകാണിയ്ക്കുക. ഒരേജൻറിൻെറ പക്കൽനിന്നു് പുതിയ ഒരു ലിസ്റ്റു് കിട്ടി. അറുപതോളം വീടുകൾ! അതിൽ തീർച്ചയായും നമ്മുടെ പ്രിയപ്പെട്ട 'മധുവിധുമന്ദിര'വും ഒളിച്ചിരിക്കുന്നുണ്ടാവും."

അവർ വീണ്ടും വാടകവീടുകളിലേക്കു തീർത്ഥാടനം തുടങ്ങി. കോണിപ്പടികൾ ചവിട്ടിച്ചവിട്ടി ബാർലോയുടെ കാലുകൾ വേദനിച്ചു. രണ്ടുകൊല്ലം മുഴുവൻ അവർ വീടുകൾ തേടിനടന്നു. ബാർലോ നിശ്ശബ്ദയായി. അവളുടെ ശോകാത്മകങ്ങളായ കണ്ണുകൾ ഗൗരവപൂർണ്ണമായി. റോഗർ വിജയിയ്ക്കുന്ന മട്ടാണു്. തന്നെ കാമുകിയുടെ ക്ഷമ നിശ്ശേഷം നശിച്ചിരിയ്ക്കുന്നതായി അയാൾ കണ്ടു.

"നിങ്ങൾ എന്നെ വിവാഹം ചെയ്യാൻ ആഗ്രഹിയ്ക്കുന്നോ അതോ ഇല്ലയോ? എനിയ്ക്കുടനെ മറുപടി വേണം" അവൾ തീർത്തു പറഞ്ഞു.

"അയ്യോ! അത്ര കഠിന ചിത്തയാകാതിരിയ്ക്കു ദേവീ! ദേവിയെ വിവാഹം കഴിച്ചില്ലെങ്കിൽ പിന്നെ എനിയ്ക്കൊന്നു ശ്വസിയ്ക്കാൻ തന്നെ കഴിയുമോ? ഒരു പററിയ വീടുകിട്ടാത്ത താമസം; ഉടനെ ഞാനെൻെറ ഓമനയെ വിവാഹം ചെയ്യുകയായി. ഇടയ്ക്കൊന്നു പറഞ്ഞു കൊള്ളട്ടെ. ഇന്നു് ഒരേജൻറു് പുതിയ ഒരു ലിസ്റ്റു് തന്നിട്ടുണ്ടു്. തീർച്ചയായും നമ്മുടെ പ്രിയപ്പെട്ട വീടു് അതിലുണ്ടാകാതെയിരിയ്ക്കയില്ല."

"ഇനി നിങ്ങളുടെ പിറകേ ഒരു വീട്ടും കേറിയിറങ്ങാൻ ഞാനില്ല."

"പാവപ്പെട്ട തങ്കക്കുടമേ, ഭവതിയുടെ കാലുകൾ തളർന്നിരിയ്ക്കുമെന്നു ഞാൻ പേടിയ്ക്കുന്നു."

പിന്നെ ബാർലോ റോഗറിനെക്കാണാൻ ചെന്നിട്ടില്ല. എന്നിട്ടും റോഗർ അവളോടുള്ള പെരുമാററത്തിനു യാതൊരു മാററവും വരുത്തിയില്ല. അയാൾ പതിവായി അവൾക്കു പൂക്കൾ കൊടുത്തയച്ചുകൊണ്ടിരുന്നു. എല്ലാദിവസവും പുതിയ വീടുകളേപ്പററിയുള്ള നിർദ്ദേശങ്ങളടങ്ങിയ കത്തു് അയാളവൾക്കയച്ചുകൊണ്ടുമിരുന്നു. ഒരാഴ്ച കഴിഞ്ഞു് റോഗറിനൊരു കത്തു കിട്ടി.

"റോഗർ, നിങ്ങൾ എന്നെ വാസ്തവത്തിൽ സ്നേഹിയ്ക്കുന്നോ എന്നെനിയ്ക്കു സംശയമുണ്ടു്. എന്നെ പ്രാണനേപ്പോലെ സ്നേഹിയ്ക്കുന്ന മറെറാരാളെ ഈയിടെ ഞാൻ കണ്ടുമുട്ടി. ഇന്നു ഞങ്ങളുടെ വിവാഹമാണു്. എന്നു് നിങ്ങളുടെ ബാർലോറൂത്തു്."

ഒരു ദൂതൻവശം അയാൾ ഉടനെ ഒരു മറുപടിയെഴുതി കൊടുത്തയച്ചു.

"പ്രിയപ്പെട്ട ബാർലോറൂത്തേ, ഭവതിയുടെ കത്തു് എന്നെ ഞെട്ടിച്ചു. ഇതു് എന്തായാലും കഠിനമായ ഒരു പ്രഹരമായിപ്പോയി. പക്ഷേ ഞാൻ വിശാലഹൃദയനാണു്. എന്തിനേക്കാളുമുപരിയായി ഭവതിയുടെ ആനന്ദമാണെനിയ്ക്കു പ്രിയകരം! ഇന്നു രാവിലത്തെ പോസ്റ്റിനു് ഏഴു പുതിയ ലിസ്റ്റുകൾ വന്നിരുന്നു. അതു കൊടുത്തയയ്ക്കുന്നു. നിങ്ങൾക്കു പററിയ ഒരു വീടു് ചിലപ്പോൾ അതിൽ കണ്ടേയ്ക്കും.

നിങ്ങളുടെ റോഗർ"

—*—


## കുമരകം ബ്രദേഴ്സ് ആയുർവ്വൈദ്യശാല

പുത്തൻചന്ത — തിരുവനന്തപുരം.

ശാസ്ത്രനിയമം നിഷ്കർഷാപൂർവ്വമാദരിച്ചും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടിയും തയ്യാറാക്കപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ മിതമായ വിലയ്ക്കു് കിട്ടുന്നതാണു്. കത്തുമൂലം രോഗവിവരം വിശദമായി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ചു് ഔഷധങ്ങൾ വി. പി. ആയി അയയ്ക്കപ്പെടും.

പൂർണ്ണവിവരങ്ങൾക്കു് എഴുതുക—

കുമരകം ബ്രദേഴ്സ്.

ചെറുകഥ

# ലേഡി ടീച്ചർ

(R. മാധവൻനായർ, മണക്കാട്ട്.)

"എന്താ പോന്നതു്" അവർ ചോദിച്ചു—വിനയത്തോടെ മന്ദസ്വരത്തിൽ ഞാൻ പറഞ്ഞു:—

"എന്നും‌പോരുന്നപോലെയല്ല—ഇന്നത്തെ വരവിനു ഒരു പ്രത്യേകതയുണ്ടു്."

"എന്താണതു്" ആശ്ചര്യത്തോടെ അവർ ചോദിച്ചു.

ഞാൻ ആ പുസ്തകം സാദരം അവരുടെ നേക്കു നീട്ടി. വിടന്നു മറിഞ്ഞ ഒരു മന്ദഹാസം അവരുടെ അധരപുടങ്ങളിൽ നുരയിട്ടു.

"ഓഹോ! നോവൽ സാഹിത്യം അല്ലേ"

"എന്താ ഇത്ര വെറുപ്പു്"

"വെറുപ്പൊന്നുമില്ല. അതിനോടുള്ള മമത എനിക്കു വളരെ അളവററതാണു്. പുതിയ പുതിയ പുസ്തകങ്ങൾ വായിക്കുന്നതു് എൻെറ ഒഴിച്ചു കൂടാൻ പാടില്ലാത്ത ദിനചര്യയായി തീന്നിട്ടുണ്ടു്. "നന്ദിയും സ്നേഹവും" നല്ലപേരു്?

അവർ ആ പുസ്തകത്തിൻെറ പുറം താളുകൾ മറിച്ചുനോക്കി. ആ മുഖത്തിൽ മാറി മറഞ്ഞ ഭാവരസങ്ങളെ അല്പം മാറിയിരുന്നു് ഞാൻ വീക്ഷിച്ചു. എന്നിട്ടു വല്ലാതെ വിഷമിച്ചു. ആ മറിക്കലിൽ അത്രയ്ക്കു അലസത കാണിച്ചു. ഞാൻ ഭയപ്പെട്ടതു് മറെറാന്നും അല്ല—അവർ അതിനു് വല്ല അഭിപ്രായവും പറഞ്ഞെങ്കിലോ എന്നു്?

കുറച്ചുനേരം കഴിഞ്ഞതിനു ശേഷം:—"എന്തായാലും 'Getup' വളരെ നന്നായിട്ടുണ്ടു്. എന്തെല്ലാമോ എഴുതിയിരിക്കുന്നുവല്ലോ. എന്താ ഈ പ്രേമം എന്നുവച്ചാൽ" അവർ ഒന്നു ചിരിച്ചുകൊണ്ടു ചോദിച്ചു—

സ്നേഹവും ബഹുമാനവും കല്പിക്കുന്നിടത്തു് നിർവചിക്കാനാവാത്ത ചില ചോദ്യങ്ങൾ ഉണ്ടായാൽ ആരും ഒന്നു ചുളുങ്ങുക സാധാരണയാണു്. ഞൊടിയിടകൊണ്ടു് ഒരു ചെറിയ ഉഷ്ണം എന്നെ തഴുകി—ഞാൻ എങ്ങനെ ആ ചോദ്യത്തിനു് ഉത്തരം പറയും? എങ്കിലും അതിൻെറ പിന്നിലെ രഹസ്യങ്ങൾ എനിക്കുമനസ്സിലായി. എന്നിൽനിന്നു് അതിൻെറ അത്ഥം മനസ്സിലാക്കേണ്ട യാതൊരു ആവശ്യവും അവക്കില്ല. എന്നാൽ ഇല്ലാതെയുമില്ല. വീണ്ടും അവർ ചോദിച്ചു:—

"പറയൂ......പ്രേമം......പ്രേമം......എന്നുവച്ചാൽ........"

എനിക്കു് ഒന്നും മനസ്സിലായില്ല, വിസ്മയവും വിഷമവും കൊണ്ടു് ഞാൻ അവരെ ഒന്നു തുറിച്ചു നോക്കി. കളങ്കരഹിതമായ ആ മുഖത്തു് അവക്കു് അത്ഥം മനസ്സിലാവാത്ത അതേ ചോദ്യം കുറിക്കപ്പെട്ടിരിക്കുന്നതായി എനിക്കു തോന്നിയിരുന്നു—അതേ! അവരുടെ മുഖത്തു് പരിശുദ്ധ പ്രേമത്തിൻെറ നിമ്മല സ്ഫുലിംഗങ്ങൾ തെളിഞ്ഞു മറഞ്ഞു. ആ കണ്ണുകളിൽ പ്രേമത്തിൻെറ ശ്യാമളവർണ്ണം നിറഞ്ഞു തുളുമ്പി—അല്പമൊന്നറച്ചുകൊണ്ടാണു്, എങ്കിലും ധൈര്യസമേതം ഞാൻ പറഞ്ഞു—

"പത്തുകൊല്ലങ്ങൾക്കു മുമ്പു് ഏതൊരു സംപൂർണ്ണതയ്ക്കു വേണ്ടി അവിടുന്നു കൊതിച്ചുവോ —ഏതൊന്നായി തീരുവാൻ അവിടുന്നു ആഗ്രഹിച്ചുവോ അതാണുപ്രേമം—"

"നിൽക്കണേ: ഞാൻ ഒന്നു ചോദിക്കട്ടെ. അതെന്താ, പത്തുകൊല്ലങ്ങൾക്കുമുമ്പു് എന്നു പറഞ്ഞതു്"

"ഒന്നുമില്ല: വിപ്ലവകരമായ അവിടത്തെ വിവാ

'ഉയരുന്ന തലമുറ' മലയാള കഥാപ്രസംഗകലയിൽ ഒരു നവീനപ്രസ്ഥാനം; അഥവാ പുതിയൊരു കലാരൂപത്തോടു കൂടിയ പുതിയകഥ. പൊരുതിമുന്നേറുന്ന മർദ്ദിതജനതയുടെ കോരിത്തരിപ്പിക്കുന്ന കഥ. മറെറാന്നു്–

രക്തസാക്ഷി (പാലാ) ഏകപുത്രൻെറ ചുടുരക്തത്താൽ ചുവപ്പേറിയ ചെങ്കൊടിയുമേന്തി മാർച്ചുചെയ്യുന്ന വൃദ്ധമാതാവിൻെറ കരളലിയിക്കുന്ന കഥ. പിന്നെ ആമിന, പൂത്തരിയങ്കം––പലതും! ആരാണു് കാഥികൻ എന്നല്ലേ? പ്രഖ്യാതനായ നിങ്ങളുടെ പ്രിയകാഥികൻതന്നെ.

കെ. കെ. വാദ്ധ്യാർ മയ്യനാട്ട്.

ഗാനഭൂഷണം ശ്രീ. പേയാട്ടു് കൃഷ്ണൻകുട്ടി ഭാഗവതർ, മാസ്റ്റർ ജാനിഖാൻ, നീലകണ്ഠനാശാൻ എന്നിവർ ഉൾപ്പെട്ട വിദഗ്ദ്ധസംഗീതകുശലരോടുകൂടി.

മാർത്താണ്ഡം ശശി & Co സന്ദർശിക്കുവിൻ.

ഹം കഴിഞ്ഞിട്ട് മിക്കവാറും പത്തുകൊല്ലമായി കഴിഞ്ഞു"

"വിവാഹത്തെ സ്പർശിക്കുന്നതാണോ പ്രേമം"

"മിക്കവാറും സാധാരണ വിവാഹത്തിനു പിൻപ് പ്രേമം അതിൻെറ പരിപൂർണ്ണശക്തി പ്രദർശിപ്പിക്കാറില്ല---പ്രേമത്തിന് എനിക്കു ഒരു നിർവചനം ഉണ്ട്...... പ്രേരണ.... വെറും ഒരു പ്രേരണ..."

അവർ അതുകേട്ടു പൊട്ടിച്ചിരിച്ചു.

"നന്നായിരിക്കുന്നു. ഇതൊരു നല്ല അഭിപ്രായമാണ്. ഇന്നു പുരുഷന്മാരാണ് ഈ പ്രേരണാ 'വലയത്തിൽ നിരാലംബരായി വീണു കുഴങ്ങുന്നതു്"

"മനുഷ്യലോകം മുഴുവനും" എന്നു ഞാൻ തിരുത്തുന്നു.

"അതാരു പറഞ്ഞു"

"ആരും പറഞ്ഞതല്ല. ഞാൻ തന്നെ പറഞ്ഞതാണ്"

"എന്നാൽ നിങ്ങൾ തെററിദ്ധരിച്ചിരിക്കുന്നു. പ്രവൃത്തി ഒരു കൂട്ടർ; പ്രതിഫലം മറെറാരു കൂട്ടർ; ഇതാണ് ഇന്നത്തെ വ്യവസ്ഥിതി. ഈ ചൂഷണമനോഭാവം സാമുദായികവും, രാഷ്ട്രീയവുമായ രംഗങ്ങളിൽ മാത്രവുമല്ല - വികാരപരമായ കായികാഭിലാഷങ്ങളിലും തെളിഞ്ഞു കാണാം. എന്താ മിസ്റ്റർ! നിങ്ങൾ ഈ അനീതിക്കെതിരായി തൂലിക ഉയർത്തുതോ"

"അതേ: അതൊരു നല്ല ചോദ്യമാണ്. പക്ഷേ രണ്ടുകൂട്ടർക്കും അതു് ആകാത്തതല്ല"

അതുപോട്ടെ. നാം കാടുകേറി സംസാരിച്ചുപോയി—പിന്നെ എങ്ങിനെയിരിക്കുന്നു പുസ്തകവില്പന"

ഒരു മന്ദഹാസത്തോടുകൂടി ഞാൻ പറഞ്ഞു—

"ഇപ്പോൾ കണ്ടില്ലേ: വിവേകമുള്ള അവിടുന്നു പോലും ഒരു പുസ്തകം വാങ്ങുന്ന വിഷയത്തിൽ രണ്ടു മണിക്കൂർ സംസാരിച്ചിരിക്കും. എവിടെ പോയാലും ഗതി ഇതുതന്നെ. താങ്കളെപ്പോലുള്ള അഭ്യുദയകാംക്ഷികൾ എനിക്കു വളരെ പേരുണ്ട്."

"പ്രോത്സാഹനം ഉണ്ടെങ്കിലേ കലകൾ പുരോഗമിക്കൂ: കലകളിൽ പ്രമുഖസ്ഥാനം സാഹിത്യത്തിനുമാണല്ലോ? നിൽക്കണേ......" അവർ പറഞ്ഞു; "പുരോഗതിയുടെ കാര്യം പറഞ്ഞപ്പോഴാണ് ഓർത്തതു്.......എന്തോന്നാ.. ഈ പു – സാ......."

സാശ്ചര്യം അവർ എന്നെ നോക്കി—അവർ തുടർന്നു—

"കുറച്ചു ദിവസങ്ങൾക്കു മുമ്പു് ഞങ്ങളുടെ ഹെഡ്മിസ്ട്രസ് ഈ "പു...സ" ക്കാർ എന്നു പറഞ്ഞാൽ വേണ്ടതിനും—വേണ്ടാത്തതിനും അരയും തലയും മുറുക്കി ചാടി ഇറങ്ങുന്നവരാണ് എന്നുപറഞ്ഞു"

"സാധാരണ ജനങ്ങളിൽ സാമാന്യം ബുദ്ധിയുള്ള ഒരു കൂട്ടരെന്നാണ് അദ്ധ്യാപകന്മാരെപ്പററി ഞങ്ങൾ ധരിച്ചു വെച്ചിട്ടുള്ളതു്......'

"...എന്താ? ആ ധാരണ അക്ഷരംപ്രതി ശരിയല്ലേ?"

"ശരിയല്ലെന്ന് ഞാൻ പറയുന്നില്ല? പക്ഷേ, അവിടുത്തെ 'ഹെഡ്മിസ്ട്ര'സ്സിൻെറ വ്യാഖ്യാനം അതു തെററാണ്. "അറിവില്ലായ്മ" കൊണ്ടാണ് അങ്ങനെ പറഞ്ഞതെന്നു കരുതുവാൻ? 'പു—സാ' ക്കാർ എന്നു പറഞ്ഞാൽ പുരോഗമന സാഹിത്യക്കാർ എന്നാണ് അറിയപ്പെടുന്നതു്. ജീവൽപ്രശ്നങ്ങളുടെ നേർക്കു് അവർ സജീവമായി തൂലിക ചലിപ്പിക്കാറുണ്ട്. ഭൂമിയിൽ സ്പർശിച്ചുനിൽക്കുന്നവരാണവർ—വിശപ്പിൻെറ വിശ്വാസ ആരാധകർ എന്നു പറഞ്ഞാൽ അദ്ധ്വാനിക്കുന്നവൻെറ ചരിത്രം എഴുതുന്നവർ......"

ഇതിനിടയിൽ ആ വീട്ടുകാരിയെ അന്വേഷിച്ചു് രണ്ടു സ്ത്രീകൾ അവിടെ വന്നു, ആ വട്ടമേശയ്ക്കു് അരികിൽ ഒഴിഞ്ഞു കിടന്ന കസാലകളിലായി അവർ ഇരുന്നു. അവർ രണ്ടുപേരും അപരിചിതരായ എന്നെ ആകാംക്ഷയോടു് നോക്കുന്നതു് കണ്ടു് ആ ആതിഥേയ പറഞ്ഞു—:

ആലപ്പുഴയിൽനിന്നും പ്രസിദ്ധീകരണം ആരംഭിക്കുന്ന

"ലോകജനത"

പത്രാധിപർ—എസ്സ്. ഏ. റഹീം.

ഉജ്ജ്വല രാഷ്ട്രീയലേഖനങ്ങൾ, കലാമൂല്യം നിറഞ്ഞ ചെറുകഥകൾ, കവിതകൾ, തൂലികാചിത്രങ്ങൾ, സിനിമാനിരൂപണങ്ങൾ, ഗ്രന്ഥവിമർശനങ്ങൾ......

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

എഴുതുക—മാനേജർ, "ലോകജനത" മുല്ലയ്ക്കൽ-ആലപ്പുഴ.

വികടകേസരി ബോംബെയിൽ K. C. & Bros-ൽ അന്വേഷിക്കുക.

"ഇതു് വേറെ ആരുമല്ല: എന്റെ സ്വന്തമാണ്: ഒരു നല്ല സാഹിത്യകാരൻ"

ഞാൻ അല്പം നിവർന്നിരുന്നു—അപരിചിതരായ രണ്ടുയുവതികളുടെ ആകാംക്ഷയ്ക്കു മുമ്പിൽ ഒരു കലാകാരന്റെ പ്രൌഢി പ്രദർശിപ്പിക്കുന്നതിന്ന് അല്പം അന്തസ്സുണ്ട്. പോരെങ്കിൽ ഞാൻ അവരുടെ സ്വന്തമാണു പോലും! പിന്നെന്തുവേണം? ഞാൻ ഒരു നല്ല സാഹിത്യകാരനായിത്തന്നെ ഇരുന്നു.

"ഞങ്ങളും സ്വന്തമാണ്. സ്വന്തമല്ലാത്തവർ ആരും കാണുകയില്ല—പറഞ്ഞു വരുമ്പോൾ അതു് എവിടെ നിന്നെങ്കിലും വന്നുചാടും. വിശേഷിച്ചും രാജ്യങ്ങളെ തമ്മിൽ തമ്മിൽ ചേരുകയല്ലേ? പിന്നെ യാണോ മനുഷ്യരാശി മുഴുവനും ഒരേരക്തബന്ധത്തിൽ കെട്ടുപിണഞ്ഞു കിടക്കുമ്പോൾ........"

ആഗതരിൽ ചൊടിപ്പുണ്ടെന്നു തോന്നിയ ആ സ്ത്രീ പറഞ്ഞു.

മററവർ അഭിപ്രായപ്പെട്ടു—:

"പിന്നെന്തിനാണീ രക്തവിപ്ലവങ്ങൾ?"

"അതു് മനുഷ്യന്റെ ദൗർബല്യം. മാത്രമല്ല"... ..." ആതിഥേയ പറഞ്ഞു—:

"നാം ഇനിയും പലതും പഠിക്കേണ്ടതുണ്ട്. മനുഷ്യഗോളം ഇന്നും കുറവു നികരാത്തതാണ്. ഇതല്ലരസം. വേറൊരു ന്യൂസുകണ്ടു. ഇംഗ്ലണ്ടിൽ "ഭർത്തൃക്ഷാമം" പോലും ......"

അതുകേട്ടു ആഗതർ പൊട്ടിച്ചിരിച്ചു. അവരുടെ ആ പറച്ചിൽ 'വിയർപ്പിച്ചതു്' എന്നെയാണ്. പോരെങ്കിൽ രണ്ടാമത്തെയവൾ പറയുകയാണ്—

"ഇവിടെ ഭർത്താക്കന്മാർക്ക് യാതൊരു ക്ഷാമവുമില്ല. കണ്ണു് ഒന്നയച്ചാൽ മതി കാക്കക്കൂട്ടങ്ങളെ പ്പോലെ ഭർത്താക്കന്മാർ പറന്നു കൂടും......"

"ഭാര്യമാരും രൂപക്കു ഇത്രയെന്നു ലേലം വിളിക്കുന്ന സ്ഥലങ്ങളും ഇല്ലാതില്ല. മാത്രമല്ല—കണ്ണു് അയക്കാതെ തന്നെ പിടികൂടുന്ന സന്ദർഭങ്ങളും ചുരുക്കവുമല്ല" എന്നു പറയുവാൻ എന്റെ നാവു പൊങ്ങി. പക്ഷേ ......എനിക്കു വല്ലാത്ത ഒരു തലചൊറിച്ചിൽ വന്നു—മൂന്നു അഭ്യസ്തവിദ്യരായ സ്ത്രീകളുടെ ഇടയിൽ ഒരു സങ്കല്പജീവിയായ ഞാൻ എങ്ങനെ സ്വരം ഉയർത്താനാണ്. ആ വട്ടമേശസമ്മേളനം എന്റെ ധമനികളിൽ ചുടുരക്തം പ്രവഹിപ്പിച്ചു. 'എഴുന്നേററു പോയാലോ?' ഞാൻ ആലോചിച്ചു. ഞാൻ ഒരു സാഹിത്യകാരനല്ലേ? അതൊരു 'Indecent' ആയ പ്രവൃത്തിയാണ്.

ഇതിനിടയിൽ ഭാഗ്യം പോലെ എന്റെ പുസ്തകക്കെട്ടിലേക്കു അവരുടെ കണ്ണുകൾ പതിഞ്ഞു—ഔത്സുക്യത്തിന്റെ രജതരശ്മികൾ ആ കണ്ണുകളിൽ നിറഞ്ഞുനിന്നു—ഞാൻ ആ പുസ്തകക്കെട്ടു് അവരുടെ മുൻപിലേക്കു നീക്കിവെച്ചു. പെട്ടെന്നു് ഒരുവൾ ചോദിച്ചു—:

"എന്തു കെട്ടാണതു്"

"കുറച്ചു പർപ്പടകം" ഞാൻ പറഞ്ഞു—"വീട്ടിൽ സാധാരണ കറികളെക്കാളും പ്രാധാന്യം പർപ്പടകത്തിനാണ്"

"അതു് ഇത്രയും ഒരുമിച്ചു വാങ്ങാറുണ്ടോ"

"ഒരു പ്രത്യേകസൈസ്സ്; ആഡർ കൊടുത്തു പ്രത്യേക ബ്ളാക്കിൽ ചെയ്യുകയാണ്. കുറെ കൂടുതലെടുത്താൽ വിലക്കുറവും കിട്ടും."

"എനിക്കും വലിയ ഇഷ്ടമാണ്. വലിയഇഷ്ടം. ഞാൻ സ്കൂളിൽ പോകുമ്പോൾ നല്ല പർപ്പടകത്തിന്നു് ആഡർ കൊടുത്തിട്ടാണ് പോകുന്നതു്. തിരിച്ചുവരുമ്പോൾ എനിക്കുവേണ്ടി പ്രത്യേകം തയ്യാറാക്കി തരും. പർപ്പടകമില്ലാതെ ഞാൻ ഒരു ദിവസം പോലും ഊണു കഴിക്കുകയില്ല."

"അപ്പടീ! പർപ്പടകക്കാരീ!! നീ ആൾ ബഹുകേമി തന്നെ." വീട്ടുകാരിയുടെ ശബ്ദമായിരുന്നു അതു്.

"ഈ കെട്ടൊന്നിനു എന്താവില"

എന്റെ ചുണ്ടുകളിൽ 'ഒന്നേകാൽരൂപ' അറിയാതെ പൊടിഞ്ഞു പോയി.

"അതിന്റെ സൈസ്സ് ഒന്നു കാണാമോ."

"ഇവിടെ സൈസ്സ് കാണിപ്പില്ല" വീട്ടുകാരി ഇടയ്ക്കുകയറി പറഞ്ഞു.

"കാണണമെന്നില്ല" ഒരുവൾ അഭിപ്രായപ്പെട്ടു-


## ഹോട്ടൽ മദനാ

കേശവദാസപുരം ജംഗ്ഷൻ — തിരുവനന്തപുരം.

ഇവിടെ ബ്രാഹ്മിൻസ് മീൽസും കാഫിയും കാളേജ് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം പ്രത്യേകം മിതമായ റേററിൽ തയാർ ചെയ്തിട്ടുണ്ട്. കൂടാതെ ഡിന്നർപാർട്ടി, സ്പെഷ്യൽ ആർഡേഴ്സ് ഇവ വളരെ രുചിയായും മിതമായുമുള്ള റേററിൽ ക്ലിപ്തസമയത്തു തയാർ ചെയ്തു കൊടുക്കപ്പെടും.

മാനേജർ.

N. B. Preparation by Harippadu Krishnayyar and Party

അവർ രണ്ടുപേരുമായി ആ പൊതിക്കെട്ടു് അഴിച്ചു—പെട്ടെന്നു് ആശ്ചര്യത്തോടെ:—

"ഇതു് വെറും പുസ്തകങ്ങളല്ലേ? പുസ്തകങ്ങൾ!"

ഞാനൊന്നു കുഴഞ്ഞുപോയി-വീട്ടുകാരി പറഞ്ഞു-

"എന്നാൽ കെട്ടുമാറിപ്പോയതാ"

അവർ അറിയുന്നില്ല—ആ ഗ്രന്ഥത്തിന്റെ ഗ്രന്ഥകർത്താവു് ഞാനെന്ന പരമാർത്ഥം. ഞാനൊന്നു പുളിച്ചുപോയി. വല്ലവിധേനയും പുസ്തകങ്ങളെയും കൊണ്ടു് വെളിയിൽ കടന്നാൽ മതിയെന്നു് എന്റെ അന്തഃക്കരണം പ്രേരിപ്പിച്ചു-

"എനിക്കു സാഹിത്യമേ ഇഷ്ടമില്ല" ഒരുവൾ അഭിപ്രായപ്പെട്ടു—

അവർ എന്റെ മുഖത്തു നോക്കി- എന്റെ നിസ്സഹായമായ ഇരുപ്പും വിളറിവെളുത്ത മുഖവും പെട്ടെന്നു് ഒരു മനച്ചാഞ്ചല്യം അവരിൽ ഉളവാക്കി;

"അപ്പോൾ ഇദ്ദേഹം" അവർ എന്റെ കാര്യം അറിയുവാൻ വീട്ടുകാരിയുടെ മുഖത്തു നോക്കി-

വീട്ടുകാരി പറഞ്ഞു-

"ഇദ്ദേഹമാണു് ഇതിന്റെ ഗ്രന്ഥകർത്താവു്"

അപ്പോൾ ആ യുവതികളുടെ മുഖമൊന്നു കാണേണ്ടതു തന്നെയായിരുന്നു- ഏതോ അപരാധബോധത്താലെന്നപോലെ ആ കണ്ണുകൾ അലസങ്ങളായിപ്പോയി—

"ഇദ്ദേഹത്തിന്റെ കഥകളും—കവിതകളും നിങ്ങൾ പത്രങ്ങളിൽ വായിച്ചിരിക്കും. ഇദ്ദേഹത്തിന്റെ പുസ്തകങ്ങൾ എല്ലാംതന്നെ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളവയാണു്—"

"ഇദ്ദേഹത്തിന്റെ പേരു്—"

"മിസ്റ്റർ കൊച്ചുണ്ണി—"

"ക്ഷമിക്കണം മിസ്റ്റർ കൊച്ചുണ്ണി, ഞങ്ങൾ നിങ്ങളെ കേട്ടിട്ടുണ്ടു്. മാത്രവുമല്ല, നിങ്ങളുടെ പല കഥകളും വായിച്ചിട്ടുമുണ്ടു്. അതിൽ "തങ്കത്തിന്റെ കണ്ണു്" ഞങ്ങളെ വളരെ ആകർഷിച്ചിട്ടുമുണ്ടു്—"

അവർ രണ്ടുപേരും ഒരുമിച്ചു പറഞ്ഞു—"നിങ്ങളെ ഇരുത്തി ആളറിയാതെ ഞങ്ങൾ പരിഹസിച്ചതിനു് മാപ്പു ചോദിക്കുന്നു."

"അത്രയ്ക്കൊന്നും നാം സംസാരിച്ചില്ലല്ലോ" ഞാൻ അവരെ സാന്ത്വനപ്പെടുത്തി.

ഞാൻ കോരിത്തരിക്കുംവണ്ണം അവർ പറഞ്ഞു-

"ഇത്രയും പുസ്തകങ്ങൾ ഒരുമിച്ചു ഞങ്ങൾ വിററുതരാം. ഞങ്ങളുടെ "മഹിളാലയ" ത്തിൽ തന്നെ നൂറിൽപരം പുസ്തകങ്ങൾ വില്ക്കുവാൻ ഒരു പ്രയാസവുമില്ല... ..."

അവരുടെ ആ പ്രഖ്യാപനത്തിൽ എനിക്കു യാതൊരു വിശ്വാസക്കുറവും ഉണ്ടായില്ല.

വീട്ടുകാരി ആ അഭിപ്രായത്തോടു് പരിപൂർണ്ണമായി യോജിച്ചു---

അഭിമാനത്തിന്റെ അഗ്രകോടിയിൽ ഇരുന്ന ഞാൻ പുളകം കൊണ്ടു-

"കേട്ടോ സർ!" അവർ എന്നോടായി പറഞ്ഞു-

"നിങ്ങൾ അറിഞ്ഞുകാണുമല്ലോ? ഞങ്ങളെല്ലാം ഒററക്കെട്ടായി നിന്നു്-ഞങ്ങളുടെ അവകാശങ്ങൾക്കും-സ്വാതന്ത്ര്യത്തിനും വേണ്ടി പൊതുജനമദ്ധ്യത്തിൽ ശബ്ദമുയർത്താൻ തീരുമാനിച്ചിരിക്കുകയാണു്...."

"വളരെ സന്തോഷം. എന്റെ അകമഴിഞ്ഞ ആശംസകളും—അനുമോദനങ്ങളും..." ഞാൻ അറിയിച്ചു-"ഈ രാജ്യത്തു് ഏററവും ശക്തിയുള്ള ഒരു കൂട്ടരാണു് സ്ത്രീകൾ"

ഞാൻ തലയാട്ടി—

അവർ തുടർന്നു—:

"വോട്ടർമാരിലാണെങ്കിൽ ഭൂരിപക്ഷമാണവർ-പൊതുക്കാര്യങ്ങളിലാണെങ്കിലും—വളരെ ചുമതലയോടെ പ്രവൃത്തിക്കുന്നവരാണവർ! തൊഴിലാളികളിലും ഒരു വലിയ പങ്കു സ്ത്രീകളാണു്? അദ്ധ്യാപക വൃത്തിയിലും നേഴ്സിംഗിലും അവരുടെ സേവനം വളരെ മെച്ചപ്പെട്ടതുമാണു്. അങ്ങനെ എല്ലാ തുറകളിലും പ്രവൃത്തിക്കുന്ന അവക്കു് ശരിയായ അടിസ്ഥാനത്തിൽ സ്ത്രീകളുടേതുമാത്രമായ ഒരു സംഘടന ആവശ്യം വേണമെന്നു ഞങ്ങൾ തീരുമാനിച്ചു. അതിൽ നിങ്ങളുടെ സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ടു്."

"ഒരു ശങ്ക എനിക്കുണ്ടു്. പുരുഷന്മാരുമായിട്ടുള്ള ബന്ധം തകർക്കുന്നതിനുവേണ്ടിയുള്ള ഒരു സംഘടന ആകരുതെന്നുമാത്രം—ഒന്നുകൂടി—

നിങ്ങൾ തമ്മിൽ ആശയവിനിമയങ്ങൾ ആ സംഘടനവഴി കൈകാര്യംചെയ്തു്—സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി—നിങ്ങളിൽ ഇന്നുകാണുന്ന പരസ്പര വിദ്വേഷങ്ങൾ നീക്കുന്നതിനുവേണ്ടി—

ഏററവും യോഗ്യതയും-വിദ്യാഭ്യാസവും-സംസ്കാരവുമുള്ള വനിതാരത്നങ്ങളായി നിങ്ങൾ ഉയരുന്നതിനു് ഏററവും പ്രയോജനമുള്ള ഒരു സംഘടനയായി ആ സംഘടനയെ ഉയർത്തുന്നതിൽ എത്രയേറെ ആഹ്ലാദകരമാണെന്നോ ഞങ്ങൾക്കുള്ളതു്. നിങ്ങളുടെ സംഘടന പരിപാവനമായിരിക്കട്ടെ" ഞാൻ ആശീർവദിച്ചു.

"വീണ്ടും നമുക്കു കാണാം" അവർ യാത്രപറഞ്ഞു.

ആ യുവതികൾ രണ്ടുപേരുംകൂടി "നന്ദിയും സ്നേഹവും" ചുമന്നുകൊണ്ടുപോയ കാഴ്ച ഹാ! അവർ എത്രമാത്രം 'നന്ദി' യെ അർഹിക്കുന്നു. അവർക്കും എനിക്കും ഇടയ്ക്കുള്ള ആ ബന്ധത്തിനു ദൈവീകമായ ചൈതന്യം തളിച്ചു് ഞാൻ 'സ്നേഹ' മെന്നു നാമകരണം ചെയ്യുന്നു?

"നിങ്ങൾ എന്തു പറയുമോ എന്തോ?"

——

വികടകേസരി മദ്രാസിൽ M. S. നായർ P. W. D. കാൻറീനിൽ കിട്ടുന്നതാണു്.

# നമ്മുടെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ

[ബി. നാരായണപിള്ള, ദക്ഷിണഭാരതി പത്രാധിപർ]

നമ്മുടെ രാജ്യം പലതിലും പ്രസിദ്ധമായതാണു്. ഉദ്ഗ്രന്ഥശാസ്ത്രിയെ അടിയറവെയ്പിച്ച ഉണ്ണിനീലി, വിവേകാനന്ദനെ വിസ്മയിപ്പിച്ച കുഞ്ഞൻപിള്ള ചട്ടമ്പി, മഹാത്മാഗാന്ധിക്കു് ജാതിസംബന്ധിച്ച ചില ഇരുണ്ട സംഗതികൾക്കു് വെളിച്ചം നൾകിയ ശ്രീനാരായണഗുരു, ലണ്ടൻ പ്രിവികൌൺസിലിനു് ഒരു ദത്തുകേസുസംബന്ധിച്ചു് മാർഗ്ഗദർശനം നൾകിയ തിരുവിതാംകൂർ ഹൈക്കോടതിയിലെ തമ്മൻകേസു് ജഡ്ജ്മെൻറു്, സുബാഷ് ചന്ദ്രബോസിൻെറ പ്രകീർത്തനത്തിനു് പാത്രവാനായ വേലുത്തമ്പിദളവാ, ബുദ്ധിരാക്ഷസനും വേദാന്ത പാരംഗതനുമായ ശ്രീ ശങ്കരൻ, യൂറോപ്യൻരാജ്യക്കാർ ആശ്ലേഷിച്ച ചിത്രമെഴുത്തു് കോയിത്തമ്പുരാൻ എന്നീ പൂജ്യപാദന്മാരുടേയും പുണ്യശ്ലോകന്മാരുടേയും ജനനത്താൽ പവിത്രീകൃതമായ തിരുവിതാംകൂർ ഇന്നു് എങ്ങനെയിരിക്കുന്നു എന്നുള്ളതു് ഒരു പ്രധാന ചോദ്യമാണു്. ഇവിടെ ഇപ്പോഴും കേമന്മാർക്കും കേമികൾക്കും കുറവില്ല. കംസജരാസന്ധശിശുപാലന്മാർ ഇവിടുണ്ടു്. രാവണന്മാരും ഇരവാന്മാരും ഇന്ദ്രന്മാരും ഇല്ലെന്നു് പറഞ്ഞുകൂടാ. ദമയന്തിയും നളനും, ലൈലയും കയായും, റോമിയോയും ജൂലിയട്ടും ഇവിടിപ്പോഴുള്ള മാതൃകാദമ്പതിമാരെനോക്കി അസൂയപ്പെടുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലുള്ള പത്രാധിപപുംഗവന്മാരുണ്ടായിരുന്നെങ്കിൽ ഇന്നു് രാഷ്ട്രീയത്തിൻെറ എ. ബി. സി. അറിഞ്ഞുകൂടാത്ത പത്രാധിപന്മാരുണ്ടു്. ജസ്റ്റീസു സദാശിവൻപിള്ള, സദാശിവയ്യർ, കരിമ്പാറ രാമൻമേനോൻ എന്നീ മാതൃകാ ന്യായാധിപന്മാരുണ്ടായിരുന്നെങ്കിൽ അവരുടെ കാററടിച്ചിട്ടുള്ളവരിന്നില്ലെന്നു് പറഞ്ഞുകൂടാ. അനീതിയോടു് ആമരണം അടരാടിയ ദേശഭക്തന്മാർ പണ്ടിവിടെ ഉണ്ടായിരുന്നെങ്കിൽ ഇന്നും അല്പം ഡിഗ്രി കുറഞ്ഞെങ്കിലും കുറെപ്പേർ ദേശബന്ധുക്കളായികാണും. പണ്ടു് രാജ്യവാസികൾ ജാതി ഭാഷാ വ്യത്യാസമില്ലാതിരുന്നുവെങ്കിൽ ഇന്നു് അതൊക്കെ വിതുമ്പിനില്ക്കയാണു്. വേലുത്തമ്പിയുടേയും രാജാകേശവദാസൻെറയും രക്തമാണു് പണ്ടത്തെ നായന്മാരിൽ പ്രസർജ്ജിച്ചിരുന്നതെങ്കിൽ ഇന്നു് ആ വീരപുരുഷൻമാരുടെ മൂത്രമാണു് ഇപ്പോഴത്തെ നായന്മാരുടെ സിരകളിൽ ഓടുന്നതെന്നു് ബുദ്ധിമാനായ "കേരളകൌമുദി" പത്രാധിപർ കണ്ടുപിടിച്ചിരിക്കുന്നു. ഇന്നത്തെ നായന്മാർ അവനവനിസക്കാരും, അംബരചുംബികളായ വെവറം ആദർശങ്ങൾ പുലമ്പിക്കഴിയുന്നവരും, പണ്ടത്തെ പ്രതാപഗാനത്തിൻെറ മന്ത്രമാധുരിയിൽ മതിമറന്നു് കഴിക്കുന്നവരുമാണെന്ന ഒരു പരോക്ഷസൂചനയാണു് "കൌമുദി" നൾകിയിരിക്കുന്നതു്. കൈരളീദേവിക്കു് കമനീയമായ കനകാഭരണങ്ങൾ അണിഞ്ഞുകൊണ്ടിരുന്ന കുഞ്ഞിക്കുട്ടിത്തങ്കച്ചി, സാഹിത്യപഞ്ചാനനൻ, കേരളസ്കാട്ടായ സി. വി., കേരളവമ്മ, ഏ. ആർ. തിരുമേനി, ഈ. വി. തുടങ്ങിയ സാഹിത്യതല്ലജങ്ങൾ തഴച്ച തിരുവിതാംകൂറിലാണെങ്കിലിന്നു് ഏതുതരം സാഹിത്യകേസരികളും വിട്ടുവഷിലലാമങ്ങളുമാണുള്ളതെന്നു് സകലക്കും അറിയാം. പണ്ടത്തെ തൊഴുത്തിൽകുത്തു് നായന്മാർ ഇനിയും വിട്ടിട്ടില്ല. അലസതാസ്വയംബരം അതിമോടിയിൽ നടത്തുന്നതി

**P. M. C. Subramonian Chettiar**

**ARTISTIC JEWELLERS**

**CHALAI, TRIVANDRUM.**

For Fashion Jewellery in gold and silver at reduced rates.

PHONE: **2824.**

ലുള്ള വൈദഗ്ദ്ധ്യം വെടിഞ്ഞിട്ടില്ല. നിബിരീസമായ കബരീഭാരത്താൽ പരിലസിച്ചിരുന്ന ലാവണ്യധാമങ്ങൾക്ക് പകരം ഇന്നു മുടി ക്രാപ്പ് ചെയ്യുന്ന യുവതികളേയും, "ചേലകെട്ടിനമാതരുക" ളേയുമാണ് കാണുന്നത്. സന്ധ്യാസമയത്ത് രാമനാമം ജപിച്ച് ആത്മീയാന്തരീക്ഷത്തിൽ വിഹരിച്ചിരുന്ന നായർ ഭവനങ്ങളിലിപ്പോൾ സിനിമാ പാട്ടുകളും, കമ്മ്യൂണിസപടക്കം പൊട്ടിപ്പുകളും ഒക്കെ സർവ്വസാധാരണമാണ്. വിദേശങ്ങളിൽ കുറെ നായന്മാർ, വി. കെ. മേനോൻ, സർദാർ പണിക്കർ, കെ. പി. എസ്സ്. മേനോൻ, നെടിയംവീട്ടിൽ രാഘവമേനോൻ തുടങ്ങിയ പ്രശസ്തന്മാരുണ്ടെന്ന മെച്ചമുണ്ട്. സമുദായദ്യോവിലെ ധൂമകേതുക്കൾ വർദ്ധിച്ചു വരുന്നു. "അന്നംപോട്ട വീട്ടിലെ കന്നം വയ്ക്കും പാപികൾ" അഥവാ ചോറിട്ട കൈയ്ക്ക് കടിക്കുന്ന പാപികൾ, കോമാളിത്തം കാട്ടും കാളിക്കൂളികൾ, അന്നനട നടക്കുന്നു. "ഉള്ളൊൻറ് വെത്ത് പുറമ്പൊൻറ് പേശും മനുഷ്യപ്പശുക്കൾ മിന്നിമദിക്കുന്നു. കാപട്യത്തിന്റെ കലവറകളാണ് അധികം പേരും. പുരോഗമനത്തിന്റെ പുറം ചട്ടയുമിട്ട് പുറത്തു വരുന്ന അവനവനിസക്കാർ നർത്തനം ചെയ്യുന്നു. പ്രിയതമയുടെ ഗുണഗണാതിശയങ്ങളെ വാനോളം വാഴ്ത്തുന്ന ആൺകോന്തന്മാരായ ചില എം. എൽ. എ. മാർ, മന്ത്രിപുംഗവന്മാരുടെ പാദപാരിജാതപരിസരപരിരംഭണത്തിന് നാണമില്ലാതെ ആഞ്ഞെത്തുന്നു. രാഷ്ട്രീയ മീമാംസാ ചൂഡാമണികളായ ചില പൊതുക്കാര്യപ്രസക്തന്മാർ രാജ്യത്തെ ഉൽക്കർഷോന്മുഖമാക്കാനെന്ന വ്യാജേന നക്കാപ്പിച്ചക്ക് ശ്രമിക്കുന്നു. മി. ഏ. നേശമണിയുടെ വിദ്യാശിക്ഷണത്തിലും, വിസ്തൃതവീക്ഷണകോണത്തിലും, അയത്നസ്വാധീനതയിലും അടരാടുന്ന 'കുടം' പാർട്ടിക്കാർ മലയാളിവേട്ടയും മലയാളഭസനവും കുത്സിതമായി നടത്തുന്നു. കാൺഗ്രസ്സ് ഭരണത്തിൽ ഒതുങ്ങാത്ത ദുരിതങ്ങൾ ജനങ്ങളെ അനുധാവനം ചെയ്യുന്നുണ്ട്. ഇവിടത്തെ കാൺഗ്രസ്സ് വൃക്ഷത്തെ നട്ടുവളർത്തിയ പട്ടത്തിന്റെ ഹൃദയം നിരാശയുടെയും ദുഃഖത്തിന്റെയും ചൂളയിൽ നീറുകയാണ്. മി. കുമ്പളമാകട്ടെ അനന്തവും അജ്ഞാതവും, അവർണ്ണനീയവുമായ പ്രപഞ്ചത്തിന്റെ മിഥ്യയെയും, വിത്തത്തിന്റെ മിഥ്യാത്വത്തെയും, ഗുസ്തിയുടെ പ്രാധാന്യത്തെയും ചിന്തിച്ചു ചിന്തിച്ച് ശശിരമഥിതയായ താമരപൊയ്കപോലെ കഴിയുന്നു. സീൽകാരസുഭഗവും ഭ്രൂഭംഗസുന്ദരവുമായ ചില രസങ്ങളിൽ വിലീനനായ മി. ഇലങ്കത്ത് ചവറ ഉപതിരഞ്ഞെടുപ്പിലെ തോൽവിയെ ചിന്തിക്കയാണ്. തത്വപ്രകാണ്ഡങ്ങളെ ഉദ്ഗീരണം ചെയ്യുന്ന മന്ദ-ശങ്കരന്മാർ ഹിന്ദുമഹാമണ്ഡലഭാണ്ഡത്തെ കാൺഗ്രസ്സിനെ ഏല്പിച്ചു കഴിഞ്ഞതിനാൽ അവരുടെ നിരർത്ഥക്രജനങ്ങളെയും ഢീംപ്രാക്കുകളേയും ആരും വകവെയ്ക്കുന്നില്ല. മാർഷൽ നേശമണിയുടേയും ലിപ്പ്സ്റ്റിക്ക്ഫേം റസ്സാക്കിന്റെയും, "ഗന്ധനോഭംഗത്തിനു മന്ദാരമകരന്ദമുണ്മയിൽ നിറച്ചോരു രത്നസംപുടംപോലെ" യെന്ന് കാർത്തികേയൻ വർണ്ണിച്ച സി. കേശവന്റെയും "ഠാഠേ" കളേയിപ്പോൾ കേൾക്കാനില്ല. ഒരു എക്സ് മന്ത്രി ശ്രീമതി അക്കാമ്മാചെറിയാന്റെ പുറകെ സിനിമാക്കമ്പനിക്ക് ഷെയർ പിരിക്കാൻ ഉദാത്തവും ഉന്നതവുമായ ഉത്തുംഗാദർശങ്ങളും വികരണം ചെയ്തുകൊണ്ട് നടക്കയും 'നീതിമാൻ' പത്രത്തിന്റെയും, "ഈ. വി." മാസികയുടേയും, കോട്ടയം "പത്രിക" യുടേയും താഡനമേറ്റ് ചീറുകയാണ്. ഡിമാലഗുണ്ടർ പ്രസംഗപടക്കങ്ങളൊന്നും പൊട്ടിക്കാതെ എക്സ് മന്ത്രിമാരായ മി. എൻ. കുഞ്ഞുരാമനും മി. ഈ. കെ. മാധവനും 'എന്തിനിനിഞാനിരുപ്പൂ, എന്തിനിനി ഞാൻ സുഖിപ്പൂ, ചന്തമേറിട്ടും മന്ത്രിണിയേ; ചാരുമതി നേർമുഖിയേ" എന്ന ഗാനാലാപം നടത്തി പ്രമുദിതമാനസരായി കഴിയുകയാണ്. "നിത്യവുമോരോന്നു നാം ചെയ്യാനുറയ്ക്കുന്നു; സത്യസ്വരൂപനോ ഹന്ത, താറുമാറാക്കീടുന്നു" എന്നാണ് പ്രധാനമന്ത്രി മി. ഏ.ജെ. ജാൺ പറയുന്നത്. "ഇന്നത്തെ നേതാക്കന്മാരെ ഭരണചക്രം തിരിക്കാൻ ഇനി അനുവദിക്കാതെ ഇന്ത്യൻ പ്രസിഡൻറ് ഭരണം ഏറ്റെടുക്കണം എന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം." എന്നു 1127 മകരം 6-ാം നു- ലെ കോട്ടയം "പത്രിക" പറയത്തക്കവണ്ണം ഇവിടത്തെ കാൺഗ്രസ്സ് ഭരണം അത്ര മെച്ചമായിട്ടുണ്ടെന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ.


— ഉത്തരവാദിത്വമുള്ള വെങ്കലപാത്രങ്ങൾ —

ന്യായമായ വില! മിതമായ വില!

ചെമ്പ്, പിത്തള, ഓട്ട് തുടങ്ങിയ എല്ലാ പാത്രങ്ങളും മിതമായവിലയ്ക്ക് വിററുവരുന്നു.

N. B. ഞങ്ങളുടെ പക്കൽനിന്നും വാങ്ങുന്ന പാത്രങ്ങൾക്ക് കേടുള്ളപക്ഷം ബിൽസഹിതം തിരിച്ചുകൊണ്ടുവന്നാൽ വേറെ പാത്രമോ രൂപായോ മടക്കിക്കൊടുക്കുന്നതാണ്.

എസ്. ശിവതാണുപിള്ള, വെങ്കലപാത്രവ്യാപാരം, ചാല തിരുവനന്തപുരം.

Visit മോഡേൺഹോട്ടൽ—എവിടെ? പുനലൂർ.

പരസ്യം 1

**500000 കാണാൻകൊള്ളാവുന്ന പെൺകുട്ടികളെ**

## ഉടനെ ആവശ്യമുണ്ട്

ചിങ്ങമാസത്തിൽ തിരുവനന്തപുരത്തുനിന്നും സമാരംഭിക്കുവാൻ പോകുന്ന പുതിയ ഡിപ്പോയിൽ വിവിധ വേലകൾ കാണിക്കുന്നതിന്.

ഗണികാലയം
പുത്തൻചന്ത, തിരുവനന്തപുരം.

പരസ്യം 2

കേരളീയഗണികാലയലോകത്തിലെ

## മറെറാരു മഹൽസ്ഥാപനം—

റേററിലും പ്രവൃത്തിയിലും വമ്പിച്ച പരിവർത്തനം.

എല്ലാം പുതിയത് — ചൂട് — ചൂട് —

* അർദ്ധരാത്രിയുടെ അന്ത്യയാമത്തിലും ടിക്കററ് നൽകപ്പെടും—

* മാന്യതയുടെ മൂടുപടമണിഞ്ഞവർക്ക് വീട്ടിൽ കൊണ്ടെത്തിയ്ക്കും—

ആരെല്ലാം?———എപ്പടി——എങ്ങിനെ?

ഒരുദിവസം സന്ദർശിക്കുക—സിലോണിലേക്ക്—

പാസ്പോർട്ട് കിട്ടിയില്ലെങ്കിലും രക്ഷപ്പെടാം—

മിതമായ നിരക്ക്—

**മാനേജരുടെ Special-ന് പ്രത്യേക നിരക്ക്**

250-രൂപാ ഡിപ്പോസിററ് വയ്ക്കുവാൻ കഴിവുള്ളവർക്ക് മുൻഗണന—

അപേക്ഷിക്കേണ്ടും മേ: വി.
ഗണികാലയം—പുത്തൻചന്ത
തിരുവനന്തപുരം.

വികടകേസരി ഒററപ്രതി ഡൽഹിയിൽ ന്യൂടെയിലറിംഗ് ഷാപ്പ്
മി. K. രാഘവൻവശം നിങ്ങൾക്കു കിട്ടുന്നതാണ്.

# സ്ത്രീകൾക്കു മാത്രം

S. S. L. C., Madras Matric എന്നീ തുല്യപരീക്ഷകൾ ജയിച്ച് പല കാരണങ്ങളാലും കാളേജിൽ പോയി വിദ്യാഭ്യാസം നിർവ്വഹിക്കാൻ സാധിക്കാതെ വിഷമിക്കുന്നവർക്കു സ്വന്ത സ്ഥലത്തു താമസിച്ചു അന്യാശ്രയമെന്യേ, സ്വന്തജോലികൾക്കു യാതൊരു തടസ്സവും കൂടാതെ Intermediate, B. A. M, A. എന്നീ ഉന്നത പരീക്ഷകൾ ജയിക്കാം. ഈ ബിരുദങ്ങൾ എല്ലാ ഗവർമ്മെണ്ടുകളും സർവ്വകലാശാലകളും അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരത്തിനു 8ണ. സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

മാനേജർ, **കേംബ്രിഡ്ജ് കാളേജ്,**
(V. K.) തിരുവനന്തപുരം.

ഇക്കഴിഞ്ഞ പരീക്ഷയ്ക്കുചേർന്ന് പ്രശസ്തമായ വിജയം വരിച്ച ഞങ്ങളുടെ വിദ്യാർത്ഥിനികൾ എന്തു പറയുന്നുവെന്നു നോക്കുക.

From:
Mrs. ROSE CHACKO,
Puthenpurackal, Maramon.

To: The Manager,
THE CAMBRIDGE COLLEGE, Trivandrum.

Dear Sir, Maramon, 3-6-1952.

With pleasure, I write to inform you that I received information from the Nagpur University, that I have passed the Intermediate Examination for which I got efficient tuition from your College. My heart goes out to thank you most stincerely for all the services that you have rendered me in securing this certificate.

May I take this opportunity to congratulate you for the most valuable service hat you are doing in the field of education in this new epoch of Arsha Bharatha. Your College is a great help to many especially those of my type who had bid fa re-well to schools and entered matrimonial life. May God help and bless your institution to do more and more service.

Yours faithfully,
(Sd.) Rose Chacko.

---

Naduvathara Estate,
Kanakappalam, Travancore.
Dated 9 th June 1952.

Dear Sir,

First of all please excuse me for not writing to you earlier. I was so busy at home that I had no time to write to you.

I have much pleasure to inform you that I have passed the B. A. Degree Examination of the Nagpur University. Most of the private students who appeared with me, as far as I know, have failed. So it is really your coaching which helped me to pass. I thank you ever so much for helping me to secure the Degree which I longed to have.

Thanking you,

I am,
Yours truly,
(Sd.) Achamma Punoose.

വികടകേസരി ബാംഗ്ളൂർസിററിയിൽ മലബാർ ഹോട്ടലിൽ ഒററപ്രതി കിട്ടുന്നതാണ്.

ശ്രീ. എം. എം. ജോസഫ് (മണർകാട്ട് കുഞ്ഞു്) അവർകളുടെ
മഹനീയ ഉടമസ്ഥതയിൽ നടത്തിവരുന്ന

# — പാലാ ഐക്യകേരള സംഗീത നടന സഭയുടെ —

ന വ വ ത്സ രോ പ ഹാ രം.

മനുഷ്യജീവിതത്തിലെ നിത്യസത്യങ്ങളെ ചൂണ്ടികാണിക്കുന്ന ഏക സംഗീത നാടകം.

# "വൈരുദ്ധ്യം"

(By നാഗവള്ളി ആർ. എസ്സ്. കുറുപ്പ്)

ഗാനങ്ങൾ:—By അഭയദേവ് and S. L. പുരം സദാനന്ദൻ.

ശ്രീകൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

★

സമതിഅംഗങ്ങൾ:-

ബ്രഹ്മശ്രീ
S. D. സുബ്ബയ്യാ ഭാഗവതർ

മടവൂർ ഭാസ്കരൻനായർ B. A.

ചേർത്തല S J. ദേവ്

കുഞ്ഞിപ്പാടം
രാഘവപണിക്കർ

കാലാക്കൽ കുമാരൻ

അപ്പച്ചൻ മണർകാട്ട്

★



ഓമല്ലൂർ ചെല്ലമ്മ

അമ്പലപ്പുഴ മീനാക്ഷി അമ്മ

,, രാജമ്മ

◆

പശ്ചാത്തലസംഗീതം:

കെ. എസ്. കുട്ടപ്പൻ
ഭാഗവതർ

മൃദംഗം:- മാസ്റ്റർ ചിന്നകുട്ടൻ

ക്ലാർനറ്റ്:-
പാപ്പച്ചൻ ചങ്ങനാശേരി

*

ചരിത്രം സൃഷ്ടിക്കുന്ന നാടക കലാശില്പം—യാഥാർത്ഥ്യങ്ങളുടെ നഗ്നചിത്രീകരണം—
ഇരുട്ടും വെളിച്ചവും തമ്മിലുള്ള സംഘട്ടനം.

| | |
|---|---|
| പ്രൊപ്രൈറ്റർ:— | എം. എം. ജോസഫ് (കുഞ്ഞു് മണർക്കാട്ട്) പാലാ. |
| സിക്രട്ടറി:— | മേക്കാട്ട് രാമകൃഷ്ണപിള്ള കിടങ്ങൂർ. |
| ജനറൽ മാനേജർ:— | ഡാക്ടർ മദനൻപിള്ള കൊല്ലം. |
| മാനേജർ:— | പാപ്പച്ചൻ വട്ടക്കുന്നേൽ പാലാ. |

For Booking apply to:— Quilon & Trivandrum (dist) ജനറൽ മാനേജർ.
Camp: Quilon, Kottayam, Trichur and Malabar.

മാനേജർ, **പാലാ ഐക്യകേരള നടനസമിതി ആഫീസ്, പാലാ.**

സമിതിയുടെ മററു നാടകങ്ങൾ:—

1. വിയർപ്പിൻെറ വില 2. ഗ്രാമീണഗായകൻ (ജി. എൻ. പണിക്കർ.

Regd. No. M. [illegible] VIKATAKESARY (As. 8) Dated [illegible]


കേരളീയർ വളരെക്കാലമായി ആകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്ന അത്ഭുതകലാസൃഷ്ടി!

— ഇതാ പ്രദർശനത്തിന് തയാറായിരിക്കുന്നു —

★ ചന്ദ്രാ പിക്‌ചേഴ്സ് ★

# “ജനോവ”

(മലയാളം)



എം. ജി. രാമചന്ദ്രൻ, ബി. എസ്സ്. സരോജാ, എം. ജി. ചക്രപാണി, സ്നേഹലത, ധർമ്മരാജ്, എസ്സ്. പി. പിള്ള മുതലായവർ നടിച്ചിട്ടുണ്ട്.

സ്റ്റുഡിയോ—ന്യൂട്ടോൺ ഡയറക്‌ഷൻ—എഫ്. നാഗൂർ

— ഉടൻ പ്രതീക്ഷിപ്പിൻ —

എന്നസ്സ്‌കെ ഫിലിംസ് “പണം”, “തോട്ടക്കാരൻ”.

മേഘലാ പിക്‌ചേഴ്സ് “നാം”

RADHAKRISHNA FILMS LTD.
RELEASE.


Edited Printed and Published by Ulloor R. Krishnan Nair at the Bharathy Printing Works, Kythamukku, Tvm.